
# TRICHUR ARCHDIOCESAN BULLETIN

മാർച്ച് 2026 | വാല്യം: 93 | ലക്കം: 03




പിടിക്കപ്പെട്ട വ്യഭിചാരിണി (യോഹ 8,7)

*From* : Editor, Trichur Archdiocesan Bulletin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542



പൗരോഹിത്യ സ്വീകരണത്തിന്റെ
സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്ന

**അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്**

**പ്രാത്ഥനാശംസകൾ**

Trichur
Archdiocesan
Bulletin
TAB

ESTD:1934

**മാർച്ച് 2026**

ലക്കം: 03 | വാല്യം: 93

03

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Shijo Chiriyankandath**

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| ഇടയലേഖനം | 04 |
| സർക്കുലർ | 09 |
| കച്ചേരിക്കാര്യം | 17 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 35 |
| സഹായമെത്രാന്റെ പരിപാടികൾ | 36 |
| നാളാഗമം | 37 |
| നാമകരണ നടപടികൾ | 44 |
| വൈദികർ | 48 |
| സന്യസ്തർ | 51 |
| വിശ്വാസ പരിശീലനം | 59 |
| സ്ഥാപനങ്ങൾ | 75 |
| സംഘടനകൾ | 94 |

# ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

635/ 2026 / 17.02.2026 PL-1/2026

## നോമ്പുകാലം

''വരുവിൻ, നമുക്ക് രമ്യതപ്പെടാം'' (ഏശയ്യാ.1:18). ''നിങ്ങൾ ദൈവത്തോടു രമ്യതപ്പെടുവിൻ. ഇതാണ് ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് അപേക്ഷിക്കുന്നത്'' (2 കോറിന്തോസ് 5:20).

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ, കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും കരുണയും സമാധാനവും നിങ്ങളോടൊപ്പമുണ്ടാകട്ടെ!

ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം 2025 ൽ ക്രിസ്തുജയന്തി ജൂബിലി ആചരിച്ച നാം പ്രത്യാശയുടെ തീർത്ഥാടകരായി 2026ലെ വലിയ നോമ്പുകാലത്തിലേക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. നമ്മുടെ ആത്മീയജീവിതത്തിന് പുത്തനുണർവ്വ് നൽകുന്ന സവിശേഷമായ ദൈവപരിപാലനയുടെ കാലഘട്ടമാണ് നോമ്പുകാലം. ഈശോയിലൂടെ പൂർത്തീകരിക്കപ്പെട്ട രക്ഷണീയകർമ്മത്തിന്റെ കൃപകളാൽ അനുഗൃഹീതരാകാൻ നോമ്പിന്റെ ഈ ദിനങ്ങൾ നമ്മെ സഹായിക്കട്ടെ.

പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പങ്കുവച്ച നോമ്പുകാല ദർശനങ്ങൾ ഉൾക്കൊണ്ട്, 2026 വർഷത്തിൽ സഭാജീവിതത്തിൽ നാം പ്രത്യേകം അനുസ്മരിക്കുകയും ആചരിക്കുകയും ചെയ്യുന്ന ഫ്രാൻസിസ്കൻ ജൂബിലി വർഷം, സീറോമലബാർ സമുദായ ശക്തീകരണ വർഷം, 29-ാമത് പാലയൂർ മഹാതീർത്ഥാടനം എന്നിവയെപ്പറ്റികൂടി പരാമർശിച്ചുക്കൊണ്ട് ഈ നോമ്പുകാലവിചിന്തനങ്ങൾ നടത്താൻ ഞാൻ ആഗ്രഹിക്കുന്നു.

### I. പരിശുദ്ധ പിതാവിന്റെ നോമ്പുകാല സന്ദേശം

2026ലെ നോമ്പുകാല സന്ദേശത്തിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ നമ്മോട് ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: യഥാർത്ഥ മാനസാന്തരത്തിന്റെ ഫലങ്ങൾ

പുറപ്പെടുവിക്കുവാൻ തുറവിയോടുകൂടിയ ശ്രവണവും (listening) സ്വയം സമർപ്പിച്ചുകൊണ്ടുള്ള ഉപവാസവുംവഴി (fasting) വിശ്വാസജീവിതത്തിലേക്ക് തീക്ഷ്ണതയോടെ തിരികെ നടക്കുക.

ശ്രവണം എന്നാൽ, ദൈവത്തോടും യാഥാർഥ്യങ്ങളോടും ഹൃദയം തുറക്കുന്നതാണെന്ന് പരിശുദ്ധ പിതാവ് വിശദീകരിക്കുന്നു. തന്റെ ജനത്തിന്റെ നിലവിളി കേൾക്കുന്ന ദൈവത്തെയാണ് വി. ഗ്രന്ഥത്തിൽ നാം കണ്ടുമുട്ടുന്നത് (പുറപ്പാട് 3:7). നമ്മുടെ ദൈവം ശ്രവിക്കുന്ന ദൈവമാണ്; ദൈവികപദ്ധതിയിൽ പങ്കുചേരുവാൻ അവിടുന്ന് നമ്മെ നിരന്തരം വിളിക്കുന്നുണ്ട്. ശബ്ദകോലാഹലങ്ങളും അപരിചിതത്വവും വർദ്ധമാനമാകുന്ന ഇന്നത്തെ ലോകത്തിൽ, നമ്മുടെ, പ്രത്യേകിച്ച് നമ്മുടെ യുവജനങ്ങളുടെ ഹൃദയങ്ങൾ, ക്രിസ്തുവിന്റെ സ്വരം കേൾക്കാൻ കഴിയാത്ത വിധം നിസ്സംഗമായി പോകുന്നു എന്നുള്ളത് ഈ നോമ്പുകാലത്തിൽ നമ്മൾ ഓരോരുത്തരും തിരിച്ചറിയണം. തന്നിലേക്ക് തിരിച്ചു വരാൻ ഈ നോമ്പുകാലത്ത് അവിടുന്ന് നമ്മെ വീണ്ടും ക്ഷണിക്കുകയാണ്.

ശ്രദ്ധാപൂർവമായ ദൈവവചന ശ്രവണം, കുടുംബാംഗങ്ങൾ തമ്മിലുള്ള പങ്കുവയ്ക്കൽ, ദരിദ്രരുടെയും ദുഃഖിതരുടെയും കുടിയേറ്റക്കാരുടെയും ഉപേക്ഷിക്കപ്പെട്ടവരുടെയും നിലവിളി ശ്രവിക്കൽ, ഭയമോ നിഷേധമോ ഇല്ലാതെ ധൈര്യത്തോടെ യാഥാർത്ഥ്യം മനസിലാക്കി പ്രവർത്തിക്കൽ തുടങ്ങിയവയെല്ലാം നാം പരിശീലിക്കേണ്ട ശ്രവണത്തിന്റെ വിവിധ തലങ്ങളാണ്. സഭയുടെയും സഭാതനയരായ നമ്മുടെയും യഥാർത്ഥ നവീകരണം സാധ്യമാകുന്നത്, കൂടുതൽ സംസാരിക്കുന്നതിലൂടെയല്ല, മറിച്ചു കൂടുതൽ ആഴത്തിൽ ശ്രവിക്കുന്നതിലൂടെയാണ് എന്ന ബോധ്യം ഈ നോമ്പുകാലം നമ്മിൽ ദൃഢപ്പെടുത്തട്ടെ.

ഉപവാസം, ഭക്ഷണം ഉപേക്ഷിക്കുന്ന ഒരു പ്രക്രിയ മാത്രമല്ല, മറിച്ച് സ്വാതന്ത്ര്യത്തിലേക്കുള്ള ആത്മീയ വിദ്യാഭ്യാസമാണെന്നാണ് പരിശുദ്ധ പിതാവ് നമ്മെ ഓർമിപ്പിക്കുന്നത്. ശ്രവിക്കുന്ന ദൈവീക രഹസ്യങ്ങളെ മനനത്തിലൂടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ആവശ്യമായ ശക്തിയും തീക്ഷ്ണതയും ഉപവാസംവഴി അഥവാ ദൈവത്തിന്റെ കൂടെ (ഉപ)വസിക്കുന്നതിലൂടെ നമുക്ക് ലഭിക്കും. തെറ്റായ ആസക്തികളിൽ നിന്നു മോചിപ്പിച്ച് ദൈവത്തിങ്കലേക്കാണ് ഉപവാസം നമ്മുടെ ആഗ്രഹങ്ങളെ തിരിച്ചുവിടുന്നത്.

ഉപവാസം നമ്മുടെ ആഗ്രഹങ്ങളെ ശുദ്ധീകരിച്ച് നമ്മിൽ ആന്തരികസ്വാതന്ത്ര്യം പുനഃസ്ഥാപിക്കുകയും നീതിയോടും കരുണയോടും കൂടെ മറ്റുള്ളവരിലേക്ക് ഹൃദയം തുറക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

## II. ഫ്രാൻസിസ്കൻ ജൂബിലി വർഷം (1226 - 2026)

800 വർഷങ്ങൾക്ക് മുമ്പ് സ്വർഗ്ഗം പൂകിയ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനോടൊപ്പം നടക്കുവാൻ ഫ്രാൻസിസ്കൻ ജൂബിലി വർഷ പ്രഖ്യാപനത്തിലൂടെ സാർവത്രികസഭ നമ്മെ ക്ഷണിക്കുന്നു. രണ്ടാം ക്രിസ്തു എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതം ഇന്നും നമുക്ക് പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു.

പരിശുദ്ധ സിംഹാസനത്തിന്റെ വിളംബരമനുസരിച്ച്, ഫ്രാൻസിസ്കൻ ജൂബിലി വർഷത്തിൽ (2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ) പരിശുദ്ധ പിതാവ് സമ്പൂർണ്ണ ദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ ഫ്രാൻസിസ്കൻ ജൂബിലി വർഷാചരണത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ പ്രത്യേക സർക്കുലർവഴി നിങ്ങളെ അറിയിക്കുന്നതാണ്.

## III. സീറോമലബാർ സമുദായ ശാക്തീകരണ വർഷം

ക്രൈസ്തവ സമുദായം ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുവാൻ വിശ്വാസത്തിൽ അധിഷ്ഠിതമായ സമുദായ ശക്തീകരണം ആവശ്യമാണ് എന്ന തിരിച്ചറിവിലാണ് സീറോ മലബാർ മെത്രാന്മാരുടെ സിനഡ് 2026 സമുദായ ശക്തീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. വിശ്വാസത്തിലും ജീവിതമൂല്യങ്ങളിലും അധിഷ്ഠിതമായ കുടുംബങ്ങൾ, ഞായറാഴ്ചയാചരണം, കുടുംബപ്രാർത്ഥന, വിദ്യാഭ്യാസമേഖലയിലെ മികവ്, സാമൂഹിക ഉത്തരവാദിത്വം ഇവയാൽ രൂപപ്പെട്ടതാണ് നമ്മുടെ നസ്രാണി പൈതൃകം. എന്നിരുന്നാലും, ലൗകികത, കൗദാശിക ജീവിതത്തിലെ ജാഗ്രതയില്ലായ്മ, യുവജന കുടിയേറ്റം, കത്തോലിക്ക ജനസംഖ്യയിലെ കുറവ്, യുവജനങ്ങൾക്ക് വിവാഹ ജീവിതത്തോടുള്ള ആഭിമുഖ്യക്കുറവ്, രാഷ്ട്രീയസാമൂഹികഭരണ നിർവഹണ മേഖലകളിലെ കുറഞ്ഞ സാന്നിധ്യം, സമുദായത്തിനുള്ളിൽ തന്നെയുള്ള ഭിന്നിപ്പ് തുടങ്ങിയവ ഇന്ന് വെല്ലുവിളികളായി നിലനിൽക്കുന്നു. ആയതിനാൽ അതിരൂപത സമുദായ ശക്തീകരണ വർഷാചരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടനകളിലും കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് ദീർഘവീക്ഷണത്തോടെ പ്രാവർത്തികമാക്കേണ്ടത് സമുദായത്തിന്റെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്. സീറോ മലബാർ സഭയുടെ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസ് എല്ലാ ഇടവകകളിലും ആരംഭിച്ച് സമുദായ ശക്തീകരണ കർമ്മപരിപാടികൾക്കു നേതൃത്വം കൊടുക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

2026 ഫെബ്രുവരി 4 മുതൽ 10 വരെ ബാംഗ്ലൂരിൽ നടന്ന

ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ (സി.ബി.സി.ഐ.) 202 മെത്രാന്മാർ പങ്കെടുത്ത 37-ാമത് ജനറൽ ബോഡി യോഗത്തിൽ വിശ്വാസത്തിലും ഐക്യത്തിലും അധിഷ്ഠിതമായ സഭയുടെ ശക്തീകരണത്തെക്കുറിച്ചു തന്നെയാണ് പ്രധാനമായും ചർച്ച ചെയ്തത്. 'വിശ്വാസവും രാഷ്ട്രവും: ഇന്ത്യയുടെ ഭരണഘടനാ ദർശനത്തോടുള്ള സഭയുടെ സാക്ഷ്യം' എന്ന വിഷയത്തെ ആധാരമാക്കി, United in Witness- എന്ന സി.ബി.സി.ഐ. യുടെ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാ മൂല്യങ്ങളുടെ സംരക്ഷണം, നീതി-സമാധാനം-സൗഹാർദ്ദം എന്നിവയുടെ പ്രോത്സാഹനം, ക്രൈസ്തവ സമൂഹത്തിനെതിരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന ആക്രമണങ്ങൾ ഉൾപ്പെടെയുള്ള സമകാലീന വെല്ലുവിളികൾ എന്നിവയെക്കുറിച്ച് മെത്രാന്മാർ ആഴത്തിലുള്ള പ്രാർത്ഥനാപൂർവമായ ചിന്തയും വിവേചനവും നടത്തിയതും ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. അംഗസംഖ്യയിൽ ന്യൂനപക്ഷമാണെങ്കിലും (2.3%) രാഷ്ട്രനിർമിതിയിൽ മുന്നിട്ടു നിന്നിട്ടുള്ള 2000 കൊല്ലത്തെ പാരമ്പര്യമുള്ള ക്രൈസ്തവരായ നാം ഉത്തമ പൗരന്മാരായി ഇന്ത്യൻ ഭരണഘടനയെ മുറുകെപിടിച്ചുകൊണ്ട് ധീരതയോടെ ക്രൈസ്തവ സാക്ഷ്യം നല്കാൻ തയ്യാറാകണം. സി.ബി.സി.ഐ. പ്രസിഡണ്ട് എന്ന നിലയിൽ കഴിഞ്ഞ നാലു വർഷമായി പ്രവർത്തിച്ച കാലഘട്ടത്തിൽ നിങ്ങൾ എനിക്ക് നൽകിയ പ്രാർഥനക്കും പ്രോത്സാഹനത്തിനും സഹകരണത്തിനും പ്രത്യേകം നന്ദി.

## IV. **പാലയൂർ മഹാതീർത്ഥാടനം**

ഈ നോമ്പുകാലത്ത് തൃശൂർ അതിരൂപത സംഘടിപ്പിക്കുന്ന 29-ാമത് പാലയൂർ മഹാതീർത്ഥാടനത്തെക്കുറിച്ചുകൂടി സൂചിപ്പിക്കാൻ ഈയവസരം ഞാൻ വിനിയോഗിക്കുകയാണ്. 2026 മാർച്ച് 22 ഞായറാഴ്ചയാണ് മഹാതീർത്ഥാടനം നടക്കുക. പ്രാർത്ഥനയുടെയും പശ്ചാത്താപത്തിന്റെയും പരിഹാരത്തിന്റെയും പരോപകാരത്തിന്റെയും മനോഭാവത്തോടെ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഭാരത ക്രൈസ്തവ സഭയുടെ ഈറ്റില്ലമായ പാലയൂരിലെ മാർ തോമശ്ലീഹായുടെ തീർത്ഥ കേന്ദ്രത്തിലേക്ക് ഈ ഫ്രാൻസിസ്കൻ വർഷത്തിൽ നാം നടത്തുന്ന മഹാതീർത്ഥാടനം നമ്മുടെ വിശ്വാസത്തിന്റെ പരസ്യമായ പ്രഖ്യാപനമാണ്. പാലയൂർ തീർത്ഥാടനത്തിൽ സംബന്ധിച്ച് ദണ്ഡവിമോചനം സ്വന്തമാക്കാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. വെള്ളിയാഴ്ചകളിലെ ജാഗരണ പദയാത്രകൾ, പാലയൂർ കൺവെൻഷൻ (15-19 March 2026), മഹാതീർത്ഥാടന പരിപാടികൾ തുടങ്ങിയവ സംബന്ധിക്കുന്ന വിശദാംശങ്ങൾ യഥാസമയം നിങ്ങളെ അറിയിക്കുന്നതാണ്. ഹൈദരാബാദ് ആർച്ച്ബിഷപ്പും സി.ബി.സി.ഐ. പുതിയ പ്രസിഡന്റുമായ

കർദിനാൾ ആന്റണി പൂല ആണ് ഈ വർഷത്തെ പാലയൂർ മഹാ തീർത്ഥാടന സമാപന സമ്മേളനത്തിൽ നമ്മുടെ മുഖ്യാതിഥി.

**പ്രത്യാശയുടെ മിഷനറിമാരാകുക**

നോമ്പുകാലം നമ്മെ നയിക്കുന്നത് യേശുവിന്റെ പെസഹാരഹസ്യങ്ങളിലേക്കാണ്. ശിഷ്യരുടെ പാദങ്ങൾ കഴുകി ശുശ്രൂഷയുടെയും പരസ്നേഹത്തിന്റെയും മാതൃക നൽകിയ ഈശോ ഒടുവിലത്തെ അത്താഴവേളയിൽ സ്നേഹത്തിന്റെ പുതിയ നിയമം (ദൈവ വചനം) നൽകികൊണ്ട്, രക്ഷാകര ബലി ലോകാവസാനത്തോളം തുടരുന്നതിനായി പരിശുദ്ധ കുർബാന സ്ഥാപിച്ചു. കുരിശുമരണത്തിലൂടെ മനുഷ്യവർഗത്തിന് രക്ഷ നൽകിയ ഈശോ ഉത്ഥാനത്തിലൂടെ സ്വർഗീയ പ്രത്യാശ നമുക്ക് നൽകി. അതിനാൽ, നോമ്പുകാല ചൈതന്യത്തിൽ ജീവിതനവീകരണം വരുത്താനും ദൈവത്തെയും ദൈവജനത്തെയും ശ്രവിക്കാനും കർത്താവിന്റെകൂടെ (ഉപ) വസിച്ചുകൊണ്ട് പാപത്തെയും പാപസാഹചര്യങ്ങളെയും ദുഃശീലങ്ങളെയും ഉപേക്ഷിക്കാനും പാവപ്പെട്ടവരെ കൂടുതൽ സഹായിക്കാനും സുകൃത ജീവിതത്തിൽ വളരാനും വിശ്വാസം പരസ്യമായി പ്രഖ്യാപിക്കാനും സുവിശേഷം ധീരതയോടെ പ്രഘോഷിക്കുന്ന പ്രത്യാശയുടെ മിഷനറിമാരാകാനും ഈ നോമ്പുകാലം നമുക്ക് കാരണവും അവസരവുമാകണം. എല്ലാ മനുഷ്യരുടെയും നന്മയും ആത്മരക്ഷയും ഉറപ്പാക്കുന്നതിൽ ഉപകരണങ്ങളായി വർത്തിക്കേണ്ടവരാണ് നാം ഓരോരുത്തരും. അതിനാൽ സമൂഹത്തിൽ ഒരുപാട് നാശം വിതച്ചുകൊണ്ടിരിക്കുന്ന മദ്യം മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കാൻ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്നവർക്കും അവർക്കുവേണ്ട ഒത്താശ ചെയ്യുന്നവർക്കുമെതിരെ പൊതുജന മനസ്സാക്ഷിയെ ഉണർത്തി ശക്തമായ നിലപാടുകളെടുക്കാൻ പ്രത്യാശയുടെ മിഷനറിയെന്ന നിലയിൽ നമുക്ക് കഴിയണം. ഭാരത അപ്പസ്തോലനായ വിശുദ്ധ തോമസ് ശ്ലീഹായുടെയും അതിരൂപതയുടെ മധ്യസ്ഥയായ പരിശുദ്ധ അമലോത്ഭവ മാതാവിന്റെയും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെയും മധ്യസ്ഥതയിൽ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നോമ്പുകാലത്തിന്റെ കൃപകളും ഉയിർപ്പു തിരുനാളിന്റെ ആശംസകളും ഏവർക്കും നേരുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB: ഈ ഇടയലേഖനം ഫെബ്രുവരി 22-ാം തിയ്യതി ഞായറാഴ്ച (നോമ്പ് രണ്ടാം ഞായർ) പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. + AT

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

648/2026 / 19/02/2026 C - 001

### ഫ്രാൻസിസ്ക്കൻ വർഷാചരണം

ബഹുമാനപ്പെട്ട അച്ചന്മാരേ, ബ്രദേഴ്സ്, സിസ്റ്റേഴ്സ്, പ്രിയ സഹോദരി സഹോദരന്മാരേ,

രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ സ്വർഗ്ഗപ്രാപ്തിയുടെ 800-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കത്തോലിക്കാ തിരുസഭയുടെ അധ്യക്ഷൻ ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച ഫ്രാൻസിസ്ക്കൻ വർഷം യഥോചിതം ആചരിക്കുവാൻ ഏവരെയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. 2026 ജനുവരി 10 മുതൽ, 2027 ജനുവരി 10 വരെയാണ് ഫ്രാൻസിസ്ക്കൻ വർഷമായി ആചരിക്കപ്പെടുക.

നമ്മുടെ അതിരൂപതയിലെ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളും (KFFU), സന്യസ്തരുടെ കൂട്ടായ്മയും (CRI) ഫ്രാൻസിസ്ക്കൻ വർഷാചരണം അർത്ഥപൂർണ്ണമാക്കാൻ വേണ്ട സഹായസഹകരണങ്ങൾ നല്കാമെന്ന് അറിയിച്ചിട്ടുള്ളത് ഏറെ സന്തോഷത്തോടെ സ്മരിക്കുന്നു.

1. താഴെപറയുന്ന ദൈവാലയങ്ങളിൽ ഫ്രാൻസിസ്ക്കൻ വർഷാചരണത്തോടനുബന്ധിച്ച് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ അതിരൂപതാ തലത്തിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

a. MMB മിഷൻ ഹോം ചാപ്പൽ, മരിയാപുരം
b. കാൽവരി കപ്പൂച്ചിൻ ആശ്രമദേവാലയം, പൂത്തോൾ
c. FCC സെന്റ് ഫ്രാൻസിസ് ഓഫ് അസീസി കോൺവെന്റ് ചാപ്പൽ, മുണ്ടൂർ
d. FCC ലിറ്റിൽ ഫ്ളവർ കോൺവെന്റ് ചാപ്പൽ, മമ്മിയൂർ
e. തൃശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളി
f. തൃശൂർ ഡോളേഴ്സ് ബസിലിക്ക പള്ളി
g. മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ ചെയ്യേണ്ടവ:**

a. അനുതപിച്ചു കുമ്പസാരം നടത്തുക.

b. ജൂബിലി കവാടത്തിലൂടെ വി. ഫ്രാൻസിസ് അസ്സീസിയുടെ ദൈവാലയത്തിൽ പ്രവേശിക്കുക.

c. മാർപാപ്പയുടെ നിയോഗാർത്ഥം 1 വിശ്വാസപ്രമാണം, 1 സ്വർഗ്ഗ., 1. നന്മ., 1. ത്രി. ചൊല്ലി കാഴ്ചവയ്ക്കുക.

d. പരി. കുർബാനയിൽ പങ്കെടുത്ത് യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കുക.

**2. ഫ്രാൻസിസ്ക്കൻ ഓർമ്മയാചരണം - 2026 ഒക്ടോബർ 2**

''സോദരി മരണമേ, സ്വാഗതം'' എന്ന് പാടിക്കൊണ്ട് മരണത്തെ പുൽകിയ വി. ഫ്രാൻസിസിന്റെ ഓർമ്മദിനാചരണം, പൂത്തോൾ കാൽവരി ആശ്രമത്തിൽ 2026 ഒക്ടോബർ 2ന് നടത്തപ്പെടുന്നു. അന്നേദിനം ഫ്രാൻസിസ്ക്കൻ സെമിനാറുകളും, ഫ്രാൻസിസിന്റെ ജീവിതത്തിന്റെ അന്ത്യനിമിഷത്തിന്റെ പ്രാർത്ഥനാനിർഭരമായ അനുസ്മരണവും ഉണ്ടായിരിക്കുന്നതാണ്. ഏവർക്കും കാൽവരി ആശ്രമത്തിലേക്ക് അന്നേദിവസം പ്രത്യേകമായി സ്വാഗതമുണ്ടെന്ന് അറിയിക്കുന്നു.

**3. അതിരൂപതാതല ഫ്രാൻസിസ്ക്കൻ ദിനാഘോഷം**

തൃശൂർ ലൂർദ്ദ് കത്തീഡ്രലിൽ 2026 നവംബർ 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് ആരാധനയും തുടർന്ന് 2.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. തുടർന്ന് ലൂർദ്ദ് കത്തീഡ്രലിൽ നിന്നും ആരംഭിക്കുന്ന ഫ്രാൻസിസ്ക്കൻ റാലി സെന്റ് ക്ലെയർ സ്കൂളിൽ സമ്മേളനത്തോടെ സമാപിക്കുന്നതാണ്.

മേൽപ്പറഞ്ഞ ആത്മീയാനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും പങ്കെടുത്ത് ഫ്രാൻസിസ്ക്കൻ വർഷം ഏറ്റവും ഉചിതമായി ആചരിക്കുവാനും പൂർണ്ണ ദണ്ഡവിമോചനം നേടുവാനും ഏവരും ശ്രദ്ധിക്കുമല്ലോ. ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളോട് ചേർന്ന് ബഹു. ഇടവക വികാരിമാർ ഫ്രാൻസിസ്ക്കൻ വർഷാചരണത്തിനുവേണ്ട ക്രമീകരണങ്ങൾ നടത്തുന്നതിൽ പ്രത്യേകം താല്പര്യമെടുക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

NB.: ഈ സർക്കുലർ 2026 മാർച്ച് 1ന് വി. കുർബാന മധ്യേ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# 2 സർക്കുലർ

## പി.ഒ.സി. കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

No.: 4177/K-5/KCBC/OL/DS
13.02.2026

### മദ്യ-ലഹരി വിരുദ്ധ ഞായർ – 2026 മാർച്ച് 8

മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ 2026 മാർച്ച് 08-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യ ശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചന വെളിച്ചത്തിൽ മനസ്സിലാകുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). ''നിങ്ങൾ വീഞ്ഞ് കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ'' (എഫേസോസ് 5:18) എന്ന വി. പൗലോസ് അപ്പസ്തോലന്റെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായക കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും നമ്മുടെ വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും യുവജനങ്ങളിലേയ്ക്കും കടന്നു കഴിഞ്ഞിരിക്കുന്നു. ലഹരിയെ ''സന്തോഷമായി' ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടുത്തുന്ന സംസ്ക്കാരം യുവതലമുറയെ ഇന്ന് വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽനിന്ന് രക്ഷപ്പെടാൻ ദൈവത്തിലാശ്രയിക്കുന്നതിനുപകരം മദ്യത്തിലും ഇതര ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപ യോഗത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. കുടുംബ ബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലുകൾക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നു വിറയ്ക്കുന്നു. സ്നേഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തിന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ട് പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

**ലഹരി എന്ന മാരക തിന്മ**

ലഹരി വെറും സാമൂഹിക പ്രശ്നമല്ല, ഒരു ആത്മീയ പ്രതി സന്ധിയാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽ നിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരിയെന്നത് ശരീരത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല, മറിച്ച് വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാചികശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതുപോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെടുത്താനും തുരത്താനും ആത്മീയമായ ആയുധങ്ങളിൽ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ് സുവിശേഷ സാക്ഷ്യം. പ്രവാചകന്മാരെപോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരെ ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ തിന്മയ്ക്കു മുൻപിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം

വിസ്മരിക്കരുത്. കുട്ടികളെയും, യുവജനങ്ങളെയും ഈ തിന്മയിൽ നിന്ന് സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവ്വ സന്നാഹങ്ങളോടെ പോരാടേണ്ടിയിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലുമാണെന്ന (റോമാ 14:17) ദൈവവചന ബോധ്യം പുതുതലമുറയ്ക്ക് ഫലപ്രദമായി പകർന്നു കൊടുക്കുവാൻ നാം തീക്ഷ്ണതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**യുവജനങ്ങളോട്**

യുവജനങ്ങൾക്ക് ഇത് മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരിയോട് 'ഇല്ല' എന്ന് പറയുകയും ജീവിതത്തോട് 'അതെ' എന്ന് പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളെ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല. മറിച്ച് ലക്ഷ്യത്തിനും ദൗത്യത്തിനും വേണ്ടിയാണ്. ലഹരിയുടെ മായാവലയത്തിൽപെടാതെ വിശ്വാസവും മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിത കവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതം തന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരി വഴി സാത്താന്റെ ആലയമാക്കി മാറ്റരുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്ക് ലഹരിയോട് 'ഇല്ല' എന്ന് പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

''നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ'' (1 കോറി 6:19,20) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നിങ്ങൾക്ക് വഴിവിളക്കാകണം. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിത മൊഴി (സുഭാഷിതങ്ങൾ 20:1).

നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസമാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദ്ദമാണോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്ന് നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും.

ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും (ജോഷ്വാ 24 : 15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏത് ലഹരിയെയും ഞാൻ തള്ളിക്കളയും എന്ന് ധൈര്യപൂർവം നമുക്ക് ലോകത്തോട് വിളിച്ചു പറയാൻ കഴിയട്ടെ.

## സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരള സഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ-രൂപതകളിലായി നടന്നു വരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരക രാസലഹരികൾക്കെതിരെ ഉണർന്ന് പ്രവർത്തിക്കുമ്പോൾ ഇതിനെ നിരോധിക്കാനോ, നിയന്ത്രിക്കാനോ, തടയാനോ, അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പിക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാരത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയപ്പോൾ അവരുടെ നയം മദ്യവർജ്ജനമായി മാറി. വർജ്ജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാനമാണെന്നും നിരോധനമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞു നോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ടലറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരും പ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യത കുറവാണ് മാരക രാസലഹരികളുടെ കുത്തൊഴുക്കിന് കാരണമായതെന്നായിരുന്നു ഭരണകർത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ മദ്യപിച്ചുകൊണ്ടിരുന്നവരല്ല മാരക രാസലഹരികളുടെ ഉപയോഗത്തിലേക്ക് കടന്നതെന്നാണ് പച്ചയായ

യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരക രാസലഹരിയെന്ന വിപത്തിന്റെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ., ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കുമരുന്നുകൾ ഇന്ന് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപകമായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വപ്പെട്ടവരാകട്ടെ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകടകരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിൽ നിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യ നിർമ്മാണവും, ലഹരികടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ്-പോലീസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചുപെൺകുട്ടികളെ പോലും മയക്കുമരുന്ന് മാഫിയ വലയിൽ വീഴ്ത്തി, ലഹരിവാഹകരും, ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമായി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെനാട് മാനസിക രോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന് മെഡിക്കൽ ഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ട് വെട്ടുന്നതും, 6 മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതു മൊക്കെ സമീപ ദിവസങ്ങളിലും, മാസങ്ങളിലും നടന്ന മദ്യത്തിന്റെയും മാരക രാസലഹരികളുടെയും ഭീകരത തുറന്നുകാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ ശക്തമായി നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തുമ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാനത്തേയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ആർജ്ജവമുള്ള ഭരണസംവിധാനം സംസ്ഥാനത്തുണ്ടാകണം.

**ഉപസംഹാരം**

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ

എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിന് പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്ത സംഘടനകളും സംയുക്തമായി ഈ വിപത്തിനെതിരെ ഊർജ്ജിതമായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലഹരി എന്ന പൈശാചിക തിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം നമുക്ക് ഒരു രക്ഷകൻ ഉണ്ട്, കർത്താവായ യേശുക്രിസ്തു. അവൻ ഇപ്രകാരം അരുളിച്ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്രനാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ യേശുവിന്റെ നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട് ഈ തിന്മയുടെ മേലുള്ള വിജയ പോരാട്ടം നമുക്ക് ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാവർക്കും മദ്യ-ലഹരി വിരുദ്ധ ഞായർ ദിനാശംസകൾ.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ**
(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

**ബിഷപ് മാർ അലക്സ് താരമംഗലം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ))

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി-682025

N:B: ഈ സർക്കുലർ 2026 മാർച്ച് 8-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**മാർച്ച് 2026**

**മാർച്ച് 1 : നോമ്പ് മൂന്നാം ഞായർ**
6 : ആദ്യവെള്ളി
8 :നോമ്പ് നാലാം ഞായർ
11 :പാതിനോമ്പ്
15 : നോമ്പ് അഞ്ചാം ഞായർ
19 : വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
22 : നോമ്പ് ആറാം ഞായർ
25 : മംഗളവാർത്തതിരുനാൾ
27 : നാല്പതാം വെള്ളി
29 : നോമ്പ് ഏഴാം ഞായർ (ഓശാന ഞായർ)

**2. മാർച്ച് മാസത്തെ പരിപാടികൾ**
മാർച്ച് 05 : ഫിനാൻസ് കൗൺസിൽ (07:00 pm)
09-10 : യുവവൈദികരുടെ തുടർപരിശീലനം
12 : മെത്രാപ്പോലീത്തൻ പ്രോവിൻസ് വൈദികസമിതി യോഗം
14 : പാസ്റ്ററൽ കൗൺസിൽ യോഗം (10:00 am)
സംഘടന ഏകോപനസമിതി യോഗം (02:30 pm)
16 : ഫൊറോന വികാരിമാരുടെ യോഗം (10:30 am)
21 : കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരന്മാരുടെയും യോഗം (02:00 pm)
22 : പാലയൂർ മഹാതീർത്ഥാടനം
25 : ആലോചനസമിതി യോഗം (10:30 am)
വൈദികസമിതി യോഗം (02:30 pm)
28 : ഡീക്കൻപട്ടം & ചെറുപട്ടങ്ങൾ (02:30 pm)
30 : വൈദിക-സമർപ്പിത വിശുദ്ധീകരണദിനം (10:00 am)

**3. സ്വാഗതം**

മിഷൻ രംഗത്തുനിന്നും അജപാലന രംഗങ്ങളിൽനിന്നും തിരിച്ചെത്തുന്ന ഫാ. തോമസ് ചക്കുംപീടിക (ഫ്രാൻസ്), ഫാ. ആന്റോ ചിരിയങ്കണ്ടത്ത് (മെൽബൺ) ഫാ. ജിജോ പിടിയത്ത് (ജർമ്മനി), ഫാ. ആന്റോ രായപ്പൻ (രാമനാഥപുരം), ഫാ. ആൻസിൽ വെള്ളറ (ഷംഷാബാദ്) എന്നിവർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന ഫാ. സെബാസ്റ്റ്യൻ മനയത്ത് (ചങ്ങനാശ്ശേരി), ഫാ. റിന്റോ പയ്യപ്പിള്ളി (ഇരിങ്ങാലക്കുട), ഫാ. ജിയോ പുലിക്കോട്ടിൽ (ഹൊസൂർ), ഫാ. വിബി പൊറത്തൂക്കാരൻ (ഹൊസൂർ), ഫാ. അഭിഷേക് മൊയലൻ (ഹൊസൂർ), ഫാ. ടോൾമിൻ മൊറേലി (ഹൊസൂർ), ഫാ. ഷോജോ മഞ്ഞാടിക്കൽ SDV, ഫാ. റിജോ മാഞ്ഞൂരാൻ VC, ഫാ. അജിത്ത് കൊച്ചുവേലിയ്ക്കകത്ത് CST, ഫാ. ബിബിൻ പി. മൈക്കിൾ O.SS.T., ഫാ. ആന്റണി നെയ്യൻ CMI എന്നിവർക്കും സ്വാഗതം.

**4. നന്ദി:**

അതിരൂപതയിലെ സേവനത്തിനുശേഷം തിരികെ പോയ ഫാ. റെജി ഞരളക്കാട്ടുകുന്നേൽ (സാഗർ), ഫാ. ജിസ്വിൻ ജോസ് വാഴപ്പിള്ളി ISch, ഫാ. ഷെബിൻ പനക്കൽ CMI, ഫാ. ജിജി ജോസ് മാളിയേക്കൽ (ഹൊസൂർ), ഫാ. ജോഷ്വിൻ കൊക്കൻ (ഹൊസൂർ), ഫാ. അബിൻ പൈനാടത്ത് (ഹൊസൂർ), ഫാ. ജെയ്സൺ പുതുപ്പള്ളിൽ CST, ഫാ. പ്രിന്റോ മാണിപറമ്പിൽ OFM.Cap., ഫാ. അഖിൽ ആന്റണി നെല്ലിശ്ശേരി CMI എന്നിവർക്ക് അതിരൂപതയുടെ അകൈതവമായ നന്ദി.

**5. ആശംസ:**

അതിരൂപതയിൽ നിന്ന് സേവനത്തിനായി പോകുന്ന ഫാ. ഷോൺസൺ ആക്കാമറ്റത്തിൽ (ആസ്ട്രേലിയ), ഫാ. ജിമ്മി കല്ലിങ്ങൽക്കുടിയിൽ (കെനിയ), രാമനാഥപുരം രൂപതയിൽ സേവനത്തിനായി പോയ ഫാ. ജോസഫ് വൈക്കാടൻ, ഹൊസൂർ രൂപതയിൽ സേവനത്തിനായി പോയ ഫാ. ജോമോൻ താണിക്കൽ, വിശാഖപട്ടണം മിഷനിൽ സേവനത്തിനായി പോയിരിക്കുന്ന ഫാ. ലിവിൻ കുരുതുകുളങ്ങര, ഫാ. ലിൻസൺ അക്കരപറമ്പിൽ എന്നിവർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

മേജർ ആർച്ച്ബിഷപ്പിന്റെ സെക്രട്ടറിയായി ഉത്തരവാദിത്വം സ്വീകരിക്കുന്ന ഫാ. സനൽ മാളിയേക്കലിനും അതിരൂപതയുടെ ആശംസകൾ.

**6. അഭിനന്ദനങ്ങൾ:**

റോമിലെ സലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിന്നും Spiritual Theology യിൽ ഡോക്ടറേറ്റ് നേടിയ ഫാ. ഫ്രാൻസോ തെക്കത്തിനും റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ ഫാ. ജിസോ കുറ്റിക്കാട്ടിനും അഭിനന്ദനങ്ങൾ.

**7. വൈദികക്ഷേമനിധി:**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31-ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. പട്ടങ്ങൾ:**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2026 മാർച്ച് 28 ശനിയാഴ്ച്ച കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ ലൂർദ്ദ് കത്തീഡ്രലിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**9. ദൈവവിളിവാരാചരണം:**

2026 ഏപ്രിൽ 6 മുതൽ 11 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**10. ദൈവവിളിക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ച് 3 ബാച്ചുകളിലായി നടത്തപ്പെടുന്നു. പെൺകുട്ടികളുടെ ദൈ

വവിളി ക്യാമ്പ് ഏപ്രിൽ 11-ാം തിയതി ശനിയാഴ്ച്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4 വരെ നടത്തുന്നതാണ്

ഒന്നാം ബാച്ച്: 2026 ഏപ്രിൽ 6,7 ; രണ്ടാം ബാച്ച്: ഏപ്രിൽ 8, 9; മൂന്നാം ബാച്ച്: ഏപ്രിൽ 10,11.

**11. ദൈവദർശൻ ക്യാമ്പുകൾ**

ഈ വർഷത്തെ (2026) ദൈവദർശൻ ക്യാമ്പുകൾ ഏപ്രിൽ 6 മുതൽ മെയ് 2 വരെ മുതൽ നടത്തുന്നു. ക്യാമ്പുകൾ ബുക്ക് ചെയ്യാൻ ആഗ്രഹിക്കുന്നവർ മൈനർ സെമിനാരി റെക്ടർ അച്ചനെ contact ചെയ്യുക. ദൈവവിളി പ്രോത്സാഹിപ്പിക്കുക.

**12. പാലയൂർ മഹാതീർത്ഥാടനം:**

2026 മാർച്ച് 22-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രി 9 മണിക്ക് തൃശ്ശൂർ ബസിലിക്കയിൽ നിന്നും ജാഗരണ പദയാത്ര സംഘടിപ്പിക്കുന്നു. ജാഗരണ പദയാത്രകളിലും തീർത്ഥാടനത്തിനും വിശ്വാസികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**13. യുവവൈദികർക്കുള്ള തുടർപരിശീലനം**

2017-2019 തിരുപ്പട്ട സ്വീകരണ ബാച്ചുകൾ: നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന യുവവൈദികരുടെ (2017-2019 ബാച്ചുകൾ) തുടർപരിശീലന പ്രോഗ്രാം 2025 മാർച്ച് 10 തിങ്കൾ രാവിലെ 9.30 മുതൽ 11 ചൊവ്വ വൈകീട്ട് 7 മണി വരെ ഡി. ബി. സി. എൽ. സി. യിൽ വച്ച് പറോക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. Creativity in Pastoral Life and Ministry എന്ന വിഷയത്തെ അധികരിച്ച് യുവവൈദികരുടെ അജപാലന ശുശ്രൂഷയിലെ വൈവിധ്യമാർന്ന മേഖലകൾ ചർച്ച ചെയ്യാൻ ഈ പ്രോഗ്രാം വേദിയൊരുക്കുന്നു. ബഹു. വൈദികർ മറ്റെല്ലാ ഉത്തരവാദിത്തങ്ങളും ക്രമീകരിച്ച് പ്രസ്തുത പ്രോഗ്രാമിലെ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ!

**14. കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും മീറ്റിങ്ങ്**

2026 മാർച്ച് 21-ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് നടത്തപ്പെടുന്നു.

**15. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**16. മിഷൻ സൺഡെ കളക്ഷൻ:**

2026 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ 2025 ലെ മിഷൻ സൺഡെ കളക്ഷൻ ഏല്പിക്കേണ്ടതാണ്. മാർച്ച്

31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**17. വലിയ നോമ്പ് :**

2026 ഫെബ്രുവരി 15 ഞായറാഴ്ച അർദ്ധരാത്രി മുതൽ ആരംഭിച്ച നോമ്പുകാലത്തെ പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ആത്മീയ നവീകരണത്തിന്റെയും കാലഘട്ടമാക്കി മാറ്റാൻ ശ്രദ്ധിക്കുമല്ലോ. നോമ്പുകാലത്തെ പ്രത്യേക പരിപാടികൾ :

22.03.2026 : പാലയൂർ മഹാതീർത്ഥാടനം
29.03.2026 : ഓശാന ഞായർ
30.03.2026 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ
02.04.2026 : പെസഹാവ്യാഴം
03.04.2026 : പീഡാനുഭവവെള്ളി : ഉപവാസദിനം
05.04.2026 : ഉയിർപ്പ് തിരുനാൾ

**18. വൈദികവിശുദ്ധീകരണദിനം :**

മാർച്ച് 30 തിങ്കളാഴ്ച ലൂർദ്ദ് പള്ളിയിൽ വെച്ചാണ് ഈ വർഷത്തെ വൈദിക-സന്യസ്ത വിശുദ്ധീകരണദിനം ആചരിക്കുന്നത്. അന്നേ ദിവസം രാവിലെ 10 മണിക്ക് പരിപാടികൾ ആരംഭിക്കും. അതിരൂപതയ്ക്കകത്ത് ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികരുൾപ്പെടെ മുഴുവൻ ബഹു. അച്ചന്മാരും അന്നത്തെ തിരുകർമ്മങ്ങളിൽ പങ്കെടുക്കേണ്ടതാണ്. ഉച്ചക്കഴിഞ്ഞുള്ള കുർബാന മധ്യേ സൈത്തു കൂദാശ ചെയ്യുന്നതാണ്. സൈത്തു കൂദാശ രൂപതയുടെ കൂട്ടായ്മ വിളിച്ചോതുന്ന ഒരു സന്ദർഭമാണ്. അതുകൊണ്ട് ഇടവകകളിൽ നിന്ന് പരമാവധി ദൈവജനപങ്കാളിത്തം ഉണ്ടാകാൻ ബഹു. അച്ചന്മാർ പരിശ്രമിക്കണം. മുഴുവൻ കൈക്കാരൻമാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പ്രസ്തുത കുർബാനയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**19. നോമ്പുകാല തീർത്ഥാടനം**

നോമ്പുകാലത്ത് പരിഹാര ചൈതന്യത്തോടെ വിവിധ ദേവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുമ്പോൾ നമ്മുടെ അതിരൂപതയിലെ പുണ്യശ്ലോകരായ വിശുദ്ധ എവുപ്രാസ്യ, ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ, ദൈവദാസൻ ആൻറണി തച്ചുപറമ്പിലച്ചൻ എന്നിവരുടെ കബറിടങ്ങൾ സ്ഥിതി ചെയ്യുന്ന ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റ് ചാപ്പൽ, ചൊവ്വന്നൂർ സെന്റ് തോമസ് ദൈവാലയം, ചേലക്കര മേരീസ് ഫൊറോന ദൈവാലയം എന്നിവിടങ്ങൾ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും

**19. വൈദികനിയമനം:**

**a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം പ്രാബല്യം 2026 ഫെബ്രുവരി 4 മുതൽ**

001 ഫാ. മൂലൻ ജോൺ : റിട്ടയർമെന്റ്, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി പെരിങ്ങോട്ടുകര, കപ്ലോൻ FCCs , ഡയറക്ടർ ലീജിയൻ ഓഫ് മേരി ഒഴിവായി.

002 ഫാ. ചിറ്റിലപ്പിള്ളി ജോൺ : വികാരി പെരിങ്ങോട്ടുകര, കപ്ലോൻ FCCs ;വികാരി പൂത്തറക്കൽ, കപ്ലോൻ FCC ഒഴിവായി.

003 ഫാ. പിടിയത്ത് ജിജോ : വികാരി പൂത്തറക്കൽ, കപ്ലോൻ FCC

004 ഫാ. ആക്കാമറ്റത്തിൽ ഷോൺസൺ : മെൽബൺ രൂപതയിൽ സേവനത്തിന് അനുമതി; വികാരി അഞ്ഞൂർ ഒഴിവായി (മെൽബണിൽ പോകുന്നതുവരെ താമസം ക്രിസ്റ്റീന ഹോം പുല്ലഴി).

005 ഫാ. പാറയിൽ ഷിന്റോ : വികാരി അഞ്ഞൂർ; വികാരി തലക്കോട്ടുകര, കപ്ലോൻ FSM & SAB ഒഴിവായി.

006 ഫാ. വാഴപറമ്പിൽ ക്ലമന്റ് : വികാരി തലക്കോട്ടുകര, കപ്ലോൻ FSM & SAB; വികാരി മണലാടി, കപ്ലോൻ FCC ഒഴിവായി.

007 ഫാ. ചിറമ്മൽ ഏബിൾ : വികാരി മണലാടി, കപ്ലോൻ FCC; വികാരി വാടാനപ്പിള്ളി, കപ്ലോൻ FSM ഒഴിവായി.

008 ഫാ. തൊറയൻ സിന്റോ : വികാരി വാടാനപ്പിള്ളി, കപ്ലോൻ FSM; വികാരി പൂമല, കപ്ലോൻ CHF ഒഴിവായി.

009 ഫാ. വെള്ളറ ആൻസിൽ : വികാരി പൂമല, കപ്ലോൻ CHF.

010 ഫാ. ചിറമ്മൽ ഡേവിസ് Jr.: പ്രോ-വികാരി കൈപ്പറമ്പ്; വികാരി തണ്ടിലം, കപ്ലോൻ SJSMs ഒഴിവായി.

011 ഫാ. അന്തിക്കാടൻ ജോൺസൺ : വികാരി തണ്ടിലം, കപ്ലോൻ SJSMs, ഡയറക്ടർ ലീജിയൻ ഓഫ് മേരി; വികാരി വിജയപുരം (ചേറൂർ), കപ്ലോൻ ദിവ്യഭവൻ CMC ഒഴിവായി.

012 ഫാ. മൂക്കൻ റോയ് : വികാരി വിജയപുരം (ചേറൂർ), കപ്ലോൻ ദിവ്യഭവൻ CMC; വികാരി പറവട്ടാനി, കപ്ലോൻ CHFs ഒഴിവായി.

013 ഫാ. ഇഞ്ചോടിക്കാരൻ ജെയിംസ് : വികാരി പറവട്ടാനി, കപ്ലോൻ CHFs ; വികാരി അമ്മാടം, കപ്ലോൻ CMC ഒഴിവായി.

014 ഫാ. വെട്ടത്ത് സെബാസ്റ്റ്യൻ : വികാരി അമ്മാടം, കപ്ലോൻ CMC; വികാരി ചേർപ്പ്, കപ്ലോൻ FCCs ഒഴിവായി.

015 ഫാ. കൂത്തൂർ ഫ്രാൻസിസ് : വികാരി ചേർപ്പ്, കപ്ലോൻ FCCs; വികാരി മങ്ങാട്, കപ്ലോൻ FCC ഒഴിവായി.

016 ഫാ. പിണ്ടിയാൻ പ്രിൻസ് : വികാരി മങ്ങാട്, കപ്ലോൻ FCC;

വികാരി വരാക്കര നോർത്ത്, കപ്ലോൻ MSMI ഒഴിവായി
017 ഫാ. കൊളമ്പ്രത്ത് ഡിക്സൺ: വികാരി വരാക്കര നോർത്ത്, കപ്ലോൻ MSMI; വികാരി മാടക്കത്ര, അസി. ഡയറക്ടർ സാന്ത്വനം ഒഴിവായി.
018 ഫാ. ചിറ്റിലപ്പിള്ളി അജിത്ത് : വികാരി മാടക്കത്ര, നോട്ടറി മെത്രാപ്പോലീത്തൻ കോടതി; അസി. വികാരി കണ്ടശ്ശാംകടവ് ഒഴിവായി.
019 ഫാ. വൈക്കാടൻ ജോസഫ് : രാമനാഥപുരം രൂപതയിൽ സേവനാനുമതി; വികാരി ചേരുംകുഴി, കപ്ലോൻ SNDS ഒഴിവായി.
020 ഫാ. കവലക്കാട്ട് സെബി : വികാരി ചേരുംകുഴി, കപ്ലോൻ SNDS; വികാരി കുണ്ടന്നൂർ, കപ്ലോൻ FMDA, UMI ഒഴിവായി.
021 ഫാ. മുരിങ്ങാത്തേരി ജിജോ : വികാരി കുണ്ടന്നൂർ, കപ്ലോൻ FMDA, UMI; വികാരി ചെങ്ങാലൂർ, കപ്ലോൻ CHF ഒഴിവായി.
022 ഫാ. പാലത്തിങ്കൽ പോൾസൺ : വികാരി ചെങ്ങാലൂർ, കപ്ലോൻ CHF; വികാരി തിരൂർ, കപ്ലോൻ FCC ഒഴിവായി.
023 ഫാ. പിണ്ടിയാൻ പോൾ : വികാരി തിരൂർ, കപ്ലോൻ FCC; വികാരി മുക്കാട്ടുകര, കപ്ലോൻ CHF ഒഴിവായി.
024 ഫാ. ചെറുവത്തൂർ വിൻസെന്റ്: വികാരി മുക്കാട്ടുകര കൂടി, കപ്ലോൻ CHF; വികാരി & ഫൊറോന വികാരി പഴുവിൽ, കപ്ലോൻ FCCs ഒഴിവായി.
025 ഫാ. വടക്കൻ ജോബ് : വികാരി & ഫൊറോന വികാരി പഴുവിൽ, കപ്ലോൻ FCCs ; വികാരി മരത്താക്കര, കപ്ലോൻ FCCs, CPS ഒഴിവായി.
026 ഫാ. മുരിങ്ങാത്തേരി ജോസഫ് : വികാരി മരത്താക്കര, കപ്ലോൻ FCCs, CPS; വികാരി പുത്തൻപീടിക, കപ്ലോൻ FCC ഒഴിവായി.
027 ഫാ. മുത്തുപ്പീടിക റാഫേൽ : വികാരി പുത്തൻപീടിക, കപ്ലോൻ FCC; വികാരി നിർമ്മലപുരം, കപ്ലോൻ CSC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.
028 ഫാ. അരിമ്പൂർ ജോൺസൺ : വികാരി നിർമ്മലപുരം, കപ്ലോൻ CSC പ്രൊവിൻഷ്യൽ ഹൗസ്; വികാരി തിരുത്തിപ്പറമ്പ്, കപ്ലോൻ FMA ഒഴിവായി.
029 ഫാ. തരകൻ ഫ്രാൻസിസ് : വികാരി തിരുത്തിപ്പറമ്പ്, കപ്ലോൻ FMA.
030 ഫാ. താണിശ്ശേരി റാഫേൽ : വികാരി കല്ലൂർ പടിഞ്ഞാറ്,

കപ്ലോൻ CSC ; വികാരി & ഫൊറോന വികാരി വേലൂർ, വികാരി പഴയങ്ങാടി, കപ്ലോൻ CHF ഒഴിവായി.

031 ഫാ. തെക്കുംപുറം ജെയ്സൺ : വികാരി & ഫൊറോന വികാരി വേലൂർ, വികാരി പഴയങ്ങാടി, കപ്ലോൻ CHF; വികാരി ഏനമ്മാവ്, കപ്ലോൻ CHF ഒഴിവായി.

032 ഫാ. ചൂണ്ടൽ തോമസ് : വികാരി ഏനമ്മാവ്, കപ്ലോൻ CHF; വികാരി ചൊവ്വന്നൂർ, കപ്ലോൻ CSCs ഒഴിവായി.

033 ഫാ. കാഞ്ഞിരത്തിങ്കൽ ബൈജു : വികാരി ചൊവ്വന്നൂർ, കപ്ലോൻ CSCs; വികാരി വെട്ടുക്കാട്, കപ്ലോൻ SJB ഒഴിവായി.

034 ഫാ. കാഞ്ഞിരത്തിങ്കൽ ആന്റോ : വികാരി വെട്ടുക്കാട്, കപ്ലോൻ SJB; വികാരി എരനെല്ലൂർ, കപ്ലോൻ SLMI ഒഴിവായി.

035 ഫാ. പുത്തൂർ സെബി : വികാരി എരനെല്ലൂർ, കപ്ലോൻ SLMI; വികാരി & ഫൊറോന വികാരി പറപ്പൂർ, കപ്ലോൻ CMC & AC ഒഴിവായി.

036 ഫാ. തേക്കാനത്ത് പോൾ : വികാരി & ഫൊറോന വികാരി പറപ്പൂർ, കപ്ലോൻ CMC & AC; വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ CMC, SABS, SKD ഒഴിവായി.

037 ഫാ. ചെറയത്ത് ഡേവിസ് Jr.: വികാരി & ഫൊറോന വികാരി പുതുക്കാട്, കപ്ലോൻ CMC, SABS, SKD; വികാരി വേലൂപ്പാടം, കപ്ലോൻ SABS, CMC ഒഴിവായി.

038 ഫാ. പൂവ്വത്തുക്കാരൻ ജോസഫ് : വികാരി വേലൂപ്പാടം, കപ്ലോൻ SABS, CMC; വികാരി കല്ലൂർ പടിഞ്ഞാറ്, കപ്ലോൻ CSC ഒഴിവായി.

039 ഫാ. തട്ടിൽ ട്രെജിൻ : കോർഡിനേറ്റർ & അസി. ഡയറക്ടർ ബൈബിൾ പ്രേഷിതത്വം, കപ്ലോൻ CMC പ്രൊവിൻഷ്യൽ ഹൗസ്, താമസം ക്രൈസ്റ്റ് വില്ല; വികാരി പല്ലിശ്ശേരി, അസി. ആർക്കെവിസ്റ്റ്, കപ്ലോൻ CSC ഒഴിവായി.

040 ഫാ. മുരിങ്ങാത്തേരി ഗ്രിജോ : വികാരി പല്ലിശ്ശേരി, കപ്ലോൻ CSC ; വികാരി തയ്യൂർ, കപ്ലോൻ SABS ഒഴിവായി.

041 ഫാ. പുത്തിരി ഫ്രാങ്കോ : വികാരി തയ്യൂർ, കപ്ലോൻ SABS; വികാരി മുണ്ടത്തിക്കോട്, കപ്ലോൻ CSCs ഒഴിവായി.

042 ഫാ. പാവർട്ടിക്കാരൻ ജോൺ : വികാരി മുണ്ടത്തിക്കോട്, കപ്ലോൻ CSCs; വികാരി മരോട്ടിച്ചാൽ, കപ്ലോൻ CSN, SABS ഒഴിവായി.

043 ഫാ. മാറോക്കി ഡെന്നിസ് : വികാരി മരോട്ടിച്ചാൽ, കപ്ലോൻ CSN, SABS; വികാരി ആറ്റുപുറം ഒഴിവായി.

044 ഫാ. വിതയത്തിൽ റിജോ : വികാരി ആറ്റുപുറം; വികാരി

പുതുരുത്തി, കപ്ലോൻ SDV ഒഴിവായി.

045 ഫാ. ചെരടായി ജിയോ : വികാരി പുതുരുത്തി, കപ്ലോൻ SDV; വികാരി കണ്ണംകുളങ്ങര, കപ്ലോൻ CSC, ദീപികയിലെ ഉത്തരവാദിത്വം എന്നിവ ഒഴിവായി.

046 ഫാ. വെട്ടത്ത് മാത്യു : വികാരി കണ്ണംകുളങ്ങര, കപ്ലോൻ CSC കൂടി; വികാരി ഒല്ലൂക്കര, കപ്ലോൻ CMC, OP & CSMഒഴിവായി.

047 ഫാ. കുരിശ്ശേരി ഇട്ട്യേച്ചൻ : വികാരി ഒല്ലൂക്കര, കപ്ലോൻ CMC, OP & CSM; വികാരി അത്താണി, കപ്ലോൻ JMJ ഒഴിവായി.

048 ഫാ. എടക്കളത്തൂർ തോമസ് : വികാരി അത്താണി, കപ്ലോൻ JMJ; വികാരി തങ്ങാലൂർ, കപ്ലോൻ DPM ഒഴിവായി.

049 ഫാ. അറങ്ങാശ്ശേരി സലീഷ് : വികാരി തങ്ങാലൂർ, കപ്ലോൻ DPM; വികാരി പാലാഴി, പുതുക്കാട് ഇടവകയിലെ സഹായി എന്നിവ ഒഴിവായി.

050 ഫാ. പടിഞ്ഞാക്കര അഭിജിത്ത് : വികാരി പാലാഴി, പുതുക്കാട് ഇടവകയിലെ സഹായി.

051 ഫാ. നായങ്കര പ്രിൻസ് : പഠനാവധി, താമസം സെന്റ് ക്രിസ്റ്റീന ഹോം പുല്ലഴി; വികാരി മാന്ദാമംഗലം, നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.

052 ഫാ. വെളിയൻ സെബി : വികാരി മാന്ദാമംഗലം, മീഡിയ കത്തോലിക്ക അംഗം; അസി. വികാരി എൽത്തുരുത്ത് ഒഴിവായി.

053 ഫാ. ആളൂർ ജോഷി : നടത്തുവികാരി പതിയാരം ഒഴിവായി.

054 ഫാ. ചിറ്റിലപ്പിള്ളി ജോയ് Jr.: വികാരി പതിയാരം; വികാരി തിരുവില്ല്വാമല, കപ്ലോൻ പ്രൊക്യുറേറ്റർ & സ്പിരിച്ചൽ ഫാദർ സെന്റ് പോൾ ഗുരുകുലം, ലോക്കൽ മാനേജർ തിരുവില്ല്വാമല എസ്റ്റേറ്റ് എന്നിവ ഒഴിവായി.

055 ഫാ. അക്കരപ്പട്ട്യേക്കൽ നിർമ്മൽ : സ്പിരിച്ചൽ ഫാദർ സെന്റ് പോൾ ഗുരുകുലം, വികാരി തിരുവില്ല്വാമല, കപ്ലോൻ SKD, പ്രൊക്യുറേറ്റർ & ലോക്കൽ മാനേജർ തിരുവില്ല്വാമല എസ്റ്റേറ്റ്; അസി. വികാരി അരണാട്ടുകര ഒഴിവായി.

056 ഫാ. കിടങ്ങൻ ജോൺ : നടത്തുവികാരി അന്തിക്കാട്, കപ്ലോൻ ഹോളി ക്രോസ് ഒഴിവായി.

057 ഫാ. വേലൂക്കാരൻ തോമസ് : വികാരി അന്തിക്കാട്, കപ്ലോൻ ഹോളി ക്രോസ്; വികാരി സരിതപുരം & വരവൂർ ഒഴിവായി.

058 ഫാ. ചിറമ്മൽ ചാക്കോ : വികാരി സരിതപുരം കൂടി; വികാരി പരക്കാട് ഒഴിവായി.

059 ഫാ. ഒലക്കേങ്കിൽ ഡെബിൻ : നടത്തുവികാരി വരവൂർ

കൂടി.

060 ഫാ. മനയത്ത് സെബാസ്റ്റ്യൻ : വികാരി പരക്കാട്

061 ഫാ. മാളിയമ്മാവ് പോൾ : ജൂബിലി പാസ്റ്ററൽ കെയർ ടീം അംഗം കൂടി, ബലിയർപ്പണം SNDS ലൂർദ്ദ്പുരം (ഞായർ ഒഴികെ), താമസം ഫാമിലി അപ്പസ്തോലേറ്റ് സെന്റർ; വികാരി മനക്കൊടി ഒഴിവായി.

062 ഫാ. ഊക്കൻ വർഗ്ഗീസ് : വികാരി മനക്കൊടി; വികാരി ചിറക്കേക്കോട്, കപ്ലോൻ SAB ഒഴിവായി.

063 ഫാ. മരോട്ടിക്കൽ അലക്സ് : വികാരി ചിറക്കേക്കോട്, കപ്ലോൻ SAB, കൺവീനർ PACT കൂടി; കപ്ലോൻ CMC സെന്റ് മേരീസ്, ഡയറക്ടർ യൂത്ത് മിനിസ്ട്രി, സെക്രട്ടറി PACT ഒഴിവായി.

064 ഫാ. താണിക്കൽ പോൾ : ചികിത്സാവധി; വികാരി തൃശ്ശൂർ സെന്റ് ആൻ, കപ്ലോൻ CMC, SLMI, അസി. ഡയറക്ടർ, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ് ഒഴിവായി; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം.

065 ഫാ. ചിറ്റിലപ്പിള്ളി ലിജോ : നടത്തുവികാരി തൃശ്ശൂർ സെന്റ് ആൻസ്, കപ്ലോൻ CMC, SLMI, അസി. ഡയറക്ടർ, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ് ഒഴിവായി.

066 ഫാ. എടക്കുളത്തൂർ ജോർജ്ജ് : വികാരി തൃശ്ശൂർ സെന്റ് ആൻസ്, കപ്ലോൻ CMC, SLMI, അസി. ഡയറക്ടർ, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ്; വികാരി വരന്തരപ്പിള്ളി പള്ളിക്കുന്ന്, കപ്ലോൻ MSMI & SG ഒഴിവായി.

067 ഫാ. ചിരിയങ്കണ്ടത്ത് ആന്റോ : വികാരി വരന്തരപ്പിള്ളി പള്ളിക്കുന്ന്, കപ്ലോൻ MSMI & SG.

068 ഫാ. കണ്ണമുണ്ടയിൽ ബിജു CMF : വികാരി മുല്ലക്കര, കപ്ലോൻ CSC ഒഴിവായി; മെത്രാപ്പോലീത്തൻ കോടതിയിലെ സേവനം തുടരുന്നു.

069 ഫാ. ചക്കുംപീടിക തോമസ് : വികാരി മുല്ലക്കര, കപ്ലോൻ CSC.

070 ഫാ. ചിറമ്മൽ ജോളി : ചികിത്സാവധി, താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വികാരി ചിറ്റിലപ്പിള്ളി, കപ്ലോൻ SD ഒഴിവായി.

071 ഫാ. തളിയത്ത് നിബിൻ : വികാരി ചിറ്റിലപ്പിള്ളി, കപ്ലോൻ

SD; വികാരി വാക ഒഴിവായി.

072 ഫാ. പുത്തൂർ ജോബി : വികാരി വാക; വികാരി വെള്ളക്കാരിത്തടം ഒഴിവായി.

073 ഫാ. രായപ്പൻ ആന്റോ : വികാരി വെള്ളക്കാരിത്തടം, അസി. ആർക്കെവിസ്റ്റ്

074 ഫാ. കരിപ്പേരി വർഗ്ഗീസ് : എവുപ്രാസ്യാ മിഷനായി അവധി, താമസം വിയാനി ഭവൻ; വികാരി കണ്ണാറ, കപ്ലോൻ FCC ഒഴിവായി.

075 ഫാ. കുരുതുകുളങ്ങര ആന്റണി : വികാരി കണ്ണാറ, കപ്ലോൻ FCC; വികാരി പൂങ്കുന്നം, കപ്ലോൻ CSC ഒഴിവായി.

076 ഫാ. താണിക്കൽ മനോജ് : വികാരി പൂങ്കുന്നം, കപ്ലോൻ CSC; വികാരി പാറന്നൂർ & ചിറനെല്ലൂർ, കപ്ലോൻ CHF ഒഴിവായി.

077 ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ് : വികാരി പാറന്നൂർ & ചിറനെല്ലൂർ, കപ്ലോൻ CHF; സെന്റ് മേരീസ് മൈനർ സെമിനാരിയിലെ ഉത്തരവാദിത്വങ്ങൾ, ഡിഗ്രി വിദ്യാർത്ഥികളുടെ കോർഡിനേറ്റർ എന്നിവയിൽ നിന്ന് ഒഴിവായി.

078 ഫാ. ചിറ്റിലപ്പിള്ളി ജെയ്സൺ : സ്പിരിച്വൽ ഫാദർ സെന്റ് മേരീസ് മൈനർ സെമിനാരി; വികാരി വരാക്കര സൗത്ത്, കപ്ലോൻ CSM ഒഴിവായി.

079 ഫാ. കുറ്റിക്കാട്ട് ജിന്റോ : വികാരി വരാക്കര സൗത്ത്, കപ്ലോൻ CSM; വികാരി എളനാട്, കപ്ലോൻ CHF ഒഴിവായി.

080 ഫാ. ചുങ്കത്ത് മിഥുൻ : വികാരി എളനാട്, കപ്ലോൻ CHF; അസി. വികാരി കൊട്ടേക്കാട് ഒഴിവായി.

081 ഫാ. കല്ലിങ്കൽക്കുടിയിൽ ജിമ്മി : കെനിയയിൽ സേവനം ചെയ്യുന്നതിന് ഒരു വർഷത്തേക്ക് അവധി; വികാരി പൊന്നൂക്കര, കപ്ലോൻ SMC & CSM ഒഴിവായി.

082 ഫാ. കള്ളിക്കാടൻ സ്റ്റാർസൺ : വികാരി പൊന്നൂക്കര, കപ്ലോൻ SMC & CSM.

083 ഫാ. കരേപറമ്പൻ സിന്റോ : വികാരി പുല്ലംകണ്ടം ഒഴിവായി.

084 ഫാ. കിഴക്കേകണ്ണൻചിറ ഫ്രിന്റോ : അസി. ഡയറക്ടർ JMMCH, വികാരി പുല്ലംകണ്ടം.

085 ഫാ. കടപ്പൂരാൻ ജോബി : വികാരി തങ്ങാലൂർ നോർത്ത് ഒഴിവായി.

086 ഫാ. മുള്ളക്കര ടെറിൻ : വികാരി തങ്ങാലൂർ നോർത്ത് കൂടി.

087 ഫാ. മങ്ങാട്ടിളയൻ ജോമോൻ : പഠനാവധി, താമസം

മേരിമാത മേജർ സെമിനാരി; സെന്റ് മേരീസ് മൈനർ സെമിനാരിയിലെ ഉത്തരവാദിത്വങ്ങൾ ഒഴിവായി.

088 ഫാ. കൊള്ളന്നൂർ അജിത്ത് : അസിസ്റ്റന്റ് പ്രൊക്യുറേറ്റർ & ആർച്ച്ബിഷപ്സ് ഹൗസ് പ്രൊക്യുറേറ്റർ, ഡയറക്ടർ KCYM, കല്ലോൻ കുരിയച്ചിറ CMC സെന്റ് പോൾസ്; പ്രീസ്റ്റ് ഇൻ ചാർജ്ജ് കാക്കശ്ശേരി ഒഴിവായി.

089 ഫാ. ഊക്കൻ തോമസ് : പ്രീസ്റ്റ് ഇൻ ചാർജ്ജ് കാക്കശ്ശേരി; അസി.വികാരി കോട്ടപ്പടി ഒഴിവായി.

090 ഫാ. താണിക്കൽ ജോമോൻ : ഹൊസൂർ രൂപതയിൽ സേവനത്തിന് അനുമതി; അസി. വികാരി തിരൂർ, മീഡിയ കത്തോലിക്ക & യൂത്ത് മിനിസ്ട്രി അംഗം ഒഴിവായി. (സേവനത്തിനു പോകുന്നതു വരെ താമസം ആർച്ച്ബിഷപ്സ് ഹൗസ്)

091 ഫാ. വടക്കൻ സാജൻ : ഡയറക്ടർ യൂത്ത് മിനിസ്ട്രി കൂടി; ഡയറക്ടർ KCYM ഒഴിവായി.

092 ഫാ. മാളിയേക്കൽ സനൽ : മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയയിൽ സേവനത്തിന് അനുമതി (w.e.f 29.01.2026); അസി. ഡയറക്ടർ DBCLC & Excel Academy, ബലിയർപ്പണം SKD തോട്ടത്തിൽ ലൈൻ എന്നിവ ഒഴിവായി.

093 ഫാ. തയ്യാലക്കൽ ഫ്ളെർജിൻ : കല്ലോൻ CMC കൃപാ തീർത്ഥം കൂടി. കല്ലോൻ കുരിയച്ചിറ CMC സെന്റ് പോൾസ്, വാർഡൻ സെന്റ് തോമസ് കോളേജ് എന്നിവ ഒഴിവായി;

094 ഫാ. തരകൻ റോജർ : വാർഡൻ സെന്റ് തോമസ് കോളേജ് കൂടി, ബലിയർപ്പണം CSM ചേലക്കോട്ടുകര; കല്ലോൻ CMC ശാന്തിധാം ഒഴിവായി.

095 Archdiocesan Desk for Property Operations & Planning (ADPOP) : Fr. Vennattuparambil Joshy (Convenor), Fr. Pallikunnath Francis, Fr. Maliyammavu Paul, Fr. Kollannur Ajith

096 ഫാ. കവലക്കാട്ട് ഫ്രാങ്കോ : കോർഡിനേറ്റർ Institution Desk ഒഴിവായി.

097 ഫാ. ഓലപ്പുരയ്ക്കൽ റിൻജോ : IT Coordinator, കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി കൂടി.

098 ഫാ. വള്ളൂപ്പാറ ജീജോ : ഡയറക്ടർ കത്തോലിക്ക കോൺഗ്രസ്സ് ഒഴിവായി.

099 ഫാ.പള്ളിക്കുന്നത്ത് ഫ്രാൻസിസ് : ഡയറക്ടർ കത്തോലിക്ക കോൺഗ്രസ്സ്, ബലിയർപ്പണം അസ്സീസി പ്രൊവിൻഷ്യൽ ഹൗസ് കൂടി; കല്ലോൻ UMI, CSM ഹോളി സ്പിരിറ്റ് & സ്നേഹഭവൻ ഒഴിവായി.

100 ഫാ. കാക്കശ്ശേരി ടോണി : അവധി തുടരുന്നു.
101 ഫാ. ഒലക്കേങ്കിൽ ദിജോ : സെക്രട്ടറി PACT കൂടി.
102 ഫാ. തച്ചോത്ത് അജിത്ത് : മാർക്കറ്റിംഗ് കോർഡിനേറ്റർ ദീപിക കൂടി.
103 ഫാ. കുന്നപ്പിള്ളി ടെൻസ് : അസി. ഡയറക്ടർ ഇൻ ചാർജ്ജ് സാന്ത്വനം ഒഴിവായി.
104 ഫാ. കുറ്റിക്കാട്ട് ജിസോ : മെത്രാപ്പോലീത്തൻ കോടതി Defender of Bond, താമസം ആർച്ച്ബിഷപ്സ് ഹൗസ്.
105 ഫാ. മുരിങ്ങാത്തേരി സിജോ : ഡയറക്ടർ മനക്കൊടി സാവിയോ ഹോം.
106 ഫാ. ആലപ്പാടൻ ഫിജോ : കപ്ലോൻ MI FCC കൂടി; ബലിയർപ്പണം CHF മുക്കാട്ടുകര ഒഴിവായി.
107 ഫാ. ചാലിശ്ശേരി ലിജോ : കപ്ലോൻ മണ്ണുത്തി CHF ജനറലേറ്റ് കൂടി; കപ്ലോൻ മുളയം SNDS നോവിഷ്യറ്റ് ഒഴിവായി.
108 ഫാ. ചിരിയങ്കണ്ടത്ത് ഷിജോ : കപ്ലോൻ ചേറൂർ CMC സെൻ്റ് സേവിയേഴ്സ് കൂടി; കപ്ലോൻ അസ്സീസി FCC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.
109 ഫാ. കരേരക്കാട്ടിൽ അൽജോ : കപ്ലോൻ CMC സേക്രഡ് ഹാർട്ട് കൂടി; ബലിയർപ്പണം കൂർക്കഞ്ചേരി CSC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.
110 മോൺ. കോനിക്കര ജോസ് Jr. : ബലിയർപ്പണം CHF മുക്കാട്ടുകര കൂടി; കപ്ലോൻ CMC സേക്രഡ് ഹാർട്ട് ഒഴിവായി.
111 മോൺ. കൂനംപ്ലാക്കൽ ജെയ്സൺ : കപ്ലോൻ അസ്സീസി FCC കൂടി; കപ്ലോൻ CSM പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.
112 ഫാ. കൂത്തൂർ അനീഷ് : ബലിയർപ്പണം കൂർക്കഞ്ചേരി CSC പ്രൊവിൻഷ്യൽ ഹൗസ് കൂടി; കപ്ലോൻ MI FCC ഒഴിവായി.
113 ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ : കപ്ലോൻ CSM കൂട്ടാല കൂടി.
114 ഫാ. മാളിയേക്കൽ ജിജോ : കപ്ലോൻ SKD തോട്ടത്തിൽ ലൈൻ കൂടി; ചിയ്യാരം വിജയമാത ഇടവകയിലെ ഉത്തരവാദിത്വം ഒഴിവായി.
115 ഫാ. മണ്ടുംപാൽ ടൈസൺ : കപ്ലോൻ SNDS നോവിഷ്യറ്റ് ഹൗസ് മുളയം കൂടി; CSS ജനറലേറ്റ് മുല്ലക്കര ഒഴിവായി.
116 ഫാ. പുളിക്കൻ പോൾ : കപ്ലോൻ SMC മുളയം കൂടി; SNDS ജനറലേറ്റ് ഒഴിവായി.
117 ഫാ. റെക്ടർ, സെൻ്റ് മേരീസ് മൈനർ സെമിനാരി : കപ്ലോൻ CHF മറിയം ത്രേസ്യ നിലയം, മണ്ണുത്തി CSS പ്രൊവിൻഷ്യൽ ഹൗസ് & മറ്റു മഠങ്ങൾ ഒഴിവായി.

118 ഫാ. തൈക്കാട്ടിൽ സൈജോ : കപ്ലോൻ CSM പ്രൊവിൻഷ്യൽ ഹൗസ് & ഹോളി സ്പിരിറ്റ് കൂടി; SKD തോട്ടത്തിൽ ലൈൻ ഒഴിവായി.

119 ഫാ. തലക്കോടൻ ഡൊമിനിക് : കപ്ലോൻ UMI, CSM സ്നേഹഭവൻ, (ബലിയർപ്പണം ഞായറാഴ്ചകളിൽ കോലഴി CMC പ്രൊവിൻഷ്യൽ ഹൗസ്) കൂടി; കപ്ലോൻ പടവരാട് FCC പാവനാത്മ, ബലിയർപ്പണം FCC സെന്റ് തെരേസ ഒഴിവായി.

120 ഫാ. താഴത്ത് ജിക്സൺ : കപ്ലോൻ SNDS ജനറലേറ്റ് കൂടി; SMC മുളയം ഒഴിവായി.

121 ഫാ. തെക്കിനിയത്ത് ജിയോ : കപ്ലോൻ മണ്ണുത്തി CSS പ്രൊവിൻഷ്യൽ ഹൗസ് & മറ്റുമഠങ്ങൾ; CSM പൊന്നൂക്കര ഒഴിവായി.

122 ഫാ. വാഴപ്പിള്ളി ബിൽജു : കപ്ലോൻ CMC ശാന്തിധാം കൂടി; CMC കൃപാതീർത്ഥം ഒഴിവായി.

123 ഫാ. വാഴപ്പിള്ളി ടിങ്കിൾ : കപ്ലോൻ പടവരാട് FCC പാവനാത്മ, ബലിയർപ്പണം FCC സെന്റ് തെരേസ കൂടി; ബലിയർപ്പണം SNDS ലൂർദ്ദ്പുരം ഒഴിവായി.

124 ഫാ. കാവുങ്കൽ ഡേവിസ് MST: കപ്ലോൻ CSM കൂട്ടാല ഒഴിവായി.

125 ഫാ. അഞ്ചുപങ്കിൽ ജോബിൻ ജോർജ്ജ് MI: കപ്ലോൻ CSS പ്രേഷിതഭവൻ ഒഴിവായി.

126 ഫാ. കല്ലൂക്കാരൻ ജോർജ്ജ് CMI: കപ്ലോൻ CHF മഡോണ; SMC ചേറൂർ ഒഴിവായി.

127 ഫാ. കൊളമ്പ്രത്ത് മാർട്ടിൻ : കപ്ലോൻ SMC ചേറൂർ കൂടി; CHF മഡോണ ഒഴിവായി.

128 ഫാ. കാവുങ്കൽ ഡേവി CMI: കപ്ലോൻ CMC തൃശ്ശൂർ സെന്റ് മേരീസ്; ചേറൂർ CMC സെന്റ് സേവിയേഴ്സ് ഒഴിവായി.

129 ഫാ. തോണിക്കുഴിയിൽ ജോയ്സ് ഫ്രാൻസിസ് SDB : കപ്ലോൻ CSS ജനറലേറ്റ്; CHF ജനറലേറ്റ് ഒഴിവായി.

130 ഫാ. പയ്യപ്പിള്ളി റിന്റോ : ചിയ്യാരം വിജയമാത ഇടവകയിൽ സഹായി.

131 HOPE - Ministry for the Differently Abled People : Appointed Fr. Joju Aloor, Fr. Benwin Thattil, Fr. Tony Arimboor, Fr. Derin Arimbur

132 ഫാ. ഐനിക്കൽ എഡ്വിൻ : സഹവികാരി വേലൂപ്പാടം; ഒല്ലൂർ ഒഴിവായി.

133 ഫാ. ഐനിക്കൽ ജോബിൻ : സഹവികാരി അരിമ്പൂർ

134 ഫാ. അക്കരപറമ്പിൽ ലിൻസൺ : വിശാഖപട്ടണം മിഷൻ (സേവനത്തിനു പോകുന്നതുവരെ താമസം ആർച്ച്ബിഷ

പ്സ് ഹൗസ്); വെണ്ടോർ ഒഴിവായി.
135 ഫാ. അക്കരപ്പട്ട്യേക്കൽ ജോഫിൻ : സഹവികാരി അമ്മാടം കൂടി; പുത്തൻപീടിക ഒഴിവായി.
136 ഫാ. അക്കരപ്പട്ട്യേക്കൽ ജീസ് : സഹവികാരി കുരിയച്ചിറ; എരുമപ്പെട്ടി ഒഴിവായി.
137 ഫാ. ആലപ്പാട്ട് ജിയോ : പഠനാവധി, താമസം സെന്റ് മേരീസ് മൈനർ സെമിനാരി, കപ്ലോൻ CHF മറിയം ത്രേസ്യ നിലയം; സഹവികാരി ഒല്ലൂർ മേരിമാത ഒഴിവായി.
138 ഫാ. അപ്പക്കോട്ടിൽ എഡ്വിൻ ജോർജ്ജ് : സഹവികാരി തൃശ്ശൂർ ബസിലിക്ക 2
139 ഫാ. അരിമ്പൂർ ഡെറിൻ: സഹവികാരി മുണ്ടൂർ; പുതുക്കാട് ഒഴിവായി.
140 ഫാ. ഐനിക്കൽ നോബിൾ : സഹവികാരി പുതുക്കാട്.
141 ഫാ. ബ്രഹ്മകുളം ജോസഫ് : സഹവികാരി വെണ്ടോർ.
142 ഫാ. ചാഴൂർ അമൽ : സഹവികാരി പാവറട്ടി 2.
143 ഫാ. ചെമ്മണ്ണൂർ ജീസ്മോൻ : സഹവികാരി വരന്തരപ്പിള്ളി പള്ളിക്കുന്ന്; തൃശ്ശൂർ ലൂർദ്ദ് 2 ഒഴിവായി.
144 ഫാ. ചെറുതാണിക്കൽ ഫ്രാങ്കോ ഫ്രോണിസ് : സഹവികാരി പാവറട്ടി 1; മറ്റം ഒഴിവായി.
145 ഫാ. ചെറുതാണിക്കൽ പ്രിൻസ് : സഹവികാരി പെരിഞ്ചേരി; തൃശ്ശൂർ ബസിലിക്ക ഒഴിവായി.
146 ഫാ. ചിറമ്മൽ ഇലോയ് : സഹവികാരി കണ്ടശ്ശാംകടവ്.
147 ഫാ. ചിറ്റിലപ്പിള്ളി ആന്റണി Jr.: സഹവികാരി മരിയാപുരം കൂടി; നെല്ലിക്കുന്ന് ഒഴിവായി.
148 ഫാ. ചൂണ്ടൽ ആൽബിൻ : സഹവികാരി നടത്തറ; കുറ്റൂർ ഒഴിവായി.
149 ഫാ. എലുവത്തിങ്കൽ സാന്റിയോ : സഹവികാരി എരുമപ്പെട്ടി.
150 ഫാ. കണ്ണനായ്ക്കൽ സാൽവിൻ : സഹവികാരി ഒല്ലൂർ മേരിമാത, Defender of Bond മെത്രാപ്പോലീത്തൻ കോടതി; മുണ്ടൂർ ഒഴിവായി.
151 ഫാ. കാട്ടിപറമ്പൻ ക്ലിൻസൺ : മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി കൂരിയ & കപ്ലോൻ CSS പ്രേഷിതഭവൻ; സഹവികാരി ചെങ്ങാലൂർ ഒഴിവായി.
152 ഫാ. കിഴക്കൂടൻ ഗോഡ്വിൻ : സഹവികാരി തൃശ്ശൂർ ലൂർദ്ദ് 2; പാവറട്ടി ഒഴിവായി.
153 ഫാ. കുന്നപ്പിള്ളിൽ തേജസ്സ് : സഹവികാരി ചെങ്ങാലൂർ; ഒല്ലൂർ 2 ഒഴിവായി.
154 ഫാ. കുരുതുകുളങ്ങര ലിവിൻ : വിശാഖപട്ടണം മിഷൻ

(സേവനത്തിനു പോകുന്നതു വരെ താമസം ആർച്ച്ബിഷപ്സ് ഹൗസ്); സഹവികാരി പാവറട്ടി ഒഴിവായി.

155 ഫാ. മാങ്ങൻ അജിൽ : സഹവികാരി പറപ്പൂർ; മരത്താക്കര ഒഴിവായി.

156 ഫാ. മഞ്ഞളി ക്രിസ്റ്റോ : സഹവികാരി അരണാട്ടുകര; പറപ്പൂർ ഒഴിവായി.

157 ഫാ. മുത്തിപ്പീടിക മേജോ : സഹവികാരി തൃശ്ശൂർ സെന്റ് ആൻസ്; ചേലക്കര ഒഴിവായി.

158 ഫാ. മുട്ടത്ത് പോൾ : Associate Vocation Promoter & Co-ordinator Degree Students കൂടി; കപ്ലോൻ CSM പൊന്നൂക്കര; താമസം സെന്റ് മേരീസ് മൈനർ സെമിനാരി; കപ്ലോൻ CMC പ്രൊവിൻഷ്യൽ ഹൗസ് ഒഴിവായി.

159 ഫാ. നീലങ്കാവിൽ ഹേഡ്‌ലി : പഠനാവധി, താമസം മേരിമാത മേജർ സെമിനാരി; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി കൂരിയ, കപ്ലോൻ CSC കൊക്കാല ഒഴിവായി.

160 ഫാ. നെല്ലങ്കര ജിതിൻ : സഹവികാരി തിരൂർ കൂടി; മരിയാപുരം ഒഴിവായി.

161 ഫാ. ഒലക്കേങ്കിൽ ബ്രിൽവിൻ : സഹവികാരി തൃശ്ശൂർ ബസിലിക്ക 1; തലോർ ഒഴിവായി.

162 ഫാ. പാണേങ്ങാടൻ ക്ലിന്റ് : സഹവികാരി തലോർ; പാലയൂർ ഒഴിവായി.

163 ഫാ. പട്ട്യേക്കൽ ആൽവിൻ : സഹവികാരി വടക്കാഞ്ചേരി, മീഡിയ കത്തോലിക്ക അംഗം; ചിറ്റാട്ടുകര ഒഴിവായി.

164 ഫാ. പെല്ലിശ്ശേരി ഏക്ടൺ : സഹവികാരി ഒളരിക്കര.

165 ഫാ. പേരാമംഗലം ജോൺ : സഹവികാരി വേലൂർ; പെരിഞ്ചേരി, നോട്ടറി മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.

166 ഫാ. പൊന്നാരി നിതിൻ : സഹവികാരി മുക്കാട്ടുകര കൂടി; മണ്ണുത്തി ഒഴിവായി.

167 ഫാ. പൊൻപറമ്പിൽ ബിജോയ് : സെക്രട്ടറി സഹായമെത്രാൻ, നോട്ടറി കൂരിയ, കപ്ലോൻ CSC കൊക്കാല; സഹവികാരി ഒളരിക്കര ഒഴിവായി.

168 ഫാ. പുലിക്കോട്ടിൽ ഡേവിസ് Jr.: സഹവികാരി ഒല്ലൂർ 1; പഴുവിൽ ഒഴിവായി.

169 ഫാ. പുത്തൂക്കര ഫ്രാൻസിസ് : സഹവികാരി നെല്ലിക്കുന്ന് കൂടി; മുക്കാട്ടുകര ഒഴിവായി.

170 ഫാ. പുത്തൂർ ജോൺ : സഹവികാരി മണ്ണുത്തി കൂടി; നടത്തറ ഒഴിവായി.

171 ഫാ. തറയിൽ ജിജോ : സഹവികാരി ഒല്ലൂർ 2.

172 ഫാ. തട്ടിൽ ബെൻവിൻ : സഹവികാരി കൊട്ടേക്കാട്, അസി. ഡയറക്ടർ സാന്ത്വനം; തൃശ്ശൂർ ബസിലിക്ക ഒഴിവായി.

173 ഫാ. താഴത്ത് നിതിൻ : സഹവികാരി പാലയൂർ.

174 ഫാ. തേയ്ക്കാനത്ത് ക്രിസ്റ്റോ : അസി. ഡയറക്ടർ DBCLC, ബുക്ക് സ്റ്റാളിൽ സഹായി, പുത്തൂർ ഇടവകയിൽ സഹായി; അമ്മാടം ഒഴിവായി.

175 ഫാ. തെക്കേക്കര ജാക്സൺ : സഹവികാരി മരത്താക്കര, സെന്റ് മേരീസ് ITI ൽ പഠിപ്പിക്കാൻ അനുവാദം; വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.

176 ഫാ. വടക്കേത്തല പ്രിജോവ് : സഹവികാരി എൽത്തുരുത്ത്; തൃശ്ശൂർ ലൂർദ്ദ് ഒഴിവായി.

177 ഫാ. വേലൂക്കാരൻ ജിയോ : സഹവികാരി മറ്റം; കുരിയച്ചിറ ഒഴിവായി.

178 ഫാ. പുലിക്കോട്ടിൽ ജിയോ : സഹവികാരി ചിറ്റാട്ടുകര.

179 ഫാ. പൊറത്തൂക്കാരൻ വിബി : സഹവികാരി കോട്ടപ്പടി.

180 ഫാ. മൊയലൻ അഭിഷേക് : സഹവികാരി കല്ലൂർ കിഴക്ക്.

181 ഫാ. മൊറേലി ടോൾമിൻ : സഹവികാരി പഴുവിൽ.

182 ഫാ. മഞ്ഞാടിക്കൽ ഷോജോ SDV : സഹവികാരി തൃശ്ശൂർ ലൂർദ്ദ് 1.

183 ഫാ. മാഞ്ഞൂരാൻ റിജോ VC : സഹവികാരി എറവ്.

184 ഫാ. കൊച്ചുവേലിയ്ക്കകത്ത് അജിത്ത് CST : സഹവികാരി പുറനാട്ടുകര.

185 ഫാ. ബിബിൻ പി. മൈക്കിൾ O.SS.T. : സഹവികാരി പുത്തൻ പീടിക.

186 ഫാ. നെയ്യൻ ആന്റണി CMI : സഹവികാരി വരന്തരപ്പിള്ളി കിഴക്ക്.

187 ഫാ. വാഴപ്പിള്ളി ജിസ്വിൻ : സഹവികാരി അരിമ്പൂർ ഒഴിവായി.

188 ഫാ. പനക്കൽ ഷെബിൻ CMI : സഹവികാരി വേലൂപ്പാടം ഒഴിവായി.

189 ഫാ. കൊക്കൻ ജോഷ്വിൻ : സഹവികാരി എറവ് ഒഴിവായി.

190 ഫാ. മാളിയേക്കൽ ജിജി ജോസ് : സഹവികാരി വേലൂർ ഒഴിവായി.

191 ഫാ. മാണിപറമ്പിൽ പ്രിന്റോ OFM.Cap. : സഹവികാരി പുറനാട്ടുകര ഒഴിവായി.

192 ഫാ. പൈനാടത്ത് അബിൻ : സഹവികാരി വടക്കാഞ്ചേരി ഒഴിവായി.

193 ഫാ. പുതുപ്പള്ളിൽ തോമസ് (ജെയ്സൺ) CST:സഹവികാരി

കല്ലൂർ കിഴക്ക് ഒഴിവായി.

194 ഫാ. ഞരളക്കാട്ടുകുന്നേൽ റെജി : പുത്തൂർ സഹായി & ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.

195 ഫാ. നെല്ലിശ്ശേരി അഖിൽ ആന്റണി CMI : സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ സിഞ്ചെല്ലൂസ്

**അവിടുത്തെ
ആലയത്തെക്കുറിച്ചുള്ള
തീക്ഷ്ണത എന്നെ
വിഴുങ്ങിക്കളയും
എന്നെഴുതപ്പെട്ടിരിക്കുന്നത്
അപ്പോൾ അവൻെറ
ശിഷ്യൻമാർ
അനുസ്മരിച്ചു.**
**(യോഹ. 2:17)**

# ENGAGEMENTS

## MARCH 2026

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Sun | Morning | Inauguration of Music Therapy Institute @Nadathara |
| 4 | Wed | Morning | Holy Mass @ Minor Seminary |
| 5 | Thu | Morning | Holy Mass @ St. Paul's Gurukulam, Thiruvillwamala |
| | | Evening | Finance Council |
| 6 | Fri | Morning | Mass @ Pre- Cana |
| 7 | Sat | Afternoon | Concluding Ceremony of Golden Jubilee of PRO |
| 9- 10 | | Afternoon | Ongoing Formation Programme |
| 12 | Thu | Morning | Inter Eparchial Presbyteral Council @ Irinjalakuda |
| 14 | Sat | Morning | Mass @ Pudukad<br>Pastoral Council |
| | | Afternoon | Co-Ordination Committee Meeting |
| 15 | Sun | Morning | Darsana Sabha Varshikam @ Pallikunnu |
| | | Afternoon | Dr. Alexander Mar Thoma Valiya Metropolitan Memorial Lecture @ Thrissur Ebenezer Mar Thoma Church |
| 16 | Mon | Morning | Forane Vicars' Meeting |
| | | Evening | Planning Session Meeting with Marymatha Staff |
| 18 | Wed | Evening | JMMC Trust Meeting |
| 19 | Thu | Evening | Palayur Bible Convention Concluding Talk |

| | | | |
|---|---|---|---|
| 21 | Sat | Morning | Catechetical Council General Body Inauguration |
| | | Evening | Meeting of Trustees & Accountants @ DBCLC |
| 22 | Sun | Morning | Palayur Great Pilgrimage |
| 26 | Thu | Morning | Consulters Meeting |
| | | Afternoon | Prysbeteral Council Meeting |
| 28 | Sat | Afternoon | Diaconate and Minor Orders |
| 29 | Sun | Morning | Palm Sunday @ Lourdes Cathedral |
| 30 | Mon | Morning | Priests Sanctification Day & Chrism Mass @ Lourdes Cathedral |

## ENGAGEMENTS

**MARCH 2026**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 -19 | | | Visit to UK & Ireland |
| 20 | Fri | Morning | Minor Seminary Formation Workshop @ Kakkanad |
| 21 | Sat | Afternoon | Meeting of Trustee & Accounts @ DBCLC |
| | | Evening | Catechetical Council Meeting @ DBCLC |
| 22 | Sun | | Palayur Pilgrimage |
| 23-26 | | | Visit to Vishakhapattanam |
| 27 | Fri | Morning | Holy Mass @ Pre - Cana Course |
| 28 | Sat | Afternoon | Diaconate & Minor Orders @ Lourdes Cathedral |
| 29 | Sun | Morning | Palm Sunday Holy Mass @ Basilica |
| 30 | Mon | | Sanctification Day @ Lourdes Cathedral |



# നാളാഗമം

## ജനുവരി 2026

01 അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് മാന്നാനത്ത് വി.ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാന അർപ്പിച്ചു.

02. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എരുമപ്പെട്ടി തിരുഹൃദയ ദൈവാലയത്തിലെ അടിപ്പള്ളി വെഞ്ചിരിക്കുകയും പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം വിശുദ്ധ ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് വെണ്ടോർ ഇടവക തിരുനാളിനു ഒരുക്കമായി കൊടികയറ്റം നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സെന്റ് തോമസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ മാർ ജോയ് ആലപ്പാട്ട് പിതാവിന് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു. വൈകീട്ട് ആളൂർ ദൈവാലയത്തിൽ നടന്ന ഇടവകദിനം ഉദ്ഘാടനം ചെയ്തു.

03. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബോംബെ അതിരൂപതയിലെ പുതിയ സഹായ മെത്രാനായ അഭിവന്ദ്യ സ്റ്റീഫൻ ഫെർണാണ്ടസ് പിതാവിന്റെ

മെത്രാഭിഷേകതിരുകർമ്മത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒളരിക്കര ഇടവകയിൽ ആറാമത്തെ കുഞ്ഞിന് മാമോദീസ നൽകി. തുടർന്ന് ചേറ്റുപുഴ ആരാധനാ സന്യാസിനി സമൂഹത്തിന്റെ നിർമൽ റാണി പ്രവിശ്യയുടെ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് അരണാട്ടുകര ഇടവക പണിതു നൽകുന്ന ഭവനത്തിന്റെ വെഞ്ചിരിപ്പ് നടത്തി. തുടർന്ന് അരണാട്ടുകര ഇടവക തിരുനാളിന് പരിശുദ്ധ കുർബാന അർപ്പിച്ച് കൂടുതുറക്കൽ കർമ്മം നിർവഹിച്ചു.

04. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെളുത്തൂർ ഇടവകയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളെ സന്ദർശിച്ച് അവരുമായി സംവദിച്ചു. ഉച്ചതിരിഞ്ഞ് ഫാമിലി അപ്പോസ്തോലേറ്റിൽ വച്ചു നടന്ന ഏലീശ്വാ സഹഗമനവും യുവദമ്പതികളുടെ സംഗമവും എന്ന പരിപാടിയിൽ പങ്കെടുത്തു. തുടർന്ന് യൂത്ത് സി എൽ സി സംഘടനയിലെ പുതിയ അതിരൂപതാ ഭാരവാഹികളെ സ്ഥാനമേൽപ്പിക്കുന്ന ചടങ്ങിൽ അധ്യക്ഷം വഹിച്ചു.

05. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് അതിരൂപതാ ആസ്ഥാനത്ത് വച്ച് നടന്ന മീഡിയാ കത്തോലിക്കാ മീറ്റിംഗിൽ പങ്കെടുത്തു.

06. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എൽത്തുരുത്ത് ഇടവകയിലെ നവ ദൈവാലയ നിർമ്മാണത്തിനായിയുള്ള കല്ല് ആശിർവദിക്കുകയും സ്ഥാപിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാക്കന്മാർ ആറാം തീയതി മുതൽ പത്താം തീയതി വരെ നടന്ന സീറോ മലബാർ സഭയുടെ സിനഡിൽ പങ്കെടുത്തു.

11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂങ്കുന്നം ഇടവകയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് പാലക്കൽ ഇടവകയിലെ വിശ്വാസ പരിശീലന വിദ്യാർത്ഥികളെ സന്ദർശിച്ച് അവരുമായി സംവദിച്ചു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ആർച്ച് ബിഷപ്സ് ഹൗസിൽ വെച്ച് കൂടിയ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് ശേഷം അഭിവന്ദ്യ പിതാവ് മുണ്ടൂരിൽ എഫ് സി സി സന്യാസിനി സമൂഹത്തിൽ നിന്നും വേർപിരിഞ്ഞുപോയ സിസ്റ്റർ മേരി ജോണിന്റെ മൃതസംസ്ക്കാര കർമങ്ങൾക്ക് കാർമികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പൂമല ഇടവക ദൈവാലയത്തിൽ

വച്ച് ഡീക്കൻ മൈക്കിൾ സി എസ് ജെ ബി ക്ക് തിരുപ്പട്ടം നൽകി.

13. അഭിവന്ദ്യ പിതാക്കന്മാർ വൈകീട്ട് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.
14. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മുതൽ വൈകീട്ട് വരെ എറണാകുളത്ത് വച്ച് നടത്തിയ സി ബി സി ഐ തല എന്റർപ്രണേഴ്സിന്റെ മീറ്റിൽ പങ്കെടുത്തു.
15. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തൃശൂർ കോർപറേഷൻ ഓഫീസിന്റെ മുന്നിൽ നടത്തിയ കാത്തലിക് ടീച്ചേഴ്സിന്റെ പ്രതിഷേധ പരിപാടിയിൽ പങ്കെടുക്കുകയും അവർക്കു പിന്തുണ നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജ് ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വച്ച് നടക്കുന്ന വിവാഹ ഒരുക്ക കോഴ്സിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.
17. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഗുരുവായൂർ എൽ എഫ് കോളേജിൽ വച്ച നടത്തിയ എഫ് സി സി സിസ്റ്റേഴ്സിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു അവർക്കു ആശംസകൾ അർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മച്ചാട് ഇടവക ദേവാലയത്തിൽ വച്ച് പുത്തിരി ഡെന്നി + ദിവ്യ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് മാമ്മോദിസ നൽകി. തുടർന്ന് ആറ്റുപുറം ഇടവക ദേവാലയത്തിൽ നടന്ന ആന്റണി കൊള്ളന്നൂർ അച്ചന്റെ അനുസ്മരണ ദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുൻപിൽ വച്ച് നടന്ന അധ്യാപകരുടെ ധർണ്ണയിൽ പങ്കെടുത്തു. തുടർന്ന് അമ്മാടം ഇടവക ദേവാലയത്തിലെ തിരുനാളിന് കൊടികയറ്റം നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് സീറോ മലബാർ ക്ലർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.
18. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ പൊന്നാനി ഇടവക പള്ളിയിയിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞു ചിൽഡ്രൻസ് മിനിസ്ട്രയുടെ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുകയും വിജയികളായ കുഞ്ഞുങ്ങളെ

അനുമോദിക്കുകയും ചെയ്തു. വൈകിട്ട് നാലുമണിക്ക് തൃശൂർ നവജ്യോതി പ്രൊവിൻസ് അംഗമായ സിസ്റ്റർ ക്യാഷസിന്റെ വിയോഗത്തെ തുടർന്ന് അനുശോചനമറിയിക്കുകയും മൃതസംസകാര കർമങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവക ദേവാലയത്തിലെ തിരുനാളിന് കൊടികയറ്റം നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചതിരിഞ്ഞ് ചിൽഡ്രൻസ് മിനിസ്ട്രി അതിരൂപത തല അവാർഡ് ദാന ചടങ്ങിൽ പങ്കെടുത്തു.

19. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ നവവൈദികർക്കായി ആരംഭിച്ച പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയും നവവൈദികരുമായി സംവദിക്കുകയും ചെയ്തു. ഉച്ചക്ക് ശേഷം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മേജർ സെമിനാരിയിൽ ഒത്തുകൂടിയ ഇന്റർകൂരിയ എക്യൂമെനിക്കൽ മീറ്റിംഗിൽ പങ്കെടുത്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അർത്തുങ്കൽ പള്ളിയിലെ തിരുനാളിന്റെ തലേദിവസത്തെ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച വൈദികരോടൊപ്പം സമയം ചെലവഴിച്ചു.

20. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചക്കു ശേഷം തൃശൂർ കോർപറേഷനിലെ അമ്പത്തിയാറോളം കൗൺസിലർമാരായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേർപ്പ് ഇടവക ദേവാലയത്തിലെ തിരുനാൾ ദിനത്തിൽ ആദ്യ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് അതിരൂപത ആസ്ഥാനത്ത് വെച്ച് നടന്ന കോർപ്പറേഷൻ കൗൺസിലർസിന്റെ സംഗമത്തിൽ പങ്കെടുത്തു.

21. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ അതിരൂപതയുടെ ഹൃദയമായ മൈനർ സെമിനാരിയിൽ ബലിയർപ്പിക്കുകയും വൈദീക വിദ്യാർത്ഥികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. രാവിലെ തൃശ്ശൂർ ബസിലിക്ക പള്ളിയിൽ വച്ച് കേൾവിക്കുറവുകൾ ഉള്ളവർക്കായിയുള്ള ശ്രവണ സഹായി (Hearing Aid) വിതരണം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി.

22. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വുശുദ്ധ ബലി അർപ്പിക്കുകയും സെമിനാരിക്കാരുമായി സംവദിക്കുകയും ചെയ്തു. തുടർന്ന് സെന്റ്

ക്ലെയേഴ്സ് എൽ പി സ്കൂളിന്റെ ചിൽഡ്രൻസ് പാർക്ക് ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് ശേഷം കെ സി എസ് എൽ ന്റെ വാർഷിക പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടത്തിയ മാതൃവേദിയുടെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി. വൈകീട്ട് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് നവവൈദികരോടൊപ്പം വിശുദ്ധ ബലി അർപ്പിച്ചു

24. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് കാച്ചേരി ജൂബിലി നഴ്സിംഗ് കോളേജിലെ നൂറോളം വിദ്യാർത്ഥികളുടെ ലാംപ് ലൈറ്റനിംഗ് പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഹൊസൂർ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന തൃശ്ശൂർ അതിരൂപതയിലെ വൈദികരെ സന്ദർശിക്കുകയും ചെന്നൈയിലെ ഹോളിക്രോസ് ദേവാലയത്തിൽ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

25. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മരത്താക്കര ഇടവകയിലെ സെമിത്തേരി കപ്പേള വെഞ്ചിരിക്കുകയും വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്തു. വൈകിട്ട് തലോർ ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങൾക് ആരംഭം കുറിച്ച് കൊണ്ട് വിശുദ്ധബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതു കാര്യപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

26. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ നെല്ലിക്കുന്ന് ഇടവകയിലെ കാളത്തോട്ടുകാരൻ ഡേവിസിന്റെയും റിബിയുടെയും അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. രാവിലെ തിരൂർ സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് കോലഴി മരിയ ഭവൻ ജനറലേറ്റിലെ ഗോൾഡൻ ജൂബിലിയും സിൽവർ ജൂബിലിയും ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും വിശുദ്ധ ബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചക്കുശേഷം ഡി ബി സി എൽ സി യിൽ വച്ച് നടത്തിയ കാറ്റിക്കിസം അവാർഡ് ദിനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറളയം ഹോളി ചൈൽഡ്സ് കോൺവെന്റിൽ ശതാബ്ദി ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും പരിശുദ്ധ കുർബാന

അർപ്പിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ഡി ബി സി എൽ സി യിൽ വെച്ച് നടന്ന വിശ്വാസ പരിശീലന അവാർഡ് ദിനത്തിൽ പങ്കെടുത്തു. വൈകിട്ട് ചിയ്യാരം ഗലീലിയിൽ നടന്ന ബഹുമാന പ്പെട്ട ഫ്രാൻസിസ് കുരിശേരി അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

27. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മണ്ണുത്തി ഡോൺ ബോസ്കോ സ്കൂളിൽ വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു. രാവിലെ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തപ്പെട്ട അധ്യാപ കരുടെ റിട്ടയർമെന്റ് പരിപാടികളിൽ പങ്കെടുത്ത അവർക്കു ആശംസകൾ അർപ്പിച്ചു. വൈകിട്ട് മുപ്ലിയത്ത്  വച്ച് നടത്തിയ പുതുക്കാട് വൈദീകരുടെ ഗേതറിങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ മേരി മാതാ ഇടവക ദേവാലയത്തിൽ വെച്ച് ചാക്കേരി സീജോ + സോളിയ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് സെന്റ് തോമസ് കോളേജിലെ അധ്യാപകരുടെ വിരമിക്കൽ ചടങ്ങിൽ പങ്കെടുത്തു. വൈകീട്ട് മറ്റം സെന്റ് മേരീസ് കോൺവെന്റ് എൽ പി സ്കൂളിന്റെ വാർഷിക ആഘോഷത്തിൽ പങ്കെടുത്തു.

28. അഭിവന്ദ്യ പിതാക്കന്മാർ രാവിലെ തൃശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

29. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ആറ്റത്തറയിലുള്ള സമരിറ്റൻ സിസ്റ്റേഴ്സിന്റെ കോൺവെന്റ് ആശീർവദിക്കുകയും അവിടെ വിശുദ്ധ ബലി അർപ്പിച്ചു പ്രാ ർത്ഥിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് വരാക്കര ഉണ്ണി മിശിഹാ ദേവാലയത്തിൽ വച്ച് നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി. തുടർന്ന് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

30. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അവിണിശ്ശേരി സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ ഭവനരഹിതർക്കായി നിർമിക്കപ്പെട്ട ആറ് ഭവനങ്ങളുടെ വെഞ്ചിരിപ്പ് നടത്തി അവർക്കായി സമർപ്പിക്കുകയും വിൻസെന്റ് ഡി പോൾ അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

31. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരി

മാതാ മേജർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കോളേങ്ങാട്ടുക്കര ഇടവക ദേവാലയത്തിൽ വെച്ച് നടന്ന സിസ്റ്റർ ഡിഗ്നയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് പൊന്നാനി വിജയമാതാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ വാർഷിക ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് മുല്ലക്കര ഡോൺ ബോസ്കോ സെമിനാരിയിൽ വിശുദ്ധ ഡോൺ ബോസ്കോയുടെ തിരുനാൾ ആഘോഷത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.


"

**പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും**

**(ലൂക്കാ 13:5)**

"

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



### രണ്ടാം ശനി ഓർമ്മയാചരണം


ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഓർമ്മയ്ക്കായ് ഫെബ്രുവരി മാസത്തിലെ രണ്ടാംശനി ഓർമ്മയാചരണം 14.2.2026-ൽ ചൊവ്വന്നൂർ ഇടവക പള്ളിയിൽവെച്ച് ആചരിച്ചു. ഇരിഞ്ഞാലക്കുട രൂപതാംഗവും പറപ്പൂക്കര സെന്റ് ജോൺ നെപുംസ്യാൻ ഫൊറാനപള്ളി അസി. വികാരിയുമായ ബഹു. ആൽബിൻ പുതുശ്ശേരി അച്ചനാണ് വിശുദ്ധ കുർബാനയ്ക്കും ആരാധനയ്ക്കും നേതൃത്വം നല്കിയത്. പറപ്പൂക്കരയിൽനിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സിന്റേയും അവിടത്തെ ഇടവകജനത്തിന്റെയും ഇതരഇടവകകളിൽനിന്നും മറ്റുമായി വന്ന നിരവധി വിശ്വാസികളുടെയും സാന്നിധ്യം ആചരണത്തിൽ ആദ്യന്തം പ്രകടമായിരുന്നു. കൽപറമ്പിൽനിന്നുള്ള ഊക്കൻ ജോസഫ് ചെറിയാൻ & ഫാമിലിയാണ് ഇന്നത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ബഹു. ഫാ. ആൽബിന്റെ സന്ദേശത്തിലൂടെ:

കരുണയുടെ പ്രവാചകനും കാവലാളും ആയിരുന്ന ധന്യൻ ഊക്കനച്ചനെക്കുറിച്ചറിയുന്നവരുടെ ഇടയിലാണ് നാം ഇപ്പോൾ

ആയിരിക്കുന്നത്. ചെറുപ്പംമുതലേ പാവങ്ങളോട് ഊക്കനച്ചന് വലിയ സ്നേഹമായിരുന്നു. സമൂഹത്താൽ അവഗണിക്കപ്പെട്ടവരെ ചേർത്തുപിടിക്കുന്നൊരു കാരിസമായിരുന്നു അദ്ദേഹത്തിന്റേത്. മഴക്കാലത്ത് പട്ടിണിയിലായിപോയിരുന്ന തന്റെ സഹോദരങ്ങൾക്കുവേണ്ടി ഭക്ഷണവുമായി കടന്നുചെല്ലുന്ന അദ്ദേഹത്തിന്റെ രൂപം ഇന്നും ജനമനസ്സുകളിൽ തെളിഞ്ഞുനില്ക്കുന്നുണ്ട്. ഈ വാലന്റൈൻസ് ഡേയിൽ കരുണാർദ്രസ്നേഹിയായ ഊക്കനച്ചന്റെ ഹൃദയസ്പന്ദനങ്ങൾ അല്പമെങ്കിലും അനുഭവിച്ചറിയാൻ സാധിക്കുന്നത് നമ്മുടെ ഭാഗ്യമാണ്. ഊക്കനച്ചന് എവിടെനിന്നാണ് ഈ ഹൃദയഭാവം സ്വന്തമാക്കുവാൻ സാധിച്ചത് ? ഇന്നു നാം കേട്ട തിരുവചനഭാഗത്തുനിന്നു തന്നെയാണ് അതെന്ന് നമുക്ക് പറയുവാൻ സാധിക്കും. (യോഹ. 7:37) ''ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ......ജീവജലത്തിന്റെ അരുവികൾ ഒഴുകും''. ഈ അരുവിയാകട്ടെ ഒത്തിരി പേരുടെ ദാഹം തീർക്കുന്നതാണ്. അത് കണ്ടെത്തിയാൽ വലിയ ആനന്ദമാണ്. കർത്താവാകുന്ന അരുവിയുടെ ഉറവിടം കണ്ടെത്തിയ ദിവ്യകാരണ്യഭക്തനായിരുന്നു ഊക്കനച്ചൻ. അത് അദ്ദേഹത്തെ അപരനിലേക്ക് നയിച്ചു; ദൈവത്തിന്റെ കരുണയുടെ ശുശ്രൂഷകളിലൂടെ ജനമനസ്സുകളെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ സഹായിച്ചു. നമ്മുടെ ജീവിതത്തിലും ഈ കരുണാർദ്രഭാവം ഉണ്ടാകണമെങ്കിൽ, അത് സ്വന്തമാക്കേണ്ടത് തമ്പുരാന്റെ സന്നിധിയിൽനിന്നുമാകണം. അവിടെനിന്നും അനുഭവിച്ചറിഞ്ഞതുവഴിയാണ് കരുണാർദ്രഹൃദയത്തിനുടമകളാകുവാൻ നമുക്കും സാധിക്കൂ. ആരും ശ്രദ്ധിക്കാനില്ലാത്തവരെ ഗഹനമായി ശുശ്രൂഷിക്കാൻ നമുക്ക് കഴിഞ്ഞില്ല എങ്കിലും നമ്മുടെ പ്രാർത്ഥനകളിൽ അവർക്കൊരു സ്ഥാനമുണ്ടാകുവാൻ ശ്രമിക്കണം. നമ്മളും കരുണാർദ്രരാകാൻ! കർത്താവിന്റെ കഴുതയാകാൻ ശ്രദ്ധപുലർത്തുന്നവരാകട്ടെ! അങ്ങനെയായാൽ ആ കഴുതയെ കർത്താവ് തക്ക സമയത്ത് ഉയർത്തിക്കൊള്ളും. കർത്താവിൽ വിശ്വാസം അർപ്പിച്ച് അവിടുന്ന് നല്കുന്ന കൃപക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ചൊവ്വന്നൂർ ഇടവകവികാരി ബഹു, ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ എല്ലാവർക്കും സ്വാഗതവും നന്ദിയും പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



ദൈവദാസൻ അന്തോണിയച്ചന്റെ വെള്ളിയാഴ്ച ആചരണം, ഫെബ്രുവരി 6 ന് ഭക്തിനിർഭരമായി ആചരിച്ചു. രാവിലെ പത്തിന് ജപമാല പ്രാർത്ഥനയോടെ തിരുകർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് നടന്ന വചനപ്രഘോഷണത്തിന് ബ്ര. സിൽവസ്റ്റർ നേതൃത്വം നൽകി. നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ മാസത്തിൽ ഏതുവിധം ആയിരിക്കണം നമ്മുടെ നോമ്പാചരണം എന്നും വചനത്തിന് കൊടുക്കേണ്ട പ്രാധാന്യം എന്തായിരിക്കണം എന്നും ഹൃദയസ്പർശിയായി അദ്ദേഹം വിവരിച്ചു.

തുടർന്ന്, ദൈവദാസൻ അന്തോണിയച്ചന്റെ നാമകരണ നടപടികളുടെ external collaborator ആയി പ്രവർത്തിക്കുന്ന ബഹു. ജിസോ കുറ്റിക്കാട്ടിലച്ചൻ വി. കുർബാന അർപ്പിച്ചു. 2020 മുതൽ നാമകരണ കോടതിയുമായി സഹകരിച്ച് പ്രവർത്തിച്ചതും, നാമകരണത്തിന്റെ രേഖകൾ റോമിൽ സ്വീകരിച്ച് കൈമാറുന്നതിന് സാക്ഷിയായ കാര്യവും അച്ചൻ അനുസ്മരിച്ചു. അന്തോണിയച്ചന്റെ ന

ാമകരണ നടപടികൾ വേഗത്തിലാകാൻ എല്ലാവരുടെയും പ്രാർത്ഥന എത്ര ആവശ്യമാണെന്നും അന്തോണിയച്ചന്റെ വിശുദ്ധിയെ പറ്റി ഓരോരുത്തരും കണ്ടുമുട്ടുന്നവരോട് പറഞ്ഞറിയിക്കേണ്ടതെങ്ങനെ യെന്നും അച്ചൻ ഓർമിപ്പിച്ചു.

യോഹ. 12:24 സുവിശേഷ വചനത്തിന്റെ വെളിച്ചത്തിൽ, എപ്ര കാരമാണോ ഗോതമ്പുമണി അഴിഞ്ഞ് ഇല്ലാതായി ഫലം പുറ പ്പെടുവിക്കുന്നത് അതുപോലെ ചേലക്കരയ്ക്ക് വേണ്ടി അഴിഞ്ഞില്ലാതായി ഏറെ ഫലം പുറപ്പെടുവിച്ച ഗോതമ്പ് മണിയാണ് ദൈവദാസൻ അന്തോണിയച്ചൻ എന്ന് അച്ചൻ പ്രസംഗ മധ്യേ വ്യക്തമാക്കി. നാമകരണ രേഖകൾ തയ്യാറാക്കാനായി 49 സാക്ഷികളുടെ വിവരണങ്ങൾ അച്ചൻ ശ്രദ്ധയോടെ വായിച്ചു. അതിൽ മോൺ. ജോസഫ് വിളങ്ങാടനച്ചന്റെ അനുഭവസാക്ഷ്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. 1961 ൽ അന്തോണിയച്ചനെ സന്ദർശിക്കാനായി എത്തിയ വിളങ്ങാടനച്ചൻ അന്തിയുറങ്ങിയത് അന്തോണി അച്ചന്റെ കിടക്കയിലാണ്. ആ രാത്രി മുഴുവൻ 65 വയസ്സുകാരനും, രോഗിയുമായ പുണ്യചരിതനായ അന്തോണിയച്ചൻ പുറത്ത്, തണുപ്പത്ത് മാവിൻ ചുവട്ടിലാണ് ചെലവഴിച്ചത്. സഹോദര വൈദികനോട് കിടക്കാൻ ഇടമില്ല എന്ന് പറയാൻ പോലും തയ്യാറാകാതെ സഹനത്തിലൂടെ വൈദിക കൂട്ടായ്മ അദ്ദേഹം പ്ര കടമാക്കി. അന്തോണിയച്ചൻ, വിശുദ്ധി വാക്കിൽ മാത്രം പറഞ്ഞവസാനിപ്പിച്ചവനല്ല, ഓരോ ചെറിയ കാര്യത്തിലും പ്രാവർത്തികമാക്കിയവനാണ്. 1930 ൽ അച്ചൻ ഇവിടെ വന്ന് ചേലക്കരയുടെയും കാലഘട്ടത്തിന്റെയും ആവശ്യം മന സ്സിലാക്കിയാണ് പ്രവർത്തിച്ചത്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് സ്കൂൾ, തുടർന്ന് ആശുപത്രി എന്നിങ്ങനെ. ബഹു. വിളങ്ങാടനച്ചൻ ഇങ്ങനെയാണ് സാക്ഷ്യപ്പെടുത്തുന്നത്. അന്തോണിയച്ചന്റെ നി സ്വാർത്ഥത, ത്യാഗം, ലാളിത്യം ഇവ നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. അന്തോണിയച്ചന്റെ പ്രായ്ശ്ചിത്ത പ്രവർത്തികളെപറ്റിയും ജിസോ അച്ചൻ പ്രത്യേകം എടുത്തുപറഞ്ഞു. ആർസിലെ വി. വിയാനിയെ പോലെ ഇന്ത്യയുടെ വിയാനിയാണ് അന്തോണിയച്ചൻ. വൈദികർക്കും, സെമിനാരിക്കാർക്കും സ്വീകരിക്കാവുന്ന നല്ല ഒരു റോൾ മോഡൽ ആണ് അദ്ദേഹം.

**ഫാദർ പോൾ പുളിക്കൻ**

വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 02 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. സെബി വെളിയൻ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ലിവിൻ കുരുതുകുളങ്ങര | 18 |
| ഫാ. ജിൻസൻ മുക്കടയിൽ | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. പോൾ മുട്ടത്ത് | 21 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ ഖ്വ. | 21 |
| ഫാ. പ്രകാശ് പുത്തൂർ | 21 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ആൽബിൻ ചൂണ്ടൽ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. മിഥുൻ വടക്കേത്തല | 24 |
| ഫാ. പ്രിൻസ് ചെറുതാണിക്കൽ | 26 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. ജോസ് കോനിക്കര Sr. | 29 |
| ഫാ. ബെൻവിൻ തട്ടിൽ | 29 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |




ഫാ. ജോസ് ഐനിക്കൽ 19
ഫാ. ജോഫിൻ അക്കരപ്പട്ട്യേക്കൽ 19
ഫാ. നിർമ്മൽ അക്കരപ്പട്ട്യേക്കൽ 19
ഫാ. ബിജു ആലപ്പാട്ട് 19
ഫാ. ബിജു ജോസഫ് ആലപ്പാട്ട് 19
ഫാ. ജിയോ ആലപ്പാട്ട് 19
ഫാ. ജോഷി ആളൂർ 19
ഫാ. നോബി അമ്പൂക്കൻ 19
ഫാ. ജോസഫ് അന്തിക്കാട്ട് 19
ഫാ. സന്തോഷ് അന്തിക്കാട്ട് 19
ഫാ. ജോൺസൻ അന്തിക്കാട്ട് 19
ഫാ. ജോസ് അറങ്ങാശ്ശേരി 19
ഫാ. ജോസഫ് അറാശ്ശേരി 19
ഫാ. ടോണി അരിമ്പൂർ 19
ഫാ. ജെറിൻ അരിമ്പൂർ 19
ഫാ. ഐനിക്കൽ നോബിൾ 19
ഫാ. ബ്രഹ്മകുളം ജോസഫ് 19
ഫാ. ജോസ് ചാലക്കൽ 19
ഫാ. ജോൺസൻ ചാലിശ്ശേരി 19
ഫാ. ഷാജൻ ചീരമ്പൻ 19
ഫാ. ജീസ്മോൻ ചെമ്മണ്ണൂർ 19
ഫാ. ജിയോ ചെരടായി 19
ഫാ. സിജോ ചെറുവത്തൂർ 19
ഫാ. ജോളി ചിറമ്മൽ 19
ഫാ. ഫെബിൻ ചിറയത്ത് 19
ഫാ. ജോഫി ചിറയത്ത് 19
ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 19
ഫാ. ജോഫി ചിറ്റിലപ്പിള്ളി 19
ഫാ. ബിനോയ് ചിറ്റിലപ്പിള്ളി 19
ഫാ. ജിന്റോ ചിറ്റിലപ്പിള്ളി 19
ഫാ. ജോസഫ് ചിറ്റിലപ്പിള്ളി 19
ഫാ. ആൽബിൻ ചൂണ്ടൽ 19
ഫാ. ലിവിൻ ചൂണ്ടൽ 19
ഫാ. ജോബി ചുള്ളിക്കാടൻ 19
ഫാ. ഗോഡ്വിൻ എടക്കളത്തൂർ 19
ഫാ. ജോസ് എടക്കളത്തൂർ 19
ഫാ. ജിമ്മി എടക്കുളത്തൂർ 19
ഫാ. ജോബി കടപ്പൂരാൻ 19
ഫാ. ജിയോ കടവി 19
ഫാ. പ്രതീഷ് കല്ലറക്കൽ 19
ഫാ. സിന്റോ കരേപറമ്പൻ 19
ഫാ. ക്ലിൻസൺ കാട്ടിപറമ്പൻ 19
ഫാ. ജോസ് കോനിക്കര Jr. 19
ഫാ. ജോസ് കോനിക്കര Sr. 19
ഫാ. ഡിറ്റോ കൂള 19
ഫാ. ജെയ്സൻ കൂനംപ്ലാക്കൽ 19
ഫാ. ജോയ് കൂത്തൂർ 19
ഫാ. ജിജോ മാളിയേക്കൽ 19
ഫാ. സനൽ മാളിയേക്കൽ 19
ഫാ. ജെയ്സൻ മാറോക്കി 19
ഫാ. അലക്സ് മരോട്ടിക്കൽ 19
ഫാ. റോയ് മൂക്കൻ 19
ഫാ. ഗ്രിജോ മുരിങ്ങാത്തേരി 19
ഫാ. ജോസഫ് മുരിങ്ങാത്തേരി 19
ഫാ. ജോയ് മുരിങ്ങാത്തേരി 19
ഫാ. പ്രിൻസ് നായങ്കര 19
ഫാ. അനീഷ് നെല്ലിക്കൽ 19
ഫാ. ദിജോ ഒലക്കേങ്കിൽ 19
ഫാ. ഡെബിൻ ഒലക്കേങ്കിൽ 19
ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ 19
ഫാ. അഭിജിത്ത് പടിഞ്ഞാക്കര 19
ഫാ. ജോജു പനക്കൽ 19
ഫാ. ജിജോ പിടിയത്ത് 19
ഫാ. നിതിൻ പൊന്നാരി 19
ഫാ. ബിജോയ് പൊൻപറമ്പിൽ 19
ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ 19
ഫാ. സിന്റോ പൊറത്തൂർ 19
ഫാ. ഡൈജോ പൊറുത്തൂർ 19
ഫാ. ജെയ്സൻ പുലിക്കോട്ടിൽ 19
ഫാ. ജോസ് പുന്നോലിപറമ്പിൽ 19
ഫാ. പ്രകാശ് പുത്തൂർ 19
ഫാ. റിജോയ് തൈവളപ്പിൽ 19

ഫാ. നിബിൻ തളിയത്ത് 19
ഫാ. ബെൻവിൻ തട്ടിൽ 19
ഫാ. ജിക്സൻ താഴത്ത് 19
ഫാ. ജാക്സൺ തെക്കേക്കര 19
ഫാ. ജോസ് തെക്കേക്കര 19
ഫാ. ജിയോ തെക്കിനിയത്ത് 19
ഫാ. ജോബ് വടക്കൻ 19
ഫാ. റോയ് വടക്കൻ 19
ഫാ. ഡിന്റോ വല്ലച്ചിറക്കാരൻ 19
ഫാ. ജോസ് വള്ളൂരാൻ 19
ഫാ. ജോസ് വട്ടക്കുഴി 19
ഫാ. റിജോ വിതയത്തിൽ 19




| | |
|---|---|
| ഫാ. ചെറയത്ത് ഔസേപ്പ് | 14.03.1891 |
| ഫാ. പാറക്കൽ തോമസ് | 30.03.1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16.03.1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03.03.1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17.03.1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22.03.1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01.03.1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23.03.1947 |
| ഫാ. പാലയൂർ ആന്റണി | 14.03.1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27.03.1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31.03.1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22.03.1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30.03.1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10.03.1962 |
| ഫാ. കരിപ്പേരി ജോൺ | 16.03.1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06.03.1965 |
| ഫാ. തച്ചിൽ ജോൺ | 09.03.1968 |
| ഫാ. പറമ്പിൽ പോൾ | 02.03.1970 |
| മോൺ. ചെറയത്ത് സെബാസ്റ്റ്യൻ | 01.03.1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ എൽ. | 12.03.1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19.03.1986 |
| ഫാ. മഞ്ഞളി ജോസഫ് എൽ. | 20.03.1990 |
| ഫാ. മാളിയമ്മാവ് റാഫേൽ | 17.03.1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17.03.2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. ജോർജ്ജ് പൊറത്തൂർ | 26.02.2013 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |
| ഫാ. പാറേക്കാട്ട് ജോണി ആന്റണി | 13.03.2021 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

സഭൈക്യവാരത്തോടനുബന്ധിച്ച് തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മുളയം മേരിമാതാ മേജർ സെമിനാരിയിൽ ജനുവരി 9-ാം തിയതി നടന്ന വിവിധ ക്രൈസ്തവ പ്രതിനിധികളുടെ എക്യുമെനിക്കൽ ഒത്തു ചേരലിൽ സി.ആർ.ഐ പ്രസിഡന്റ് റവ. ഫാ. സിജോ പൈനാടത്തും സെക്രട്ടറി സി.ജോളി ചിറ്റിലപ്പിള്ളിയും സംബന്ധിച്ചു.

2026 ജനുവരി 31 ശനിയാഴ്ച ഒളരിക്കര സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സി.ആർ.ഐ പൊതു സമ്മേളനം നടന്നു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജെയ്ക്കബ് നാലുപറയിൽ MCBS സമർപ്പിത സമൂഹങ്ങളിൽ സുപ്പീരിയേഴ്സിന്റെ ഉത്തരവാദിത്വങ്ങളും കടമകളും എന്ന വിഷയത്തെക്കുറിച്ച് class നയിച്ചു. തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. പ്രിയങ്ക രാജമോഹന്റെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ ക്ലാസ്സും നടത്തപ്പെട്ടു. ഏകദേശം 210 ലോക്കൽ സുപ്പീരിയേഴ്സ് പങ്കെടുത്തു.

### എഫ്.സി.സി

ജനുവരി 1-4 വരെ ഗുരുവായൂർ ലിസ്യു കോൺവെന്റിൽവെച്ച് നടന്ന Compassionate Communication Training Programme ൽ 43 സിസ്റ്റേഴ്സ് സംബന്ധിച്ചു. ബ്രഹ്മകുളം സെന്റ് ജോസഫ്സ് ബോർഡിംഗിൽ വെച്ച് ജനുവരി 1-3 വരെ നടന്ന ദൈവവിളി ക്യാമ്പിൽ 48 കുട്ടികൾ പങ്കെടുത്തു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന്

അസ്സീസി പ്രോവിൻസ് നടത്തി വരുന്ന ആടും കൂടും പദ്ധതിയുടെ ഉദ്ഘാടനം 2026 ജനുവരി 11-ാം തീയതി സെന്റ് ക്ലെയേഴ്സ് സ്കൂളിൽവെച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ നിർവ്വഹിച്ച് 18 ഗുണഭോക്താക്കൾക്ക് ആടും കൂടും വിതരണം ചെയ്തു. ജനുവരി 17-ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ബ. സിസ്റ്റേഴ്സിന്റെ സന്യാസ വ്രതസമർപ്പണത്തിന്റെ പ്ലാറ്റിനം, ഗോൾഡൻ ജൂബിലി ആഘോഷ പരിപാടികൾ നടന്നു. 19-ാം തീയതി തൃശൂർ അതിരൂപതയിലെ നവാഭിഷിക്തരായ വൈദികർക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് ഹൃദ്യമായ സ്വീകരണം നൽകി. തൃശൂർ അസ്സീസി പ്രോവിൻസിലെ ഗുരുവായൂർ വിക്ടറി സെന്റർ, അടുപ്പൂട്ടി ക്രിസ്തുജ്യോതി സോഷ്യൽ സെന്റർ എന്നിവിടങ്ങളിലെ വികലാംഗ രായ കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ജർമ്മൻ മിഷനറി മോൺ. റോൾഫ് ലിൻസെയുടെ ബഹുമാനാർത്ഥം ജനുവരി 25-ാം നടത്തിയ അനുസ്മരണയോഗത്തിൽ, പ്രോവിൻസിന് അച്ചൻ ചെയ്ത നിസ്തുല സേവനങ്ങളെ പരിഗണിച്ച്, പാർശ്വവത്ക്കരിക്ക പ്പെട്ടവർക്കായി തന്റെ ജീവിതം മാറ്റിവച്ചിരിക്കുന്ന റവ. ഫാ. മാത്യു തുണ്ടത്തിൽ MCBS ന്, Rev Fr Rolf Linse Memorial Award ആയി പ്രശസ്തി ഫലകവും 1,00,000/- രൂപയും പ്രൊവിൻ ഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ നൽകി ആദരിച്ചു.

**സി.എം.സി**

ഒന്നാം വർഷ ജൂനിയർ സിസ്റ്റേഴ്സിനു വേണ്ടി, എറണാകുളം വിമൽ ജ്യോതിയിൽ വെച്ച് ജനുവരി 2-ാം തിയതി മുതൽ ആരംഭിച്ച ഒരു മാസത്തെ കോഴ്സിൽ, മൂന്നു പേർ സംബന്ധിച്ചു. 3-ാം തിയതി സഭാ സ്ഥാപകനായ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ പിതാവിന്റെ തിരുനാൾ എല്ലാ ഭവനങ്ങളിലും സമുചിതമായി ആഘോഷിച്ചു. പ്രോവിൻസിന്റെ വിവിധ സോണലുകളായ ഹോളിട്രിനിറ്റി സോൺ കോലഴി പ്രൊവിൻഷ്യൽ ഹൗസിലും, സെന്റ് എവുപ്രാസ്യ സോൺ ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിലും, സെന്റ് ചാവറ സോൺ സെന്റ് പോൾസ് കുരിയച്ചിറ കോൺവെന്റിലും, ഒന്നിച്ചുകൂടി. 'പുത്തനാണ്ട് പിറക്കുന്നു; പുണ്യങ്ങളൊക്കെ പുത്തനാക്കണം' എന്ന ചാവറപിതാവിന്റെ വാക്കുകൾ അനുസ്മ രിച്ചുകൊണ്ട് ഈ gathering ദൈവസ്നേഹവും പരസ്നേഹവും ആഴപ്പെടുന്ന അവസരങ്ങളാക്കി മാറ്റി. DBCLC യിൽ വെച്ച് 5-ാം തിയതി മുതൽ ആരംഭിച്ച 3 മാസത്തെ തിയോളജി ക്ലാസ്സിൽ അഞ്ചു ആസ്പിരൻസ് പങ്കെടുക്കുന്നു. മൂന്ന് ദിവസത്തെ ആത്മീയ

ഒരുക്കങ്ങൾക്കുശേഷം സിസ്റ്റേഴ്സ് വ്രതനവീകരണം നടത്തി. 8-ാം തിയതി മുതൽ 10-ാം തിയതി വരെ തൃശ്ശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, കോയമ്പത്തൂർ, എന്നീ പ്രോവിൻസുകളിലെ സുപ്പീരിയേഴ്സിന് കോഴ്സും 11-ാം തിയതി മുതൽ 17-ാം തിയതി വരെ ധ്യാനവും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. ജനുവരി മാസത്തിൽ ശാന്തിധാം, തൃശ്ശൂർ സെന്റ് മേരീസ് എന്നീ മഠങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സാലി പോൾ കാനോനിക സന്ദർശനം നടത്തി. 1981 മുതൽ 1988 വരെയുള്ള ബാച്ചിലെ സിസ്റ്റേഴ്സിന്റെ gathering നടത്തി. 58 സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും വിവിധ സ്കൂളുകളിലെ Annual Day & Farewell പ്രോഗ്രാമുകളിൽ അധ്യക്ഷത വഹിക്കുകയുണ്ടായി. സെന്റ് ആൻസ് മഠാംഗമായ സി. നിമ്മി റോസ് L.L.B പഠനം പൂർത്തിയാക്കി എറണാകുളം ഹൈക്കോടതിയിൽ വെച്ച് നിർമ്മല പ്രോവിൻസിന്റെ ആദ്യ അഭിഭാഷകയായി എൻറോൾ ചെയ്തു. ബെസ്റ്റ് പ്രിൻസിപ്പൽസിനുള്ള റോട്ടറി ഇന്റർനാഷണൽ എക്സലന്റ്സ് അവാർഡിന് സി. സീലിയയും, പ്രധാന അധ്യാപകർക്കുള്ള അവാർഡിന് സി. സിബിയ തെരേസും അർഹയായി. കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ സി. അമിതയും, കോയമ്പത്തൂർ അവിനാശലിംഗം യൂണിവേഴ്സിറ്റിയിൽനിന്നും ഫുഡ് സയൻസ് & ന്യൂട്രീഷനിൽ സി. ആൻവിയയും പി.എച്ച്.ഡി. കരസ്ഥമാക്കി. ബാംഗ്ലൂർ ധർമ്മരാമിൽ നിന്ന് സി. ജീയോവാനി BTh 1st Rank നേടി.

**സി.എച്ച്.എഫ്**

13.01.2026 ന് വി.മറിയം ത്രേസ്യായുടെ സ്വർഗ്ഗ പ്രവേശനത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് നവജ്യോതി കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ സ്കൂൾ ലീഡേഴ്സിനായി വിഷനറി വൈബ്സ് 2K26 ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സംഘടിപ്പിച്ചു. 16.01.2026 ന് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ എസ് എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും ജാഗരണവും നടത്തി. 17.01.2026 ന് ഹോളി ഫാമിലി കോൺഗ്രിഗേഷൻ നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനാംഗമായ സി. ക്യാഷ്യസ് സി എച്ച് എഫ് (80) നിര്യാതയായി. 25.01.2026 ൽ തലോർ ഉണ്ണിമിശിഹാ നവദേവാലയത്തിന്റെ ഉദ്ഘാടന ചടങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസ്സിൻ തെരേസ് ആശംസകളർപ്പിച്ച് സംസാരിച്ചു. 26.01.2026 ൽ ഈ വർഷം നവജ്യോതി കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന്

റിട്ടയറാകുന്ന ടീച്ചേഴ്സിനെ ആദരിക്കുന്ന ചടങ്ങും മറിയം ത്രേസ്യ ബഡ്സ് കോമ്പറ്റീഷനിൽ സമ്മാനാർഹരായ കുട്ടികൾക്കുള്ള സമ്മാനദാന വിതരണവും നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. വിശാഖപട്ടണം മിഷനിൽ ഖുമ്മലക്ഷ്മിപുരത്ത് നമ്മുടെ സിസ്റ്റേഴ്സിനോടൊപ്പം സേവനമനുഷ്ഠിക്കുന്ന റവ. ഫാ. റോയ്സൺ കൊള്ളന്നൂർ, റവ.ഫാ. ജിജോ എടക്കളത്തൂർ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും സൗഹൃദം പങ്കിടുകയും ചെയ്തു. 31.01.2026 ൽ തൃശ്ശൂർ റീജിയന്റെ സി.ആർ.ഐ മീറ്റിംഗ് ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തപ്പെട്ടു. 03.02.2026 ൽ നവജ്യോതി പ്രൊവിൻ ഷ്യൽ സുപ്പീരിയർ സി. ജെസ്സിൻ തെരേസ് പൂച്ചിന്നിപ്പാടം ഹോളി ഫാമിലി കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി. 06.02.2026 ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ചെമ്പൂക്കാവ് മരീന ഹോം കാനോനിക സന്ദർശനം നടത്തി.

**എസ്.എ.ബി.എസ്**

ജനുവരി മൂന്നിന് തൃശ്ശൂർ നിർമ്മൽ റാണി പ്രൊവിൻസിന്റെ രജത ജൂബിലി സമാപനം വിപുലമായ പരിപാടികളോടെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തപ്പെട്ടു. പൊതു സമ്മേളനവും മാഗസിൻ പ്രകാശനവും നടത്തപ്പെട്ടു. 10 ന് ധന്യൻ മാർ തോമസ് കുരിയാളശ്ശേരി പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് ചമ്പക്കുളം പദയാത്രയിൽ പ്രൊവിൻഷ്യൽ കൗൺസിലർ, സിസ്റ്റർ ടെസ്മി തെക്കിനിയത്ത്, സിസ്റ്റർ ആൻസി ജോൺ വാഴംപ്ലാക്കൽ എന്നിവർ പങ്കെടുത്തു. 14 ന് സ്ഥാപകപിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് സന്യാസിനി സമൂഹം മുഴുവൻ കാരിസം ഡേ ആയി അനുസ്മരിച്ചു. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പിതാവിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി കലാപരിപാടികൾ സംഘടിപ്പിച്ച് സമുചിതമായി ആഘോഷിച്ചു. രജത ജൂബിലിയോടനുബന്ധിച്ച് പ്രായമായ സിസ്റ്റേഴ്സിന്റെ ഫാമിലി ഗാതറിങ് പടവരാട് ശാന്തിഭവനിൽ നടത്തി. 30 ന് മെൽബൺ രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ ബോസ്കോ പുത്തൂരിന്റെ നാമഹേതുകദിനം പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആഘോഷിച്ചു. രജത ജൂബിലി ആഘോഷിച്ച നിർമ്മല റാണി പ്രൊവിൻസിന്റെ നാൾവഴികളെ നന്ദിയോടെ പിതാവ് അനുസ്മരിക്കുകയും പൈതൃക ആശിർവാദം നൽകി പ്രൊവിൻസിനെ അനുഗ്രഹിക്കുകയും ചെയ്തു. 30 ന് നന്മണിക്കരെ ധന്യൻ മാർത്തോമ കുര്യാളശ്ശേരി പിതാവിന്റെ നാമത്താൽ സ്ഥാപിതമായ എംകെഎംസിയുപി സ്കൂളിന്റെ വാർഷികവും പ്രൊവിൻഷ്യൽ കൗൺസിലറും 20 വർഷം ഈ

സ്കൂളിൽ അധ്യാപികയുമായിരുന്ന സിസ്റ്റർ ടെസ്മി തെക്കിനിയത്തിന്റെ യാത്രയയപ്പ് സമ്മേളനവും നടത്തപ്പെട്ടു.

**സി. എസ്. എസ്.**

ഉണ്ണീശോയുടെ നാമകരണതിരുന്നാൾ ദിവസം, ഇൻഫന്റ് ജീസസ് കോൺവെന്റിന്റെ ഭവനമദ്ധ്യസ്ഥ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. തിരുന്നാളിനോടനുബന്ധിച്ച് ജനുവരി 17-ാം തിയതി ഹൗസിൽ 13 മണിക്കൂർ ആരാധന നടത്തി. ജൂബിലി വർഷ സമാപനത്തിന്റെ ഭാഗമായി ജനുവരി 4 ന് മണ്ണുത്തിയിലുള്ള നൊവിഷ്യേറ്റ് ഹൗസിൽ എല്ലാവരും ഒരുമിച്ചു കൂടുകയും ബിഷപ്പ് എമിരറ്റസ് അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവ് ക്ലാസ് നയിക്കുകയും ചെയ്തു. അതിനുശേഷം നടന്ന ജൂബിലി വർഷ സമാപന മീറ്റിങ്ങിൽ സുപ്പിരീയർ ജനറൽ റവ. സി. അൽഫോൻസയും സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. റിറ്റയും സമാപനസന്ദേശം നൽകി. സി. നിർമ്മൽ റോസ് ജൂബിലി വർഷത്തിന്റെ വിവിധ ഉത്തരവാദിത്വങ്ങളും കടമകളും വ്യക്തമാക്കുന്ന പ്രബന്ധം അവതരിപ്പിച്ചു. കോമ്പൗണ്ടിൽ നടത്തിയ പദയാത്രയോടെ പരിപാടികൾ അവസാനിച്ചു. ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം.ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ജനുവരി 25 ന് സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനദിനത്തിൽ ഹോളിസ്പിരിറ്റ് ജനറലേറ്റിൽ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് വി. കുർബാനക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സ്ഥാപകപിതാവ് മോൺ പോൾ ചിറ്റിലപ്പിള്ളിയെകുറിച്ച് സംസാരിക്കുകയും ചെയ്തു. സമരിറ്റൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപനദിനത്തോടനുബന്ധിച്ച് ജനുവരി 24 ന് സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട പരിപാടിയിൽ ബഹുമാനപ്പെട്ട വൈദീകരും വിവിധ സന്യാസിനിസമൂഹങ്ങളിൽ നിന്നുള്ള മേജർ സുപ്പീരിയേഴ്സും ബ്രദേഴ്സും സിസ്റ്റേഴ്സും പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ജനുവരി 29 ന് ആറ്റത്തറയിൽ, സ്നേഹജ്യോതി സമരിറ്റൻ കോൺവെന്റിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

**സി.എസ്.എം**

6.1.2026 ദനഹാ തിരുനാളിനോടനുബന്ധിച്ച് എല്ലാ സിസ്റ്റേഴ്സും വ്രതനവീകരണം നടത്തി. ജനുവരി 9 – (വെള്ളി) വൈകിട്ട് 7 മണി മുതൽ രാവിലെ നാലുമണിവരെ മർത്താ സന്യാസിനി സമൂഹത്തിലെ ജനറ ലേറ്റിലെയും പ്രൊവിൻസുകളിലേയും ബഹുമാന സിസ്റ്റേഴ്സ് മാതൃഭവനമായ പൊന്നൂക്കര Assumption കോൺവെന്റിൽ ഒന്നിച്ചു

ചേർന്ന് തിരുസഭയുടെയും, മർത്താ സന്യാസിനി സമൂഹത്തിന്റെയും വിശുദ്ധീകരണത്തിനുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി.

ജനുവരി 15- എല്ലാ മാസവും പതിനഞ്ചാം തീയതി മർത്താ സന്യാസിനി സമൂഹ സ്ഥാപകനായ പെരിയ ബഹുമാന ജോൺ കിഴക്കൂടനച്ചന്റെ അനുസ്മരണാർത്ഥം തൃശ്ശൂർ പടിഞ്ഞാറെ കോട്ട സെന്റ് ആൻസ് പള്ളിയിൽ വെച്ച് നടത്തപ്പെടുന്ന ദിവ്യബലിയിൽ ജനറലെറ്റിലെയും പ്രൊവിൻസുകളിലെയും സിസ്റ്റേഴ്സ് പങ്കെടുത്ത് പ്രാർത്ഥിച്ചു. 24/1/26ൽ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്ത പൊന്നൂക്കര Assumption കോൺവെന്റിൽ വൈകിട്ട് 6.30ന് ആഘോഷമായ വിശുദ്ധ ബലിയർപ്പണം നടത്തി. മർത്താ സന്യാസിനിസമൂഹത്തിലെ എല്ലാ അംഗങ്ങളും ചേർന്ന് മേജർ ആർച്ച്ബിഷപ്പിന് ഔദ്യോഗികമായ സ്വീകരണം നൽകുകയും, അഭിനന്ദനങ്ങൾ അർപ്പിക്കുകയും ചെയ്തു.

## സി.എസ്.സി

ഡിസംബർ 13,14 ചേലക്കര ജീവോദയ കോൺവെന്റിൽ വച്ചു സീനിയേഴ്സ് മീറ്റ് നടത്തി. ചെറുതുരുത്തി സെന്റ് തോമസ് ഇടവകയിൽ സിസ്റ്റേഴ്സ് ഒന്നിച്ചു ഭവന സന്ദർശനം പൂർത്തിയാക്കി. 1.1.26 ന് വൈകിട്ടു 6 മണി മുതൽ പെൺകുട്ടികൾക്കായി ദൈവവിളിക്യാമ്പ് ആരംഭിച്ചു. അന്നേ ദിനം തന്നെ വൈകിട്ടു 6 മണി മുതൽ 9 മണി വരെ കളികളും ക്ലാസും ആരാധനയും കൂട്ടിയിണക്കി Holy Eve പ്രോഗ്രാമും കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് സംഘടിപ്പിച്ചു. 26-1-26 ന് ഗോൾഡൻ ജൂബിലി ആഘോഷിച്ച 5 ബഹു. സിസ്റ്റേഴ്സിനും സിൽവർ ജൂബിലി ആഘോഷിച്ച 12 ബഹു. സിസ്റ്റേഴ്സിനുമായി അന്ന് വൈകിട്ട് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് പ്രാർത്ഥനാ ശുശ്രൂഷയും ഹൃദ്യമായ സ്വീകരണവും നൽകി. 2026 ജനുവരി 30 മുതൽ രണ്ടു ദിവസങ്ങളിലായി കല്ലേറ്റുംകര പാക്സ് സെന്ററിൽ വച്ച് 1977- 1986 ഉൾപ്പെടെയുള്ള ബാച്ചിലെ ബഹു.സിസ്റ്റേഴ്സിനായി ബാച്ച് ഗാതറിങ് സംഘടിപ്പിച്ചു. CSC സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ തച്ചനടി, ചേലക്കര, കൂനത്തറ, തൊയ്ക്കാവ്, മുല്ലശ്ശേരി, മണലൂർ എന്നിവിടങ്ങളിലാണ്. ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 146-ാമത് ജന്മദിനാഘോഷം. തൃശ്ശൂർ അതിരൂപതയിലെ ശ്രേഷ്ഠ വൈദികനും കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയുടെ സ്ഥാപകനുമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 146-ാമത് ജന്മദിനാഘോഷം അദ്ദേഹം ആദ്യമായി വികാരിയയായി സേവനമനുഷ്ഠിച്ച

കണ്ടശാങ്കടവ് സെന്റ് മേരിസ് നെറ്റിവിറ്റി ഫൊറോന (18.01.2026) ദേവാലയത്തിൽ വെച്ച് സമുചിതമായി ആഘോഷിച്ചു. സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വം വഹിച്ചു. വിശുദ്ധ കുർബാനയ്ക്കു ശേഷം ജന്മദിനാഘോഷത്തോടനുബന്ധിച്ച് ചാരിറ്റി സിസ്റ്റേഴ്സ് കണ്ടശാങ്കടവ് ഇടവകയിൽ നടത്തിയ ധന്യനായ ഊക്കനച്ചന്റെ സൂക്തമത്സരത്തിൽ വിജയികളായവർക്ക് സമ്മാനദാനവും നടത്തി. 2026 ജനുവരി 26 തീയതി തിരൂർ സെന്റ് തോമസ് പള്ളിയിൽ വച്ച് സന്യാസ സമർപ്പണത്തിന്റെ സുവർണ്ണ രജത ജൂബിലി ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യ കാർമികത്വം വഹിച്ചു.

## ആദരാഞ്ജലികൾ



05.01.2026 പെരിങ്ങോട്ടുകര സെറാഫിക് മഠാംഗമായ സി. ആമോസ് 2026 ജനുവരി 5-ാം തീയതി പുലർച്ചെ 4.00 മണിക്ക് നിര്യാതയായി. 5-ാം തീയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 5.00 മണിക്ക് മൃതസംസ്ക്കാര തിരുകർമങ്ങൾക്കു ബിഷപ്പ് എമരിറ്റസ് മാർ ബോസ്കോ പുത്തൂർ പിതാവിന്റെ പ്രധാന കാർമ്മികത്വം വഹിച്ചു.



06.01.2026 തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠാംഗമായ സി. സെപ്റ്റിമ 2026 ജനുവരി 6-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് നിര്യാതയായി. 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ പ്രധാന കാർമ്മികത്വത്തിൽ തൃശൂർ മേരി ഇമ്മാക്കുലേറ്റ് കോൺവെന്റ് ചാപ്പലിൽ മൃതസംസ്ക്കാര തിരുകർമങ്ങൾ നടത്തപ്പെട്ടു.



12.01.2026 മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി മഠാംഗമായ സി. മേരി ജോൺ 2026 ജനുവരി 12-ാം തീയതി രാവിലെ 6.45 ന് നിര്യാതയായി. 12-ാം തീയതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 4.00 മണിക്ക് തൃശൂർ അതിരൂപ ത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻ സീസ് അസ്സീസി കോൺവെന്റ് ചാപ്പലിൽ മൃതസംസ്ക്കാര തിരുകർമങ്ങൾ നടത്തപ്പെട്ടു



10/01/2026 സി.എം.സി. കണ്ടശാംങ്കടവ് എസ്. എച്ച് ഓഫ് മേരീസ് മഠാംഗമായ സി. റെയ്നർ നിത്യസമ്മാനത്തിനായി വിളിക്കപ്പെ ട്ടു. മോൺ. ജോസ് കോനിക്കരയുടെ മുഖ്യകാർമികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷ നടത്തുകയും ചെയ്തു



17.01.2026: സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യലേറ്റ് ഭവനാംഗമായ സി. ക്യാഷ്യസ് സി എച്ച് എഫ് (80) കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. നവജ്യോതി പ്രൊവിൻ ഷ്യൽ ഹൗസ് ചാപ്പലിൽ നടന്ന സംസ്കാര കർമ്മത്തിന് തൃശൂർ അതിരൂപത മെത്രാപ്പോ ലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിക്കുകയും സഹോദരൻ റവ.ഫാ.ജോർജ് തളിയപ്പറമ്പിൽ സി.എം.ഐ യും പിതൃസഹോദരൻ റവ. ഫാ. ആന്റണി തളിയപ്പറമ്പിലും മറ്റ് വൈദീ കരും സഹകാർമ്മികരാകുകയും റവ. ഫാ. ജിന്റോ പെരേപ്പാടൻ അനുശോചന സന്ദേശം നൽകുകയും ചെയ്തു.

**ഫാ. സിജോ പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

# മേരിമാതാ മേജർ സെമിനാരി

**നവാഭിഷിക്തതർക്ക് സ്വീകരണം**

ഈ വർഷം പൗരോഹിത്യം സ്വീകരിച്ച നവ വൈദികർക്ക് സെമിനാരി കുടുംബം സ്വീകരണം നൽകി അനുമോദിച്ചു. ജനുവരി 12-ാം തിയ്യതി വൈകീട്ട് നടന്ന യോഗത്തിൽ നവ വൈദികരും സെമിനാരി കുടുംബവും പങ്കുചേർന്നു. ബഹു. റെക്ടറച്ചൻ സ്വാഗതം ചെയ്തു സംസാരിച്ചു. നവവൈദികർ തിരുപട്ടത്തിനു ശേഷമുള്ള തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. സെമിനാരി വിദ്യാർത്ഥികൾ നവവൈദീകർക്ക് ഗാനമാലപിച്ച് ആശംസകൾ അർപ്പിച്ചു. ജനുവരി പന്ത്രണ്ടാം തീയതി രാവിലെ നവവൈദികർ കൃതജ്ഞത ബലിയർപ്പിച്ച് സെമിനാരി കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചു.

മേരിമാത മേജർ സെമിനാരിയിൽ നിന്ന് ഫിലോസഫി പഠനം പൂർത്തിയാക്കി മറ്റു സെമിനാരികളിൽ നിന്ന് തിയോളജി പഠനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർ ജനുവരി 15-ാം തീയതി സെമിനാരിയിൽ വരികയും വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**Convocation Ceremony**

ജനുവരി 13-ാം തീയതി രാവിലെ 9 മണിക്ക് കഴിഞ്ഞ അധ്യയനവർഷത്തിൽ തിയോളജിയിലും ഫിലോസഫിയും പൂർത്തിയാക്കിയ വൈദികവിദ്യാർഥികൾക്ക് ഫിലോസഫിയുടെയും തിയോളജിയുടെയും ഡിഗ്രികൾ സെമിനാരിയിൽ നിന്ന് വിതരണം ചെയ്തു. ഒപ്പം തന്നെ പറോക്ക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ വിവിധങ്ങളായ തിയോളജി കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. റെക്ടർ ബഹു. സെബാസ്റ്റ്യൻ ചാലച്ചയ്ക്കലച്ചൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കോട്ടപ്പുറം രൂപതാധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവാണ് അന്നേദിവസം മുഖ്യ അതിഥിയായി എത്തിച്ചേർന്നത്. ഈ മീറ്റിങ്ങിൽ മേരിമാത ഇൻസ്റ്റ്യൂട്ട് ഓഫ് തിയോളജിയുടെ ഡയറക്ടർ ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചനും മേരിമാത ഇൻസ്റ്റ്യൂട്ട് ഓഫ് ഫിലോസഫിയുടെ ഡയറക്ടർ ബഹുമാനപ്പെട്ട സിബി ചെറുതോട്ടിലച്ചനും പറോക്ക് ഇൻസ്റ്റ്യൂട്ട് ഡയറക്ടറായ ബഹുമാനപ്പെട്ട സൈജോ തൈക്കാട്ടിലച്ചനും റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

എക്സാമിനേഷൻ ഓഫ് കൺട്രോളർമാരായ ബഹു. ലിജോ ചാലിശ്ശേരിച്ചന്റെയും ബഹു. സിന്റോ പൊറത്തൂരച്ചന്റെയും സാന്നിധ്യം മീറ്റിങ്ങിൽ ഉണ്ടായിരുന്നു.

അന്നേദിവസം ഉച്ചയ്ക്ക് ശേഷം AI യുടെ അനന്ത സാധ്യതകളെക്കുറിച്ച് ഒരു സെമിനാർ നടത്തപ്പെട്ടു. തേവര എസ് എച്ച് കോളേജ് അധ്യാപകനായ ബഹു. സാബു കുമ്പുക്കലച്ചനാണ് ക്ലാസിന് നേതൃത്വം നൽകിയത്. സെമിനാറിൽ ഫിലോസഫിയിലെയും തിയോളജിയിലെയും വൈദികവിദ്യാർഥികൾ പങ്കെടുത്തു.

**വോളിബോൾ മാച്ച്**

മണ്ണുത്തി ഡോൺ ബോസ്കോ സെമിനാരിയിലെ വൈദികവിദ്യാർഥികളും മേരിമാതാ മേജർ സെമിനാരിയിലെ വൈദികവിദ്യാർഥികളും തമ്മിൽ ജനുവരി പതിനാറാം തീയതി വോളിബോൾ സൗഹൃദമത്സരം സംഘടിപ്പിച്ചു. മത്സരത്തിൽ മേരിമാത ടീം വിജയിച്ചു.

**എക്യുമെനിക്കൽ യോഗം**

ജനുവരി 19-ാം തീയതി വൈകിട്ട് രണ്ടു മണിയോടുകൂടി തൃശ്ശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട, രാമനാഥപുരം എന്നീ രൂപതകളിൽ നിന്നുള്ള സഭാമേലധ്യക്ഷന്മാരുടെയും വൈദിക, അല്മായ പ്രതിനികളുടെയും എക്യുമെനിക്കൽ യോഗം സെമിനാരി ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 2.30 ന് ആരംഭിച്ച യോഗത്തിന് ഫാ. ജോസ് വേങ്ങശ്ശേരി നയിച്ച പ്രാർത്ഥനയോടെ ആരംഭം കുറിച്ചു. പാലക്കാട് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവ് സ്വാഗതവും ആശംസകളും നേർന്നു സംസാരിച്ചു. ആർച്ച്ബിഷപ്പ് മാർച്ച് ആൻഡ്രൂസ് താഴത്ത് മീറ്റിംഗിൽ മോഡറേറ്ററായി. വിവിധ ക്രൈസ്തവ സഭകളിൽ നിന്നുള്ള മേലധ്യക്ഷന്മാരും വൈദിക പ്രതിനിധികളും അല്മായ പ്രതിനിധികളും തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. ഇന്ത്യയിലെ ക്രൈസ്തവസഭ നേരിടുന്ന പ്രധാന വെല്ലുവിളികളെ പറ്റി യോഗം വിലയിരുത്തി.

നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികത്തോടനുബന്ധിച്ച് സെമിനാരി റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലക്കൽ സൂനഹദോസിന്റെ ഇന്നത്തെ കാലഘട്ടത്തിലെ പ്രാധാന്യം എന്ന വിഷയത്തെപ്പറ്റി പ്രഭാഷണം നടത്തി. തുടർന്ന് പ്രാർത്ഥനയ്ക്കായി ദേവാലയത്തിൽ സമ്മേളിച്ചു. പ്രാർത്ഥനയ്ക്ക് ബഹു. പോൾ പുളിക്കൻ അച്ചൻ നേതൃത്വം നൽകി. വിവിധ ക്രൈസ്തവസഭകളിലെ സഭാമേലധ്യക്ഷന്മാരും അലമായപ്രതിനിധികളും വൈദികരും പ്രാർത്ഥനയിൽ

പങ്കെടുത്തു. ബഹു. മാർ ബസേലിയോസ് ഒന്നാമൻ മെത്രാപ്പോലീത്ത സമാപന ആശീർവാദം നിർവഹിച്ചു. ഗൾഫ് മേഖലയുടെ അപ്പോസ്തോലിക് വിസിറ്റേറ്ററായ ബഹു.ജോളി വടക്കനച്ചൻ എല്ലാവർക്കും നന്ദി അർപ്പിച്ച് സംസാരിച്ചു. സ്നേഹവിരുന്നോടെ യോഗം സമാപിച്ചു.

ജനുവരി 25 ഞായറാഴ്ച മേരിമാതാ സെമിനാരിയിൽ നടത്തിയ എക്യുമനിക്കൽ പ്രാർത്ഥനാകൂട്ടായ്മയിൽ വിവിധ സഭകളിലെ പ്രതിനിധികൾ പങ്കെടുത്തു. വൈകിട്ട് 7.45 ന് സെമിനാരി ചാപ്പലിൽവെച്ച് നടത്തിയ പ്രാർത്ഥനാശുശ്രൂഷകൾക്ക് ബഹുമാനപ്പെട്ട പോൾ പുളിക്കനച്ചൻ കാർമ്മികനായി. ബഹുമാനപ്പെട്ട ലോറൻസ് തൈക്കാട്ടിലച്ചൻ സന്ദേശം നൽകി.

### മ്യൂസിക് നൈറ്റ്

ഈ വർഷത്തെ മ്യൂസിക് നൈറ്റ് ജനുവരി 24 ശനിയാഴ്ച സംഘടിപ്പിക്കപ്പെട്ടു. 'സർവ്വം ലയം' എന്ന പേരിൽ സംഘടിപ്പിക്കപ്പെട്ട ഗാനനിശയിൽ വൈദികരും വൈദികവിദ്യാർത്ഥികളും പങ്കെടുത്തു.

### റിപ്പബ്ലിക് ഡേ ദിനാചരണവും കുട്ടികളുടെ കലാപരിപാടിയും

ജനുവരി 26-ാം തീയതി രാവിലെ വിശുദ്ധ കുർബാനയ്ക്ക് മാർ ബോസ്കോ പുത്തൂർ പിതാവ് കാർമികത്വം വഹിച്ചു, സന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്ക് ശേഷം അഭിവന്ദ്യപിതാവ് ദേശീയപതാക ഉയർത്തി. ഒന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥി ബ്രദർ റോഹൻ അമ്പൂക്കൻ റിപ്പബ്ലിക് ദിന സന്ദേശം നൽകി.

അന്നേദിവസം സെമിനാരിയിലെ വിവിധ ബാച്ചുകൾ തമ്മിൽ സൗഹൃദ ക്രിക്കറ്റ് മാച്ച് സംഘടിപ്പിച്ചു. ഉച്ചയ്ക്കുശേഷം ഫിലോസഫിയിലെ വൈദികവിദ്യാർഥികൾ ഞായറാഴ്ചകളിൽ മിനിസ്ട്രിക്കായി പോകുന്ന വിവിധസ്ഥലങ്ങളിൽ നിന്നും കുട്ടികൾ സെമിനാരി സന്ദർശിക്കുകയും അവരുടെ കലാപരിപാടികൾ സെമിനാരി ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുകയും ചെയ്തു. മീറ്റിങ്ങിലേക്ക് കടന്നുവന്ന എല്ലാ കുട്ടികൾക്കും സെമിനാരിയിൽ നിന്ന് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചു.

### വിനോദയാത്ര

ഈ വർഷത്തെ ഏകദിന വിനോദയാത്ര ജനുവരി 31 ശനിയാഴ്ച നടത്തപ്പെട്ടു. രാവിലെ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. ശേഷം എല്ലാ ബാച്ചിലേയും ബ്രദേഴ്സ് വിനോദയാത്രയ്ക്കായി വിവിധ സ്ഥലങ്ങളിലേക്ക് പോയി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

1. ശ്രീ പോളി ടി. കെ. തൈക്കാട്ടിൽ ഹൗസ്, കുറ്റൂർ പി.ഒ., തൃശ്ശൂർ, 680 013.
2. ശ്രീ സെബി എം. എൽ, മാളിയേക്കൽ ഹൗസ്, കുട്ടനല്ലൂർ പി. ഒ., തൃശ്ശൂർ, 680 014.
3. ശ്രീമതി ജീന ജോസ്, സെൻറ് മേരീസ് യു. പി. സ്കൂൾ, മൂഴിക്കുളം, കുറുമശ്ശേരി പി. ഒ., എറണാകുളം, 683 579.
4. ശ്രീ പൊറിഞ്ചു ആൻറണി & മറിയാമ്മ, പള്ളിക്കുന്നത്ത് ഹൗസ്, കണ്ടശാംകടവ് പി.ഒ., തൃശ്ശൂർ. 680 613.
5. ശ്രീമതി അനി സി. എഫ്. W/o ലിയോൺ ജോർജ്ജ്, തെക്കേക്കര ഹൗസ്, അഞ്ചങ്ങാടി, കീഴൂർ പി.ഒ., കുന്നംകുളം, 680 523.

**ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**

റെക്ടർ

# സെൻ്റ് മേരീസ് മൈനർ സെമിനാരി

**മാസധ്യാനം**

2026 ഫെബ്രുവരി മാസം ഏഴാം തിയതി ബഹുമാനപ്പെട്ട ജോയ്സ് S.D.B. അച്ചൻ മൈനർ സെമിനാരിക്കാർക്കും, 14-ാം തിയതി ബഹുമാനപ്പെട്ട ജീസ്മോൻ ചെമ്മണ്ണൂർ അച്ചൻ ഡിഗ്രി പഠിക്കുന്ന വൈദിക വിദ്യാർഥികൾക്കും മാസധ്യാനചിന്തകൾ നൽകി.

**സന്ദർശക ദിനം**

ഒന്നും, രണ്ടും വർഷ സെമിനാരിക്കാർക്ക് ഫെബ്രുവരി 8, ഞായറാഴ്ച്ച സന്ദർശകദിനമായിരുന്നു. അവസാന വർഷ സെമിനാരിക്കാരുടെ മാതാപിതാക്കളുടെ ദിനമായി ഫെബ്രുവരി 22 ഞായറാഴ്ച്ച ആചരിച്ചു.

**മോഡൽ പരീക്ഷ**

പ്ലസ് വൺ, പ്ലസ് ടു വൈദിക വിദ്യാർത്ഥികൾക്ക് ഫെബ്രുവരി 9 മുതൽ 21 വരെ ദിനങ്ങളിൽ മോഡൽ പരീക്ഷകൾ നടക്കുകയുണ്ടായി.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

2026 ഫെബ്രുവരി 18, ബുധനാഴ്ച, അഭിവന്ദ്യ മാർ ആൻഡ്രൂസ്

താഴത്ത് പിതാവും, ഫെബ്രുവരി 19 വ്യാഴാഴ്ച അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

**ഒരു മാസത്തെ പ്രോഗ്രാം**

ഡിഗ്രി പഠിക്കുന്ന ഒന്നാം വർഷ സെമിനാരിക്കാരുടെ ഒരു മാസത്തെ പ്രോഗ്രാം ജനുവരി 25 മുതൽ ഫെബ്രുവരി 26 വരെ മഡോണ സെമിനാരിയിൽ നടത്തപ്പെട്ടു.

**ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും**

നമ്മുടെ അതിരൂപതയിലെ ദൈവശാസ്ത്ര വൈദികവിദ്യാർഥികൾ, മാർച്ച് മാസം 28 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ലൂർദ് കത്തീഡ്രലിൽവെച്ച് ഡീക്കൻ പട്ടവും, ചെറുപട്ടങ്ങളും അഭിവന്ദ്യ ആൻഡ്രൂസ് പിതാവിൽ നിന്നും യഥാക്രമം സ്വീകരിക്കുന്നതായിരിക്കും.

**ദൈവവിളി ക്യാമ്പുകൾ**

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ച്:

ഒന്നാം ബാച്ച്: 2026 ഏപ്രിൽ 6 മുതൽ ഏപ്രിൽ 7 വരെ
രണ്ടാം ബാച്ച്: ഏപ്രിൽ 8 മുതൽ ഏപ്രിൽ 9 വരെ
മൂന്നാം ബാച്ച്: ഏപ്രിൽ 10 മുതൽ ഏപ്രിൽ 11 വരെ.

ദൈവവിളികൾ കണ്ടെത്തി, കുട്ടികളെ അതതു ക്യാമ്പുകളിലേക്ക് ഒരുക്കി പറഞ്ഞയക്കണമെന്നു ബഹുമാനപ്പെട്ട വികാരിയച്ചൻമാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ദൈവദർശൻ ക്യാമ്പുകൾ**

ഇടവകകളിൽ കുട്ടികൾക്കായി നടത്തിവരുന്ന 'ദൈവദർശൻ' ക്യാമ്പുകൾ, മുൻകൂട്ടിയുള്ള ബുക്കിംഗ് അനുസരിച്ച്, ഏപ്രിൽ 6 മുതൽ മേയ് 2 വരെ, നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി. ജോസ്‌ലിൻ ആന്റണി,
   തെക്കനാത്ത് പണ്ടാരവളപ്പിൽ, കണ്ടശ്ശാംകടവ്
2. ശ്രീ. സെബാസ്റ്റ്യൻ എം.എ., മേക്കാട്ടുകുളം, മുണ്ടൂർ
3. ശ്രീ. ആൻഡ്രൂസ് ഐനക്കൽ, ഐനക്കൽ,
   അളഗപ്പ നഗർ
4. ശ്രീ. എം.വി. വിൽസൺ, മണ്ടുംപാൽ, ചൊവ്വന്നൂർ
5. ശ്രീ. പോൾ ടി.
6. ശ്രീ. ബാബു വി.എൽ., വടൂകൂട്ട്, അന്നക്കര
7. ശ്രീമതി. വെറോണിക്ക സി.ഒ.

8. ശ്രീ. ബിജു പി. ചാക്കുണ്ണി, പറോക്കാരൻ, വരന്തരപ്പിള്ളി
9. ശ്രീമതി. ലിറ്റി ഫ്രാൻസിസ്, കൊല്ലന്നൂർ, കുന്നംമൂച്ചി
10. ശ്രീ. ആന്റണി എ.എ., ആലപ്പാട്ട്, പാലക്കൽ
11. ശ്രീമതി. സിങ്കമ്മ കള്ളിയത്ത്, ഐവി കോർട്ട്, ഒല്ലൂർ
12. ശ്രീമതി & ശ്രീ. ആന്റോസ് സി.ജെ., ചിറമ്മൽ, കാരഞ്ചിറ
13. ശ്രീ. ബൈജു ഡേവിസ് & ശ്രീമതി. വൽസ ബൈജു, താഴത്ത, കല്ലൂർ വെസ്റ്റ്
14. The Council of Catholic Women of India (CCWI), Thrissur

എല്ലാ ഉപകാരികളോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു, ദൈവം എന്നും കൂടെയുണ്ടാകട്ടെ.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,
ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

എല്ലാവർക്കും സുഖമാണോ?

നമ്മൾ ഇപ്പോൾ നോമ്പുകാലഘട്ടത്തിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുകയാണല്ലോ!. ഈശോയോടൊപ്പം പ്രാർത്ഥിക്കാനും, ചിന്തിക്കാനും ഉള്ള ഒരു വിശേഷപ്പെട്ട അവസരം കൂടിയാണിത്. നോമ്പ് കാലത്തിന്റെ ഓർമ്മകൾ നമുക്ക് പലവിധത്തിലായിരിക്കാം: ചിലരെ സംബന്ധിച്ചിടത്തോളം നോമ്പ് കാലം ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും കാലമാണ്. മറ്റു ചിലർക്ക് നോമ്പ് കാലം വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളും, അതിനോടനുബന്ധിച്ച ടാബ്ലോയും, മറ്റു ഭൗതിക പരിപാടികളുമാണ്. ചിലർക്ക് മലയാറ്റൂരും കനകമലയും തീർത്ഥാടനം പോകുന്നതാണ്. എന്നാൽ പ്രിയ കുഞ്ഞുമക്കളെ, യഥാർത്ഥത്തിൽ എന്താണ് ഈ നോമ്പ് കാലം നമ്മളിൽ നിന്ന് ആവശ്യപ്പെടുന്നത്?

നോമ്പ് എന്ന് പറയുമ്പോൾ ഒരിക്കലും നല്ല ആഹാരം കഴിക്കാതിരിക്കുന്നതും, ചെറിയ ചെറിയ ത്യാഗങ്ങൾ മാത്രം ചെയ്യുന്നതുമല്ല. അതിനപ്പുറം, ഈശോയോട് നേരിട്ടുള്ള ഒരു

സ്നേഹബന്ധം നമ്മുടെ ഹൃദയത്തിൽ വളർത്തിയെടുക്കുന്നതാണ്. ഈ ആധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അതിപ്രസരമുള്ള കാലഘട്ടത്തിലും നല്ല മനസ്സ് ഉള്ള വിശുദ്ധിയുള്ള മക്കളായി നമ്മൾ വളരണം. നമ്മുടെ മാതാപിതാക്കളെ ബഹുമാനിക്കാനും അനുസരിക്കാനും സ്നേഹിക്കാനും നമ്മുടെ കൂട്ടുകാരോട് സ്നേഹത്തിൽ ഇടപഴകാനും, പരിഭവങ്ങളില്ലാതെയും, പരസ്പരം സഹായിച്ചും ജീവിക്കാനും, സാധിക്കുന്നതാണ് ഈ നോമ്പ് കാലത്തിൽ ഈശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാര്യങ്ങൾ.

അതുപോലെ തന്നെ നമ്മുടെ കുറവുകളും ബലഹീനതകളും തിരിച്ചറിഞ്ഞു  അവയെ കീഴ്പ്പെടുത്താൻ നമുക്ക് സാധിക്കണം. നമുക്ക് തോന്നുന്ന ദേഷ്യം, മടി, അലസത, മോഹങ്ങൾ, ചില ദുശീലങ്ങൾ, മറ്റുള്ളവരെ കുറിച്ച് പറയുന്ന പരിഭവങ്ങൾ, പരാതികൾ എന്നിവയിൽ നിന്ന് മാറി നിൽക്കാനും ഈ നോമ്പ് കാലത്തിൽ നമുക്ക്  പരിശ്രമിക്കാം. അതിന്, നമ്മെ സഹായിക്കാൻ ഈശോക്ക് മാത്രമേ സാധിക്കൂ എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ഈശോ നമ്മെ സഹായിക്കണമെങ്കിൽ ആദ്യമേതന്നെ നമുക്ക് ഈശോയോട് നല്ല സ്നേഹം ഉണ്ടാകണം, രണ്ടാമതായി ഈശോയിൽ ആശ്രയം വെക്കണം, മൂന്നാമതായി, ഈശോ ആഗ്രഹിക്കുന്ന പോലെ ജീവിക്കാൻ നാം പരിശ്രമിക്കണം, മൂല്യങ്ങളിൽ വളരണം. ഈശോയിൽ ആശ്രയിക്കാൻ  ഈശോയോട് എല്ലാ സമയത്തും പ്രാർത്ഥിക്കുക, ജീവിതത്തിലെ ബുദ്ധിമുട്ടുകളിൽ പ്രതിസന്ധികളിൽ പഠിക്കാനുള്ള ബുദ്ധിമുട്ടുകളിൽ  ഈശോയോട് ഉത്തരം ചോദിക്കുക, നല്ല മൂല്യങ്ങളെ കുറിച്ച്  അറിവുള്ളവരാകുക. അതിന് വചന വായന നമ്മെ സഹായിക്കും കൂടാതെ നല്ല പുസ്തകങ്ങൾ വായിക്കുകയും നല്ല സിനിമകൾ കാണുകയും അതിൽ നിന്നെല്ലാം നല്ല ബോധ്യങ്ങളും തിരിച്ചറിവുകളും സമ്പാദിക്കുകയും വേണം.

പ്രിയമുള്ള കുഞ്ഞുമക്കളെ, ഈ നോമ്പ് കാലത്തിൽ, ഈശോയ്ക്ക് വേണ്ടി ഹൃദയത്തിൽ ഒരു നല്ല സ്ഥലം നമ്മുക്ക് ഒരുക്കാം. നമ്മുടെ നല്ല പ്രവൃത്തികളിലൂടെ, സ്നേഹത്തിലൂടെ ഈശോയെ നമ്മുടെ കൂട്ടുകാർക്ക്  പകർന്നുനൽകാം. വിശ്വാസം, സ്നേഹം, ശരണം എന്നീ ദൈവീക സുകൃതങ്ങൾ നമ്മുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. ഈ വെക്കേഷൻ കാലവും നോമ്പ് കാലവും ഈശോയിൽ വളരാൻ നമ്മെ സഹായിക്കട്ടെ.

എല്ലാവർക്കും നല്ല നോമ്പ് കാലം നേരുന്നു. ഈശോ നിങ്ങളെ എല്ലാവരെയും  സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെയും പ്രാർത്ഥനയോടെയും,

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

## വിശ്വാസപരിശീലനകേന്ദ്ര വാർത്തകൾ

### I. ഞായറാഴ്ച വിശ്വാസപരിശീലന വാർത്തകൾ

### 1. സർവ്വീസ് അവാർഡ് ദിനം ആഘോഷിച്ചു.

തൃശ്ശൂർ അതിരൂപത വിശ്വാസപരിശീലന ശുശ്രൂഷയുടെ അവാർഡ് ദിനം 2026 ജനുവരി 26 ന് ആഘോഷിച്ചു. രാവിലെ 11.30 ന് വികാരി ജനറൽ വെ. റവ. മോൺ. ജോസ് കോനിക്കരയച്ചൻ മുഖ്യകാർമ്മികത്വം വഹിച്ച വി. കുർബാനയർപ്പണത്തോടുകൂടി അവാർഡ് ദിനത്തിന് ആരംഭംക്കുറിച്ചു. ഫാ. സനൽ മാളിയേക്കൽ സന്ദേശം നൽകി. സ്നേഹവിരുന്നിനുശേഷം 2 മണിക്ക് പൊതുസമ്മേളനം ആരംഭിച്ചു. എല്ലാ വിശ്വാസപരിശീലകർക്കും വിശ്വാസപരിശീലന ശുശ്രൂഷക്ക് നേതൃത്വം നൽകുന്ന ബഹു. വൈദികർക്കും നന്ദിയും അഭിനന്ദനവുമേകിക്കൊണ്ട് വിശ്വാസ പരിശീലന അവാർഡ് ദിനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷപ്രസംഗം നടത്തി.  വികാരി ജനറൽ വെ.റവ.മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ആശംസകൾ അർപ്പിച്ചു. ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ ഏവർക്കും സ്വാഗതമേകി. വിശ്വാസപരിശീലന ശുശ്രൂഷയുടെ വാർഷിക റിപ്പോർട്ട് വിശ്വാസപരിശീലന കൗൺസിൽ സെക്രട്ടറി അഡ്വ. ബിനീത ജോയ് അവതരിപ്പിച്ചു. പറപ്പൂർ ഇടവക വികാരി റവ. ഫാ. സെബി പുത്തൂർ, വിരമിക്കുന്ന അധ്യാപിക, അരിമ്പൂർ ഇടവക ശ്രീമതി ലൂസി പോൾ,  45 വർഷത്തെ സർവ്വീസ് അവാർഡ് നേടിയ, തണ്ടിലം ഇടവക സി. ഐ. പൗലോസ് മാഷ് എന്നിവർ മറുപടി വാക്കുകളിലൂടെ നന്ദി പ്രകാശിപ്പിച്ചു. വിശ്വാസത്തിന്റെ നാളങ്ങൾ അനേകർക്ക് പകർന്ന് നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ  വിശ്വാസപരിശീലനരംഗത്ത് നിന്ന് വിരമിക്കുന്ന

അധ്യാപകരെ യോഗത്തിൽ ആദരിച്ചു. അതിരൂപതയിൽ വളരെ മികച്ച രീതിയിൽ വിശ്വാസപരിശീലനം നടത്തുന്ന ബെസ്റ്റ് മോഡൽ യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട പറപ്പൂർ ഇടവകയ്ക്കും, സെക്കന്റ് മോഡൽ യൂണിറ്റായി ഒല്ലൂർ മേരിമാത ഇടവകയ്ക്കും, ഫൊറോന തലത്തിലുള്ള 16 മോഡൽ യൂണിറ്റുകൾക്കും, 'എ' ഗ്രേഡ് കരസ്ഥമാക്കിയ 84 യൂണിറ്റുകൾക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. 45, 35, 25, 15 വർഷങ്ങൾ വിശ്വാസപരിശീലനം നടത്തിയ അധ്യാപകർ, 20, 10 വർഷങ്ങൾ മുടങ്ങാതെ വന്ന അധ്യാപകർ, ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയ അധ്യാപകർ, കൃത്യതയോടെ വചനം വായിച്ച് യേശുവിനെ കൂടുതലായി അറിയാൻ ശ്രമിച്ചവർ, വചനം പകർത്തിയെഴുതിയവർ എന്നിവർക്കെല്ലാം യോഗത്തിൽ അവാർഡുകളും സമ്മാനങ്ങളും നൽകി.

**2. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസപരിശീലകരുടെ സംവാദസദസ്സ് വിവിധ ഇടവകകളിൽ നടന്നു കൊണ്ടിരിക്കുന്നു.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (2026 ജനുവരി 16 മുതൽ ഫെബ്രുവരി 16 വരെ) യൂണിറ്റുകൾ: തൃപ്രയാർ, വലപ്പാട്, കല്ലൂർ ഈസ്റ്റ്, കല്ലൂർ വെസ്റ്റ്, മണ്ണംപ്പേട്ട, ചിറ്റിശ്ശേരി, നന്തിപുലം നോർത്ത്, നെന്മണിക്കര, പാലാഴി, പള്ളിക്കുന്ന്, പുതുക്കാട്, സ്നേഹപുരം, തൊറവ്, വരാക്കര സൗത്ത്, വരന്തരപ്പിള്ളി, വെള്ളാനിക്കോട്, വെണ്ടോർ, മാന്ദാമംഗലം, മരോട്ടിച്ചാൽ, പൊന്നൂക്കര, പുത്തൂർ, കോടന്നൂർ, ചെങ്ങാലൂർ, എടക്കളത്തൂർ. നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

**II. അറിയിപ്പുകൾ**

1. കേന്ദ്രീകൃത മൂല്യനിർണ്ണയം - വിശ്വാസപരിശീലന കേന്ദ്രത്തിൽ (DBCLC)

a) ക്ലാസ്സുകളിലെ ഉത്തരകടലാസ്സുകളുടെ മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ക്രിസ്റ്റ്യൻ ചെയറിന്റെ മേൽനോട്ടത്തിൽ നടത്തുന്നു.

b) ACC & XII വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Std. XII : 2026 മാർച്ച് 1 ഞായർ

ACC : 2026 മാർച്ച് 8, 15 ഞായറാഴ്ചകളിൽ
Time : 9.30 AM - 4.30 PM
വിശുദ്ധ കുർബാനയും ഭക്ഷണവും ഇവിടെ ക്രമീകരിച്ചിട്ടുണ്ട്.

2. യൂണിറ്റ് തലത്തിലുള്ള കേന്ദ്രീകൃത മൂല്യനിർണ്ണയം Std. 1 to XI
തിയതി : മാർച്ച് 1 ഞായർ

3. മാർക്ക്ലിസ്റ്റ് & ഇന്റേണൽ അസ്സസ്സ്മെന്റ്മാർക്കുകൾ, പുനഃപരീക്ഷക്ക് രജിസ്റ്റർ ചെയ്യൽ എന്നിവ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യേണ്ട സമയം
ആരംഭം : മാർച്ച് 1
അവസാന തിയതി : മാർച്ച് 10

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്ക്ലിസ്റ്റും തയ്യാറാക്കിയതിനുശേഷം ആബ്സന്റാവുകയോ തോൽക്കുകയോ ചെയ്തവരെ പുനഃപരീക്ഷക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. സോഫ്റ്റ്വെയറിൽ കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ്വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

4. പുനഃപരീക്ഷ യൂണിറ്റുകളിൽ : തിയതി – മാർച്ച് 15 ഞായറാഴ്ച

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും വേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്. പുനഃപരീക്ഷയുടെ മാർക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. പുനഃപരീക്ഷയുടെ മാർക്ക് സ്കോളർഷിപ്പിനോ സമ്മാനങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. പുനഃപരീക്ഷയിൽ പങ്കെടുക്കാതിരിക്കുകയും പങ്കെടുത്തിട്ടും ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയും ചെയ്തവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവുന്നതാണ്.

5. അതിരൂപതതല കാറ്റക്കെറ്റിക്കൽ കൗൺസിൽ ജനറൽ ബോഡി: അതിരൂപത മൂന്നാം കാറ്റക്കെറ്റിക്കൽ കൗൺസിലിന്റെ രണ്ടാമത്തെ സമ്പൂർണ്ണ സമ്മേളനം 2026 മാർച്ച് 21 ശനിയാഴ്ച ഡി.ബി.സി.എൽ.സി. യിൽ ചേരുന്നു. രാവിലെ 09.30 ന് ആരംഭിച്ച് വൈകിട്ട് 05 ന് അവസാനിക്കുന്നു. എല്ലാ കൗൺസിൽ അംഗങ്ങളും

പങ്കെടുക്കേണ്ടതാണ്.

6. പ്രതിഭാപരിശീലന ക്യാമ്പ് - 7-ാം ക്ലാസ്സുകാർക്ക്.

തിയതികൾ: ഏപ്രിൽ 7, 8. യൂണിറ്റുകളിൽ നിന്നും ഫോം മുഖേന തിരഞ്ഞെടുക്കപ്പെട്ട 7ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഡി.ബി. സി.എൽ.സി.യിൽ ക്യാമ്പ് നടക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെ നിർബന്ധമായും അധികൃതർ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്.

7. ബേസിക് സി. ടി. സി. കോഴ്സ്

2nd Batch 2026 April 17 to 19 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ കാലത്ത് 10.30 ന് അവസാനിക്കുന്നു.

3rd Batch 2026 April 24 to 26 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

Venue- DBCLC

കോഴ്സ് ഫീസ് 400 രൂപ.

വിശ്വാസപരിശീലകരായി നിയമിക്കപ്പെട്ട് ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപത വിശ്വാസപരിശീലന കേന്ദ്രം ഒരുക്കുന്ന CTC (Catechists Training Course) കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമേ ഈ കോഴ്സിൽ പ്രവേശിപ്പിക്കുകയുള്ളൂ. ബഹുമാനപ്പെട്ട വൈദികരും പ്രിൻസിപ്പൽമാരും മുൻകൈയെടുത്ത് സി.ടി.സി. കോഴ്സിൽ പങ്കെടുക്കാത്ത വിശ്വാസപരിശീലകരെ പങ്കെടുപ്പിക്കുമല്ലോ. രജിസ്ട്രേഷൻ ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ സോഫ്റ്റ്‌വെയറിൽ ചെയ്യാവുന്നതാണ്.

8. എ.സി. സി, പ്ലസ് ടു പുനപരീക്ഷ, ഇംപ്രൂവ്മെന്റ് പരീക്ഷ

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ റിസൽറ്റ് വന്നതിനുശേഷം വിശ്വാസപരിശീലന കേന്ദ്രത്തിൽ വന്ന് ചെയ്യേണ്ടതാണ്. രജിസ്ട്രേഷനുള്ള ഫോം വാട്സാപ്പിലൂടെ അയച്ചുതരുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 21, രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ. (സോഫ്റ്റ്‌വെയർ രജിസ്ട്രേഷൻ ഇല്ല)

പരീക്ഷാ തിയതി : ഏപ്രിൽ 25 ശനിയാഴ്ച്ച
പരീക്ഷാകേന്ദ്രം : ഡിബിസിഎൽസി

സമയം : 12-ാം ക്ലാസ്സ് രാവിലെ 10 മുതൽ 12 വരെ

: എ.സി.സി. രാവിലെ 10 മുതൽ 1 വരെ.

**9. നന്ദി**

1. 2025-26 അധ്യയനവർഷം സമാപനം

2026 ഫെബ്രുവരി 22 ന് 2025- 2026 അധ്യയന വർഷം സമാപിക്കുകയാണ്. ഈ അധ്യയന വർഷത്തിൽ ഓരോ ഇടവകയിലും വിശ്വാസപരിശീലന ശുശ്രൂഷക്ക് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും പി.ടി.എ ക്കും ഇടവക, ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിലിനും എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും ഹൃദയംഗമമായ നന്ദി. അവധിക്കാലം ഇന്റൻസീവ് കാറ്റക്കിസത്തിലൂടെയും മറ്റു പരിശീലനപരിപാടികളിലൂടേയും കൂടുതൽ മികവുറ്റതാക്കിമാറ്റാം.

2. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും 65 വയസ്സു പൂർത്തിയാക്കി വിശ്വാസ പരിശീലനത്തിൽ നിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**10. അഭിനന്ദനങ്ങൾ**

1. ആപ്റ്റിറ്റ്യൂഡ് പരീക്ഷ: വിശ്വാസപരിശീലകർക്കുള്ള അതിരൂപതതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ പങ്കെടുത്ത 52 അധ്യാപകരിൽ 52 പേരും വിജയം കരസ്ഥമാക്കി. എല്ലാവർക്കും അഭിനന്ദനങ്ങൾ. റാങ്ക് കരസ്ഥമാക്കിയവർ.

| RANK | NAME | UNIT |
|---|---|---|
| 4 | Mrs. VANDANA VARGHESE | NELLIKKUNNU |
| 5 | Mrs. JEENA SUNIL | KUNDANNUR |
| 6 | Mr. JOE KIZHAKOODEN | OLARIKKARA |
| 7 | Mrs. REEJA JOJU | ARIMPUR |
| 8 | Mrs. PRIYA SHAN MATHEW | POOMALA |
| 9 | Mrs. SUJATHA JAMES | CHETTUPUZHA |
| 10 | Sr. NITHYA ROSE | MARATHAKKARA |
| 10 | Miss. NEHA P R | NADATHARA |



**First Rank**
Mrs. PRINCY SAJU
Ollur Marymatha



**Second Rank**
Mrs. TREESA GEORGE
MUKKATTUKARA



**Third Rank**
Mrs. MARY JESNA K A
KUNDANNUR

2. 2025-2026 വർഷത്തിൽ സമ്മാനങ്ങൾക്ക് അർഹരായ യൂണിറ്റുകൾ:

ബെസ്റ്റ് മോഡൽ യൂണിറ്റ് : പറപ്പൂർ

സെക്കന്റ് ബെസ്റ്റ് മോഡൽ യൂണിറ്റ് : ഒല്ലൂർ മേരിമാത

മോഡൽ യൂണിറ്റുകൾ :

ചേലക്കര ഫൊറോന - കിള്ളിമംഗലം, എരുമപ്പെട്ടി ഫൊറോന - ആറ്റത്തറ, കണ്ടശ്ശാംകടവ് ഫൊറോന - മണലൂർ ഈസ്റ്റ്, കൊട്ടേകാട് ഫൊറോന - മുണ്ടൂർ, മറ്റം ഫൊറോന - മറ്റം, ഒല്ലൂർ ഫൊറോന - ഒല്ലൂർ മേരിമാത, പാലയൂർ ഫൊറോന - ബ്രഹ്മകുളം, പറപ്പൂർ ഫൊറോന - പറപ്പൂർ, പട്ടികാട് ഫൊറോന - കണ്ണാറ, പഴുവിൽ ഫൊറോന - അന്തിക്കാട്, പുതുക്കാട് ഫൊറോന - പ ള്ളിക്കുന്ന്, പുത്തൂർ ഫൊറോന - പൊന്നൂക്കര, തൃശ്ശൂർ ഡോളേഴ്സ്, ഫൊറോന കുരിയച്ചിറ, തൃശ്ശൂർ ലൂർദ്ദ് ഫൊറോന - നടത്തറ, വേലൂർ ഫൊറോന- പാറന്നൂർ, വടക്കാഞ്ചേരി ഫൊറോന - കുണ്ടന്നൂർ

എ ഗ്രേഡ് നേടിയ യൂണിറ്റുകൾ: പറപ്പൂർ, ഒല്ലൂർ മേരിമാത, കണ്ണാറ, നടത്തറ, ആമ്പക്കാട്, മണലൂർ ഈസ്റ്റ്, തൃശ്ശൂർ ലൂർദ്, പാറന്നൂർ, മുണ്ടൂർ, പള്ളിക്കുന്ന്, നെല്ലങ്കര, ചിയ്യാരം, ചെമ്പൂക്കാവ്, ബ്രഹ്മകുളം, അന്തിക്കാട്, പറവട്ടാനി, മുക്കാട്ടുകര, എറവ്, പഴുവിൽ, തയ്യൂർ ,കുരിയച്ചിറ, പൂച്ചിന്നിപാടം, ആറ്റത്തറ, പേരാമംഗലം, പോന്നോർ, പുതുക്കാട്, തണ്ടിലം, മങ്ങാട്, മരത്താക്കര, വിയ്യൂർ, ഗുരുവായൂർ, കുണ്ടന്നൂർ, കാരമുക്ക് നോർത്ത്, പട്ടിക്കാട്, പാവർട്ടി, അയ്യന്തോൾ, നിർമ്മലപുരം, മനക്കൊടി, അമ്മാടം, മറ്റം, കുട്ടംകുളം, അരിമ്പൂർ, മുല്ലശ്ശേരി, തിരൂർ, പാലക്കൽ, കൊട്ടേക്കാട്, നെഹ്റു നഗർ, കിള്ളിമംഗലം, മഡോണ നഗർ, അടാട്ട്, ചേലക്കര, ഗലീലി, ഇയ്യാൽ, നെല്ലിക്കുന്ന്, ആർത്താറ്റ്, പൊന്നൂക്കര, കുന്ദംകുളം,

അവണിശ്ശേരി, വേലൂപ്പാടം, കൊഴുക്കുള്ളി, പൊങ്ങണംകാട്, ഒല്ലൂർ, പനമുക്ക്, മണ്ണുത്തി, കോളങ്ങാട്ടുകര, മരത്തംകോട്, ചേറ്റുപുഴ, അരണാട്ടുകര, കൂട്ടാല, മുണ്ടത്തിക്കോട്, വെള്ളറക്കാട്, കണ്ണംകുളങ്ങര, പാറേംപാടം, കോടന്നൂർ, കുറുമാൽ, തലോർ, കിരാലൂർ, ചിറ്റാട്ടുകര, ഒളരിക്കര, എരനല്ലൂർ, പൂമല, പൊന്നാനി, പീച്ചി. എ ഗ്രേഡ് നേടിയ എല്ലാ യൂണിറ്റുകൾക്കും അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ആശംസകൾ നേരുന്നു.

**11. യാത്രാമംഗളങ്ങൾ**

**റവ. ഫാ. സനൽ തോമസ് മാളിയേക്കൽ**

2025 ഫെബ്രുവരി 5 മുതൽ 2026 ജനുവരി 29 വരെ അതിരൂപത വിശ്വാസപരിശീലന ശുശ്രൂഷാകേന്ദ്രത്തിൽ അസി. ഡയറക്ടറായി ചുമതല വഹിച്ചു. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി നടത്തുന്ന പരിശീലന പരിപാടികൾ, വിശ്വാസപരിശീലന കേന്ദ്രത്തിൽ നിന്നും നടത്തുന്ന വിവിധ പരീക്ഷകൾ, സംവാദസദസ്സിനോടനുബന്ധിച്ച് യൂണിറ്റുകളിൽ സന്ദർശനം എന്നിങ്ങനെ പലമേഖലകളിലും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തയുടെ സെക്രട്ടറിയായി നിയമിതനായ ബഹു. സനലച്ചന് 28-01-2025 ന് ചേർന്ന കാറ്റക്കെറ്റിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യാത്രാമംഗളങ്ങൾ നേർന്നു. ബഹു. സനലച്ചന്റെ സേവനങ്ങൾക്ക് നന്ദിയർപ്പിക്കുന്നതോടൊപ്പം പുതിയ ദൗത്യങ്ങൾ അർപ്പണബോധത്തോടെ നിർവ്വഹിക്കുന്നതിന് എല്ലാവിധ മംഗളങ്ങളും അതിരൂപത വിശ്വാസപരിശീലന ശുശ്രൂഷയുടെ പേരിൽ നേരുന്നു.

സസ്നേഹം,

**ഫാ. സൈജോ തൈക്കാട്ടിൽ**, ഡയറക്ടർ

# എക്സൽ അക്കാദമി

**Coaching Centre for Minority Youth**

(ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ

പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചുകൾ 2026 ജനുവരി 18 മുതൽ ആരംഭിച്ചു. ക്ലാസ്സുകൾ നടത്തുന്നത് തൃശ്ശൂർ സെന്റ്. തോമസ് കോളേജ് ജൂബിലി ബ്ളോക്കിൽ ആണ്. ക്ലാസ്സുകളിൽ പ്രവേശിക്കാൻ താത്പര്യമുള്ളവർ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസ് ഡി. ബി. സി. എൽ. സി. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൽ അക്കാഡമിയിൽ ബന്ധപ്പെടുക. പഠനം തികച്ചും സൗജന്യമാണ്. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അഡ്മിഷൻ മാർച്ച് 31 വരെ.

ഡോ. മാണി കെ. പീറ്റർ — ഫാ. സൈജോ തൈക്കാട്ടിൽ
അക്കാദമിക് ഹെഡ് — ഡയറക്ടർ

Contact: Excel Academy: 9744941585
Prof. Dr. Mani K Peter- Academic Head: 9847235070
Ashik Thomas - Administrative & Technical Support: 7907326322

# INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

### 1. ഡീൻ ഓഫ് സ്റ്റഡീസിന്റെ സന്ദർശനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി അഫിലിയേറ്റ് ചെയ്തിട്ടുള്ള ബെൽജിയത്തെ ലൂവൻ കാത്തലിക് യൂണിവേഴ്സിറ്റിയിലെ ഡീൻ ഓഫ് സ്റ്റഡീസ് Dr. Bénédicte Lemmelijn, പ്രൊഫസർമാരായ Dr. Dries Bosschaert, Dr. Hans Ausloos എന്നിവർ ഡി ബി സി എൽസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി സന്ദർശിച്ച് വിദ്യാർത്ഥികളുമായി സംവാദിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഡയറക്ടർ ഫാ.സൈജോ തൈക്കാട്ടിൽ മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ഡയറക്ടർ ബഹു. ഫാ. പോൾ പുളിക്കൻ എന്നിവർ പ്രസംഗിച്ചു.

**2. കോഴ്സ്സുകൾ** a. B.A. in Theology and Religious Studies (Three Years)

രണ്ടാം സെമസ്റ്ററിലെ Introduction to World Religions (Rev. Dr.Vincent Kundukulam), Theology of Sacraments (Rev. Dr. Lijo Chalissery), Indian Church History (Rev. Dr. Demin Tharayil) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

b. Certificate Course in Theology (One Year)

ജനുവരി 04, 18, ഫ്രെബുവരി 01, 15 തിയ്യതികളിൽ ആദ്ധ്യാത്മിക ദൈവശാസ്ത്രം (Rev. Dr. Pradeepa CMC), പഴയനിയമത്തിനൊരാമുഖം (Rev. Fr. Linson Thattil), അനുരഞ്ജന കൂദാശ (Rev. Fr. Denny Thanikkal), ഇതര മതങ്ങളോടുള്ള കത്തോലിക്കാ സഭയുടെ കാഴ്ചപ്പാട് (Rev. Fr. Vincent Kundukulam)എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

c. Basic Bible Course (BBC)

ജനുവരി മാസം Rev. Fr. Justin Thekkanath, Rev. Dr. Jose Oliyapurath, Rev. Dr. Lijo Chiriyankandath ക്ലാസ്സുകൾ നയിച്ചു.

d. Certificate Course on Sacred Liturgy

ജനുവരി 04, 18, ഫ്രെബുവരി 01, 15 തിയ്യതികളിൽ സീറോ മലബാർ കുർബാനയുടെ ഘടനയും ദൈവശാസ്ത്രവും II (Rev. Dr. Johnson Chittilappilly), ആരാധനക്രമവും പ്രേഷിത പ്രവർത്തനവും (Rev. Dr. Davis Kavumgal), സീറോ മലബാർ കുർബാനയുടെ ഉറവിടങ്ങൾ (Rev. Dr. Johnson Chittilappilly), സീറോ മലബാർ കുർബാനയിലെ അനാഫൊറകൾ (Rev. Dr. Johnson Chittilappilly) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

e. Certificate Course on the Life in Holy Spirit

ജനുവരി 04, 18, ഫ്രെബുവരി 01, 15 തിയ്യതികളിൽ പരിശുദ്ധാത്മാവും കൂദാശകളും II (Rev. Dr. Aljo Karerakkattil), പരിശുദ്ധാത്മാവിലുള്ള ജീവിതം: പരിശുദ്ധാത്മ ആത്മീയത (Rev. Dr. Pradeepa CMC), പരിശുദ്ധാത്മാവ്: മാർപാപ്പമാരും വിശുദ്ധരും (Rev. Fr. Trejin Thattil) പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ I (Rev. Dr. Taison Mandumpal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

f. Catechism of the Catholic Church (CCC)

ജനുവരി 18 ന് CCC Course ന്റെ Final Exam നടന്നു. 22 പേർ കോഴ്സ് വിജയകരമായി പൂർത്തികരിച്ചു.

g. Certificate Course on Guidance and Counselling

ജനുവരി 11, 25 ഫ്രെബുവരി 08, 22 തിയ്യതികളിൽ Counselling skills & Tech (Rev. Dr. Alex Marottickal), Book Review (Rev. Dr. Alex Marottickal) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. മാർച്ച് മാസത്തിൽ ആരംഭിക്കുന്ന പുതിയ കോഴ്സ്സുകൾ**

a. Catechism of the Catholic Church (CCC)

b. കൂദാശകളും കൂദാശാനുകരണങ്ങളും

- ആറ് മാസത്തെ കോഴ്സ്

• 12 വിഷയങ്ങൾ  ബോധന മാധ്യമം - മലയാളം

• മാസത്തിൽ രണ്ട് ഞായറാഴ്ചകളിൽ ക്ലാസ്സുകൾ

• യോഗ്യത: എസ്. എസ്. എൽ. സി. യാ അതിനു മുകളിലോ

• വിശ്വാസപരിശീലകരെയും വിശ്വാസവിഷയങ്ങൾ അറിയപ്പെടാനാഗ്രഹിക്കുന്നവരെയും പ്രത്യേകം ക്ഷണിക്കുന്നു.

**4. യാത്രാ മംഗളങ്ങൾ**

2025 ഫെബ്രുവരി 5  മുതൽ 2026 ജനുവരി 29 വരെ തൃശ്ശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി അസി.ഡയറക്ടർ, ഡീൻ ഓഫ് സ്റ്റഡീസ്, രജിസ്റ്റാർ എന്നീ ഉത്തരവാദിത്വങ്ങൾ സുത്യർഹമായി നിർവ്വഹിച്ച ബഹു. ഫാ. സനൽ തോമസ് മാളിയേക്കൽ സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്തയുടെ സെക്രട്ടറിയായി നിയമിതനായി. ജനുവരി 29 ന് ഡി. ബി. സി. എൽ. സി കുടുംബം യാത്രാ മംഗളങ്ങൾ നേർന്നു. കഴിഞ്ഞ ഒരു വർഷം ബഹു. സനലച്ചൻ നല്കിയ നേതൃത്വത്തിനും സേവനങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുകയും പുതിയ ശുശ്രൂഷയിൽ എല്ലാം മംഗളങ്ങളും നേരുന്നു

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കൗൺസിലർമാർക്ക് സമ്മാനമായി ജൂബിലി മിഷന്റെ കെയർ കാർഡ്**

തൃശ്ശൂർ കോർപ്പറേഷനിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരെ ആദരിക്കുന്നിനായി തൃശ്ശൂർ അതിരൂപത സംഘടിപ്പിച്ച ചടങ്ങിൽ ജൂബിലി മിഷൻ ആശുപത്രി എല്ലാ കൗൺസിലർമാർക്കും 'ജൂബിലി കെയർ കാർഡ്' സമ്മാനിച്ചു.  ഈ കാർഡിന്റെ സഹായത്തോടെ കൗൺസിലർമാർ ജൂബിലി മിഷൻ ആശുപത്രിയിലേക്ക് ശുപാർശ ചെയ്തയക്കുന്ന രോഗികൾക്ക് ചികിത്സാചിലവിൽ 30 ശതമാനം വരെ ഇളവ് ലഭിക്കുന്നതാണ്.  വാർഡ് ഉപയോഗിക്കുന്ന രോഗികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിന്റെ സാന്നിധ്യത്തിൽ

ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ മേയർ ഡോ. നിജി ജസ്റ്റിന് 'ജൂബിലി കെയർ കാർഡ്' ഔപചാരികമായി കൈമാറി. സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, വികാരി ജനറൽമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യപ്രതിബദ്ധതയുടേയും കാരുണ്യപരമായ ആരോഗ്യപരിചരണത്തിന്റേയും 75 വർഷം തികയുന്നതിന്റെ ഭാഗമായി നടത്തുന്ന 75 പൊതുജനക്ഷേമ പരിപാടികളിൽ ഉൾപ്പെട്ടതാണ് ഈ പദ്ധതിയെന്ന് ഡയറക്ടർ അറിയിച്ചു.

**നേഴ്സിങ്ങ് വിദ്യാർത്ഥികളുടെ ദീപം തെളിയിക്കൽ ചടങ്ങ് നടന്നു.**

നേഴ്സിങ്ങ് കോളേജിലെ 23-ാം ബാച്ചിലെ ബി.എസ്.സി നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 61-ാം ബാച്ചിലെ ജനറൽ നേഴ്സിങ്ങ് വിദ്യാർത്ഥികളുടേയും രോഗീപരിചരണത്തിന് മുമ്പുള്ള ദീപം തെളിയിക്കൽ ചടങ്ങ് നടന്നു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ഗവൺമെന്റ് നേഴ്സിങ്ങ് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. റീന എം. തങ്കരാജ് മുഖ്യപ്രഭാഷണം നടത്തി.

**മെഡിക്കൽ എഡ്യുക്കേഷൻ എക്സലൻസ് ദേശീയ അവാർഡ് ജൂബിലി മിഷന്**

മെഡിക്കൽ വിദ്യാഭ്യാസരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള 2026-ലെ ദേശീയ തല AHPI (അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഇന്ത്യ) അവാർഡ് ഫോർ എക്സലൻസ് ഇൻ മെഡിക്കൽ എഡ്യൂക്കേഷൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചു. ആരോഗ്യ-സേവന രംഗത്തെ ഇന്ത്യയിലെ ഏറ്റവും വലിയ സംഘടനയാണ് എ.എച്ച്.പി.ഐ. ഗുണമേന്മയുള്ള മെഡിക്കൽ വിദ്യാഭ്യാസം മൂല്യാധിഷ്ഠിത പഠനം കരുണാപൂർണമായ ആരോഗ്യപരിചരണം എന്നിവയിൽ കൈവരിച്ച സ്ഥിരതയാർന്ന സേവനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ പുരസ്ക്കാരം നൽകിയത്. എ.എച്ച്.പി.ഐ.യുടെ ഡയറക്ടർ ജനറൽ ശ്രീ. ഗിരിധർ ഗ്യാനി പുരസ്ക്കാരം സമ്മാനിച്ചു. ജൂബിലി മിഷനെ പ്രതിനിധീകരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര എന്നിവർ പുരസ്ക്കാരം ഏറ്റുവാങ്ങി.

**ഒബ്സ്റ്റെട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.**

തൃശ്ശൂർ ഒബ്സ്റ്റട്രിക് ആന്റ് ഗൈനക്കോളജി സൊസൈറ്റിയും ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി, എമർജൻസി മെഡിസിൻ, അനസ്തേഷ്യ, ക്രിട്ടിക്കൽ കെയർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളും സംയുക്തമായി ഒബ്സ്റ്റട്രിക് ക്രിട്ടിക്കൽ കെയർ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശിൽപശാലയിൽ ഗർഭകാലത്തും പ്രസവസമയത്തും അതീവ ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ആവശ്യമായ അടിയന്തര ചികിത്സാരീതികളും ക്രിട്ടിക്കൽ കെയർ മാനേജമെന്റും നൽകേണ്ട രീതികളെക്കുറിച്ച് വിശദീകരിച്ചു. ഗർഭകാലത്തും പ്രസവസമയത്തും ഗർഭിണികൾ നേരിടുന്ന അടിയന്തര സാഹചര്യങ്ങളിൽ ഏകോപിതമായ ചികിത്സ ഉറപ്പാക്കുന്നതിനും മെഡിക്കൽ ടീമുകളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും സഹായകമായ ശിൽപശാലയായിരുന്നു ഇത്.

**സ്പെക്ട്രം 2026 സമാപിച്ചു**

റേഡിയോളജി മേഖലയിലെ നവീന സാങ്കേതികവിദ്യകളും അറിവുകളും പങ്കുവെക്കുന്നതിനായി റേഡിയോളജി വകുപ്പ് സംഘടിപ്പിച്ച സ്പെക്ട്രം 2026 – റേഡിയോളജി പ്രൊഫഷണൽ സി.എം.ഇ. 2026 വിജയകരമായി നടന്നു. ഉദ്ഘാടനം ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നിർവ്വഹിച്ചു. ആരോഗ്യപരിചരണ രംഗത്ത് റേഡിയോളജി ടെക്നോളജിസ്റ്റുകൾ വഹിക്കുന്ന നിർണ്ണായക പങ്കിനെക്കുറിച്ച് അദ്ദേഹം തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു.

**പാത്തോളജി അസോസിയേഷന്റെ സംസ്ഥാന സമ്മേളനം സമാപിച്ചു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാത്തോളജിസ്റ്റ് (IAPM) കേരള ചാപ്റ്ററിന്റെ 96–ാമത് സമ്മേളനം കുട്ടനെല്ലൂർ റീജൻസി ക്ലബ്ബിൽ നടന്നു. സമ്മേളനത്തിൽ IAPM കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. കവിത രവി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് 'കോർ ബയോപ്സി' എന്ന വിഷയത്തിൽ സ്ലൈഡ് സെമിനാർ സംഘടിപ്പിച്ചു. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പാത്തോളജി വിഭാഗം മേധാവി ഡോ. ഷൈമ ആർ. ദാസ് സെമിനാറിന് നേതൃത്വം നൽകി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പാത്തോളജി വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുത്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മേരി മാതാ ചർച്ച്, കുറ്റൂർ, തൃശ്ശൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചിറ്റാട്ടുകര, തൃശ്ശൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, തൃശ്ശൂർ
- വൈ.എം.സി.എ., തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- എം. ഐ. ജോസ്, മഞ്ഞളി ഹൗസ്, വരന്തരപ്പിള്ളി, തൃശ്ശൂർ
- ബീന ആന്റണി, വടക്കുംഞ്ചേരി ഹൗസ്, കാളത്തോട്, തൃശ്ശൂർ
- അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- സി. സിനി അന്ന, ലൂർദ്ദുപുരം, തൃശ്ശൂർ
- നോറ നീതൻ, കൂടത്തിങ്കൽ ഹൗസ്, ചെമ്പൂക്കാവ്, തൃശ്ശൂർ
- ആഷിക ജോയ്, അറക്കൽ ഹൗസ്, വെട്ടുകാട്, തൃശ്ശൂർ
- സൗമ്യ, പറളി
- അലൻ സേവ്യർ, സെന്റ് ജോസ്ഫ്സ് ചർച്ച്, സ്നേഹപുരം, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## മഹാജൂബിലി ട്രെയിനിംങ്ങ് കോളേജ്, മുള്ളൂർക്കര

**ക്രിട്ടിസിസം ക്ലാസ് ആരംഭം**

2025-2027 ബാച്ചിന്റെ ക്രിട്ടിസിസം ക്ലാസുകൾ ഫെബ്രുവരി 3, 4 തിയ്യതികളിൽ നടന്നു.

**ഹോളി മാസ്**

ഫെബ്രുവരി മാസത്തിലെ പരിശുദ്ധ കുർബ്ബാന ഫെബ്രുവരി 6 വെള്ളിയാഴ്ച രാവിലെ 11.15ന് ഭക്തിപൂർവ്വം നടത്തപ്പെട്ടു.

**കൾച്ചറൽ പ്രോഗ്രാം**

2025-2027 ബാച്ചിന്റെ കൃഷ്ണ ഹൗസിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ കൾച്ചറൽ പ്രോഗ്രാം ഫെബ്രുവരി 12 വ്യാഴാഴ്ച ഉച്ചയ്ക്ക് 3.15ന് സംഘടിപ്പിച്ചു.

**GTA ജനറൽ ബോഡി മീറ്റിംഗ്**

2025-27 ബാച്ചിന്റെ രണ്ടാം GTA ജനറൽ ബോഡി മീറ്റിംഗ്

ഫെബ്രുവരി 17 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടന്നു. പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മൽ സ്വാഗത പ്രസംഗം നടത്തി. മാനേജർ മോൺ.ജോസ് കോനിക്കര ഉദ്ഘാടനം നിർവ്വഹിച്ചു. അസി.മാനേജർ റവ. ഡോ. ഷിജു ചിറ്റിലപ്പിള്ളി ആശംസകൾ നേർന്നു.

**34-ാം സിനർജി സീരീസ്**

34-ാമത് സിനർജി സീരീസ് ഫെബ്രുവരി 19 വ്യാഴാഴ്ച രാവിലെ 9.45ന് സംഘടിപ്പിച്ചു.

**മന്ത്ലി ഫീഡ്ബാക്ക്**

ഫിസിക്കൽ സയൻസ് ഓപ്ഷൻ വിദ്യാർത്ഥികൾക്കായുള്ള മന്ത്ലി ഫീഡ്ബാക്ക് ഫെബ്രുവരി 20 വെള്ളിയാഴ്ച ഉച്ചയ്ക്ക് 3.15ന് നടത്തി.

**ജോബ് ഫെസ്റ്റ്**

2024-26 ബാച്ചിനായി ജോബ് ഫെസ്റ്റ് ഫെബ്രുവരി 20 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കോളേജിൽ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സ്വാഗത പ്രസംഗം നടത്തി. വിവിധ സ്കൂൾ പ്രിൻസിപ്പൽമാർ പരിപാടിയിൽ പങ്കെടുത്തു.

**ആർട്സ് ഡേ**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ആർട്സ് ഡേ ഫെബ്രുവരി 26 വ്യാഴാഴ്ചരാവിലെ 10 മണിക്ക് ആഘോഷിച്ചു. പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സ്വാഗത പ്രസംഗം നടത്തി.

**നാഷണൽ സയൻസ് ഡേ**

സയൻസ് ക്ലബ്ബിന്റെ സയൻസ് ഡേ ആഘോഷം ഫെബ്രുവരി 27 വെള്ളിയാഴ്ച രാവിലെ 9.45ന് കോളേജിൽ സംഘടിപ്പിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1.ഓർമ്മിക്കാൻ...ആചരിക്കാൻ..**

6 (വെള്ളി) - ആദ്യവെള്ളി, വി. കുർബാന
19 (വ്യാഴം) - വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
22 (ഞായർ) - ലോക ജലദിനം

23 (തിങ്കൾ) - ലോക കാലാവസ്ഥദിനം
25 (ബുധൻ) - മംഗലവാർത്ത തിരുനാൾ

**2. സ്ഥലമാററ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാററത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്മാരുടെ ഒപ്പോടുകൂടി 2026 മാർച്ച് 31 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. 31-5-2026 ന് നിലവിലുള്ള വിദ്യാലയത്തിൽ തുടച്ചയായി 10 വർഷം പൂർത്തിയായവർ അപേക്ഷ സമർപ്പിക്കേണ്ടതാണ് (2027, 2028 എന്നീ വർഷങ്ങളിൽ വിരമിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല).

കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയിലെ വിദ്യാലയങ്ങളിൽ 31-5-2026 ന് തുടർച്ചയായി 10 വർഷം പൂർത്തികരിക്കുന്നതോ, അതിലധികമോ ആകുന്ന അധ്യാപകരുടെ പേര് വിവരം താഴെ കാണുന്ന proforma പൂരിപ്പിച്ച് 20-3-2026 തീയതിക്കകം ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. 10 വർഷം പൂർത്തികരിക്കുന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകുമല്ലോ.

**PROFORMA**: LIST OF TEACHERS WHO HAVE COMPLETED
10 YEARS OF SERVICE AS ON 31-5-2026

Name of school:-

| Name of staff | Designation | Date of joining in this school | Total year of service in this school | Date of retirement | Place of residence | Remarks |
|---|---|---|---|---|---|---|
| | | | | | | |

(Seal)

Signature of Head of the school

3. മെയിന്റനൻസ്ഗ്രാന്റ്

മെയിന്റനൻസ്ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനാധ്യാപകർ ചെയ്യേതാണ്.

## 4. LEAST LEAVE – LIST OF STAFF MEMBERS 2025

| Sl. No. | Name | Designation | Days | School |
|---|---|---|---|---|
| 1. | Bobby Pudukaden | HSST-Computer Science | Nil | St. Antony's H.S.S., Pudukad |
| 2. | Jelips Paul K. | HST | Nil | C.J.M.A.H.S.S., Varandarappilly |
| 3. | K Liju Jose | HST | Nil | C.J.M.A.H.S.S., Varandarappilly |
| 4. | Mariya Simson | UPST | Nil | St. George's U.P.S., Mukkattukara |
| 5. | Ajin George | UPST | Nil | St. Thomas H.S.S., Thiroor |
| 6. | Jisi Shaji A. | LPST | Nil | R.C.U.P.S., Thoyakkavu |
| 7. | Dhiji Yesudas | Junior Hindi (P.T.) | Nil | R.C.U.P.S., Thoyakkavu |
| 8. | Sinesh K.V. | Lab Assistant | Nil | St. Thomas H.S.S. Thope, Thrissur |
| 9. | Bijil C.J. | Lab Assistant | Nil | St. John's H.S.S., Parappur |
| 10. | Jinto Joseph K. | Lab Assistant | Nil | St. John's H.S.S., Parappur |
| 11. | Arun Devassy V. | Lab Assistant | Nil | St. Joseph's H.S.S., Velupadam |
| 12. | Remya N.X. | UPST | ½ | St. Antony's H.S.S., Pudukad |
| 13. | Rosily U.G. | HSST (Junior)-Hindi | 1 | St. Joseph's H.S.S., Velupadam |
| 14. | Vany Ravindran | HST-Hindi | 1 | St. Thomas H.S.S., Vallachira |
| 15. | Jeneesh N.C. | UPST | 1 | St. George's U.P.S., Mukkattukara |
| 16. | Francis Rino Robin | LPST | 1 | St. Antony's L.P.S., Attupuram |
| 17. | Sumi George K. | LPST | 1 | R.C.U.P.S., Thoyakkavu |

| | | | | |
|---|---|---|---|---|
| 18. | Hani Alexander | LPST | 1 | R.C.U.P.S., Thoyakkavu |
| 19. | Tony P.D. | Lab Assistant | 1 | St. Thomas H.S.S. Thope, Thrissur |
| 20. | Gincy Jose K. | Office Attendant | 1 | St. Antony's H.S.S., Ammadam |
| 21. | Jithu Davis | Full Time Menial | 1 | St. Mary's H.S., Chengaloor |
| 22. | Lissy Joseph K. | HST-Hindi | 1½ | St. Antony's H.S.S., Ammadam |
| 23. | Siny Jose K. | Headmistress | 2 | R.C.U.P.S., Thoyakkavu |
| 24. | Rosmy Augustin K. | HST | 2 | St. Thomas H.S.S., Engandiyur |
| 25. | Jiji N.D. | LPST | 2 | St. Mary's U.P.S. Lourdes, Thrissur |
| 26. | Jency V.J. | LPST | 2 | St. Francis L.P.S., Wadakkanchery |
| 27. | France Francis C. | Physical Education | 2 | St. Joseph's H.S.S., Velupadam |
| 28. | Naishan Lazar Panakkal | Full Time Menial | 2 | St. Thomas H.S.S., Engandiyur |
| 29. | Divya P.T. | LPST | 2 | R.C.C.L.P.S., East Mangad |
| 30. | Tony Thomas A. | HST | 2½ | St. Thomas H.S.S., Engandiyur |
| 31. | Jelma K. Kizhakudan | HST-English | 2½ | St. Antony's H.S.S., Pudukad |
| 32. | Simson N.J. | HSST-Physics | 3 | St. Antony's H.S.S., Pazhuvil |
| 33. | Boban M.J. | HSST-Commerce | 3 | St. Antony's H.S.S., Pudukad |
| 34. | Rosy A.F. | HSST-Malayalam | 3 | St. Thomas H.S.S., Mayannur |
| 35. | Binitha V.G. | HST-Mathematics | 3 | St. Sebastian's H.S., Chittattukara |

| | | | | |
|---|---|---|---|---|
| 36. | Jency James Neelankavil | UPST | 3 | St. George's U.P.S., Mukkattukara |
| 37. | Julie Jose | UPST | 3 | St. Antony's H.S.S., Pudukad |
| 38. | Amala N.V. | LPST | 3 | St. Joseph's U.P.S., Kundannur |
| 39. | Ancy George C. | LPST | 3 | St. Francis L.P.S., Wadakkanchery |
| 40. | Feema Mathew | LPST | 3 | R.C.C.L.P.S., East Mangad |
| 41. | Preetha Jose C. | Junior Hindi | 3 | St. Joseph's U.P.S., Kundannur |

## 5. CENTRALISED EXAMINATION

PUPILS WHO GOT HIGHEST PERCENTAGE OF MARKS IN CENTRALISED EXAMINATION **STD. IV** – 2025-2026

| RANK | NAME OF STUDENT | NAME OF SCHOOL | MARKS |
|---|---|---|---|
| FIRST | SIKHA P.S. | ST. THOMAS U.P.S., KOONAMMUCHI | 114/120 |
| SECOND | NEERAV K.S. | ST. THOMAS L.P.S., THIROOR | 113½/120 |
| THIRD | MANU KRISHNA A.M. | MATHA H.S., MANNAMPETTA | 113¼/120 |

PUPILS WHO GOT HIGHEST PERCENTAGE OF MARKS IN CENTRALISED EXAMINATION **STD. VII** – 2025-2026

| RANK | NAME OF STUDENT | NAME OF SCHOOL | MARKS |
|---|---|---|---|
| FIRST | SIVANI V.A. | R.C.U.P.S., THOYAKKAVU | 160/173 |
| SECOND | JOANNA T.J. | MATHA H.S., MANNAMPETTA | 151/173 |
| THIRD | ANN MARIA VINCENT M. | ST. XAVIERS U.P.S., VELUR | 150½/173 |

## TEACHERS WHO HAVE PRODUCED THE HIGHEST PERCENTAGE OF RESULT IN CENTRALISED EXAMINATION STANDARD VII – 2025-2026

| Sl. No. | Name of teacher | Name of school | Subject | No. of pupils appeared | No. of pupils passed | % of pass |
|---|---|---|---|---|---|---|
| First | Sheeja Lazar | St. Thomas C.H.S.S., Thrissur | Mal. | 37 | 37 | 100 |
| Consolation | Sini Jose K. | R.C.U.P.S., Thoyakkavu | „ | 9 | 9 | 100 |
| Firtst | Remadevi K.R. | St. Anton's U.P.S., Kodannur | Skt. | 22 | 22 | 100 |
| Consolation | Sreeja P.V. | St. Joseph's H.S., Enamakkal | „ | 17 | 17 | 100 |
| Consolation | Prabha V. | St. Thomas C.H.S.S., Thrissur | „ | 15 | 15 | 100 |
| First | Remya Verghese C. | St. Thomas U.P.S., Koonammuchi | Urdu | 21 | 22 | 95.45 |
| Consolation | Ragin P.R. | St. Xavier's U.P.S., Velur | „ | 10 | 10 | 100 |
| Consolation | Jisny C.J. | St. Antony's U.P.S., Poovathur | „ | 8 | 8 | 100 |
| Consolation | Seena Devassy | St. George's U.P.S., Mukkattukara | „ | 8 | 8 | 100 |
| First | Nixy Nicklavos | St. Thomas C.H.S.S., Thrissur | English | 81 | 82 | 98.78 |
| First | Liyana Paulson M. | St. Thomas C.H.S.S., Thrissur | Hindi | 44 | 45 | 97.78 |
| First | Jasmine P.L. | St. Thomas C.H.S.S., Thrissur | Social Science | 81 | 82 | 98.78 |
| First | Annie Joseph Neelankavil | St. Thomas C.H.S.S., Thrissur | Science | 80 | 82 | 97.56 |
| First | Neethu Joseph | Matha H.S. Mannampetta | Maths | 40 | 40 | 100 |

## TEACHERS WHO HAVE PRODUCED THE HIGHEST PERCENTAGE OF RESULT IN CENTRALISED EXAMINATION STANDARD IV – 2025-2026

| Sl. No. | Name of teacher | Name of school | Subject | No. of pupils appeared | No. of pupils passed | % of pass |
|---|---|---|---|---|---|---|
| First | Linda Mathew E. | St. Thomas U.P.S., Koonammuchi | Mal. | 38 | 38 | 100 |
| Consolation | Teena C.K. | St. Francis L.P.S., Attathara | „ | 20 | 20 | 100 |
| „ | Riya Davis C. | St. Francis L.P.S., Pudussery | „ | 12 | 12 | 100 |
| „ | Lidiya Kuriakose | Pope John L.P.S., Kuriachira | „ | 7 | 7 | 100 |
| „ | Simi T.J. | St. Joseph's L.P.S., Chiranellur | „ | 3 | 3 | 100 |
| „ | Femi C.F. | St. Mary's L.P.S., Engandiyur | „ | 2 | 2 | 100 |
| „ | Babi V.A. | Church School, Karamuck | „ | 1 | 1 | 100 |
| „ | Lini P.J. | St. Mary's L.P.S., Puthumanassery | „ | 1 | 1 | 100 |
| First | Linda Mathew | St. Thomas U.P.S., Koonammuchi | Eng. | 38 | 38 | 100 |
| First | Shincy T.F. | St. Thomas U.P.S., Koonammuchi | „ | 37 | 37 | 100 |
| Consolation | Joshila Mathew N. | Mission Home L.P.S., Mariapuram | „ | 29 | 29 | 100 |
| „ | Jesmie Jose C. | St. Antony's L.P.S., Pudukad | „ | 29 | 29 | 100 |

| | | | | | | |
|---|---|---|---|---|---|---|
| „ | Christy M.B. | St. John's L.P.S., Parappur | „ | 25 | 25 | 100 |
| „ | Dinu Davis P. | St. Francis L.P.S., Attathara | „ | 20 | 20 | 100 |
| „ | Mini P.J. | L.F.L.P.S., Ponnore | „ | 14 | 14 | 100 |
| „ | Riya Davis C. | St. Francis L.P.S., Pudussery | „ | 12 | 12 | 100 |
| „ | Milja Rose C. | Pope John L.P.S., Kuriachira | „ | 7 | 7 | 100 |
| „ | Julie Jose Kizhakudan | St. Mary's L.P.S., Enamakkal | „ | 6 | 6 | 100 |
| „ | Simi T.J. | St. Joseph's L.P.S., Chiranellur | „ | 3 | 3 | 100 |
| „ | Femi C.F. | St. Mary's L.P.S., Engandiyur | „ | 2 | 2 | 100 |
| „ | Josi K.J. | Church School, Karamuck | „ | 1 | 1 | 100 |
| „ | Lini P.J. | St. Mary's L.P.S., Puthumanassery | „ | 1 | 1 | 100 |
| First | Linda Mathew | St. Thomas U.P.S., Koonammuchi | EVS | 38 | 37 | 97.3 |
| Consolation | Jesmie Jose C. | St. Antony's L.P.S., Pudukad | „ | 29 | 29 | 100 |
| „ | Teena C.K. | St. Francis L.P.S., Attathara | „ | 20 | 20 | 100 |
| „ | Riya Davis C. | St. Francis L.P.S., Pudussery | „ | 12 | 12 | 100 |
| „ | Reena C.D. | Pope John L.P.S., Kuriachira | „ | 7 | 7 | 100 |
| „ | Simi T.J. | St. Joseph's L.P.S., Chiranellur | „ | 3 | 3 | 100 |

| | | | | | | |
|---|---|---|---|---|---|---|
| „ | Anitta Abraham | St. Thomas C.G. S., Kanjany | „ | 3 | 3 | 100 |
| „ | Femi C.F. | St. Mary's L.P.S., Engandiyur | „ | 2 | 2 | 100 |
| „ | Babi V.A. | Church School, Karamuck | „ | 1 | 1 | 100 |
| „ | Lini P.J. | St. Mary's L.P.S., Puthumanassery | „ | 1 | 1 | 100 |

| Sl. No. | Name of teacher | Name of school | Subject | No. of pupils appeared | No. of pupils passed | % of pass |
|---|---|---|---|---|---|---|
| First | Linda Mahew E. | St. Thomas U.P.S., Koonammuchi | Maths | 38 | 38 | 100 |
| First | Shincy T.F. | St. Thomas U.P.S., Koonammuchi | „ | 37 | 37 | 100 |
| Consolation | Riya Davis C. | St. Francis L.P.S., Pudussery | „ | 12 | 12 | 100 |
| „ | Simi T.J. | St. Joseph's L.P.S., Chiranellur | „ | 3 | 3 | 100 |
| „ | Anitta Abraham | St. Thomas C.G.S., Kanjany | „ | 3 | 3 | 100 |
| „ | Femi C.F. | St. Mary's L.P.S., Engandiyur | „ | 2 | 2 | 100 |
| „ | Joshy Joseph | Church School, Karamuck | „ | 1 | 1 | 100 |
| „ | Lini P.J. | St. Mary's L.P.S., Puthumanassery | „ | 1 | 1 | 100 |

## 6. RETIREMENT LIST 2025-2026

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Dency John | Principal | 25/04/70 | - | St. John's H.S.S., Parappur | Ammadam |
| 2. | Babu K.F. | Principal | 01/05/70 | - | St. Thomas H.S.S. Thope, Thrissur | General |
| 3. | Dr. George K.A. | Principal | 16/05/70 | - | St. Antony's H.S.S., Pazhuvil | Vatanappally |
| 4. | Thomas K.J. | Headmaster | 08/05/70 | - | Matha H.S., Mannampetta | Chittattukara |
| 5. | Sherly Antony K. | Headmistress | 16/05/70 | - | St. Thomas H.S.S. Thope, Thrissur | Ammadam |
| 6. | Sheeja K.R. | Headmistress | 14/07/69 | - | St. Mary's U.P.S., Lourdes, Thrissur | Lourdes, Thrissur |
| 7. | Linet C.L. | Headmistress | 31/05/71 | - | St. George's U.P.S., Mukkattukara | Parappur |
| 8. | Leena E.J. | Headmistress | 15/03/70 | - | St. John's L.P.S., Parappur | General |
| 9. | Jaisy George | Headmistress | 08/04/70 | - | St. Mary's L.P.S., Puthumanassery | Engandiyur |
| 10. | Jyothi George Chiramal | Headmistress | 15/04/70 | - | St. Thomas L.P.S., Palayoor | Pazhuvil |
| 11. | Beena T.J. | Headmistress | 30/05/70 | - | St. Joseph's L.P.S., Chiranellur | Pavaratty |
| 12. | Jaison C.F. | Headmaster | 30/05/70 | - | St. Louis L.P.S., Venmenad | Parappur |

| | | | | | | |
|---|---|---|---|---|---|---|
| 13. | Paulson K.R. | HSST | 11/03/70 | Zoology | St. Thomas C.H.S.S., Thrissur | Lourdes, Thrissur |
| 14. | Jissy T.T. | HSST | 12/07/69 | Commerce | St. Antony's H.S.S., Ammadam | Ammadam |
| 15. | Jancy A.L. | HSST | 31/05/70 | Commerce | St. Joseph's H.S.S., Velupadam | Chiranellur |
| 16. | Ouseph T.V. | HSST | 05/05/70 | English | St. Joseph's H.S.S., Avinissery | Thiroor |
| 17. | Molly Vargheese | HSST | 06/05/70 | Mathematics | St. Antony's H.S.S., Pudukad | Pudukad |
| 18. | Joysi John C. | HSST | 30/05/70 | Mathematics | St. Thomas C.H.S.S., Thrissur | General |
| 19. | Rani C.A. | HSST | 30/05/70 | Mathematics | St. Thomas C.H.S.S., Thrissur | General |
| 20 | Josephine Sebastian O. | HST | 14/10/69 | Physical Science | St. Antony' H.S.S., Pazhuvil | General |
| 21. | Neetha Varghese A. | HST | 01/06/70 | Physical Science | St. Thomas C.H.S.S., Thrissur | Ammadam |
| 22. | Beena Ignatius K. | HST | 31/05/70 | Physical Science | St. Thomas H.S.S., Thiroor | Thiroor |
| 23. | Suja Joy | HST | 26/05/70 | Natural Science | St. Thomas C.H.S.S., Thrissur | Lourdes, Thrissur |
| 24. | Sheeja A.J. | HST | 06/02/70 | Social Science | St. Thomas H.S.S. Thope, Thrissur | Chengaloor |
| 25. | Shiji C.R. | HST | 10/05/70 | Social Science | St. Joseph's H.S.S., Velupadam | Attupuram |

| | | | | | | |
|---|---|---|---|---|---|---|
| 26. | Jolly K.V. | HST | 12/05/70 | Social Science | St. Sebastian's H.S., Chittattukara | C.H.S.S. Thrissur |
| 27. | Sonia M. Chacko | HST | 13/05/70 | Social Science | St. Thomas C.H.S.S., Thrissur | Thoyakkavu |
| 28. | Flory P.V. | HST | 20/05/70 | Social Science | St. Joseph's H.S.S., Velupadam | Kallur |
| 29. | Raju M.P. | HST | 04/09/69 | Mathematics | St. Antony's H.S.S., Pudukad | Pudukad |
| 30. | Jose V. Vellara | HST | 19/05/70 | Mathematics | St. John's H.S.S., Parappur | Kottapady |
| 31. | Mary Sheena K. Joy | HST | 29/05/70 | Mathematics | St. Thomas H.S.S., Thiroor | General |
| 32. | Joby John P. | HST | 26/05/70 | Mathematics | St. Joseph's H.S., Enamakkal | Karamuck |
| 33. | Antoo P.G. | HST | 30/05/70 | Mathematics | St. Mary's H.S., Chengaloor | Chengaloor |
| 34. | Seena M.A. | HST | 30/05/73 | Mathematics | St. Thomas H.S.S., Thiroor | Mannampetta |
| 35. | Thressiama T.O. | HST | 30/04/70 | English | St. Antony's H.S.S., Pazhuvil | Pazhuvil |
| 36. | Shency A. Jose | HST | 13/05/70 | English | St. John's H.S.S., Parappur | General |
| 37. | Sr. Neena Alex | HST | 25/05/70 | English | St. Antony's H.S.S., Ammadam | Engandiyur |

| | | | | | | |
|---|---|---|---|---|---|---|
| 38. | Shaji T. Joseph | HST | 25/02/70 | Malayalam | St. Thomas H.S.S., Engandiyur | General |
| 39. | Reny Paul | HST | 20/03/70 | Malayalam | St. Antony's H.S.S., Pazhuvil | Engandiyur |
| 40. | Jos Paul C. | HST | 04/02/70 | Hindi | St. Thomas H.S.S., Thiroor | Pudukad |
| 41. | Seena Francis C. | HST | 24/05/70 | Sanskrit | St. Antony's H.S.S., Pazhuvil | General |
| 42. | Miny P.D. | HST | 01/06/70 | Sanskrit | St. Thomas H.S.S., Mayannur | Varandarappilly |
| 43. | Jessy C.V. | UPST | 28/08/69 | - | St. Antony's H.S.S., Ammadam | Pavaratty |
| 44. | Sherly J. Menachery | UPST | 29/08/69 | - | St. Mary's H.S., Chengaloor | Chengaloor |
| 45. | Jemma Varghese C. | UPST | 09/04/70 | - | C.J.M.A.H.S.S., Varandarappilly | Pavaratty |
| 46. | Agnus A N J | UPST | 11/04/70 | - | St. Antony's H.S.S., Ammadam | Valapad |
| 47. | Thankamma K.V. | UPST | 20/05/70 | - | St. Antony's U.P.S., Kodannur | Ammadam |
| 48. | Annie C.F. | UPST | 25/05/70 | - | St. Thomas H.S.S., Engandiyur | Karamuck |
| 49. | Annie Joseph Neelankavil | UPST | 26/05/70 | - | St. Thomas C.H.S.S., Thrissur | General |

| | | | | | | |
|---|---|---|---|---|---|---|
| 50. | Lisy P.A. | UPST | 29/05/70 | - | St. Antony's H.S.S., Pudukad | Vendore |
| 51. | Joseby K.L. | UPST | 30/05/70 | - | St. Sebastian's H.S., Chittattukara | Poovathur |
| 52. | Sojamol C.T. | UPST | 30/05/70 | - | C.J.M.A.H.S.S., Varandarappilly | Mannampetta |
| 53. | Moly P.J. | LPST | 01/05/70 | - | St. Thomas L.P.S., Thiroor | General |
| 54. | Ruby E.K. | LPST | 09/01/70 | - | St. Sebastian's H.S., Chittattukara | Pavaratty |
| 55. | Shiny T.M. | LPST | 25/05/70 | - | R.C.C.L.P.S., East Mangad | Attathara |
| 56. | Cicily C.V. | LPST | 30/05/70 | - | St. Sebastian's H.S., Chittattukara | Chittattukara |
| 57. | Athikabeevi M.K. | Junior Arabic | 26/05/70 | - | St. Thomas U.P.S., Koonammuchi | Wadakkanchery |
| 58. | Valsala K.J. | Junior Hindi | 10/04/70 | - | St. Mary's H.S., Chengaloor | Varandarappilly |
| 59. | Sheela P.A. | Junior Hindi | 02/05/70 | - | St. Xavier's H.S., Chevoor | Ammadam |
| 60. | Rosepaul C.C. | Music | 07/11/69 | - | St. Antony's H.S.S., Ammadam | General |
| 61. | Martin George K. | Physical Education | 17/05/70 | - | St. John's H.S.S., Parappur | Varandarappilly |
| 62. | Sunny P.A. | Lab Assistant | 24/05/70 | - | St. Thomas C.H.S.S., Thrissur | Ammadam |
| 63. | Vilson C.K. | Lab Assistant | 03/12/70 | - | St. Antony's H.S.S., Pazhuvil | Pudukad |
| 64. | Shaju T.V. | Office Attendant | 24/01/70 | - | Tharakan's H.S., Aranattukara | Avinissery |

Note:

1. Parent school means: (a) School from where the Nomination is received or (b) School at which the teacher worked as on 31-3-1971.
2. Nomination facility in present school is applicable only to this Archdiocese.
3. The school can't enjoy the Nomination facility if there is division fall in previous years.
4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.
5. The final list of Nomination will be published only after the Managers' Meeting.
6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**Fr. Joy Adambukulam**
Corporate Manager

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**മാർച്ച് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ മാർച്ച് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 4,5,6 – 18,19,20 – 25,26,27. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**സമുദായ ജ്വാല 2K26 ഫൊറോന കൺവെൻഷനുകൾ**

**'കുടുംബകൂട്ടായ്മകൾ സമുദായ ശക്തീകരണത്തിന് '**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ കൺവെൻഷനുകൾ ഫെബ്രുവരി 22, മാർച്ച് 1, 8, 15 എന്നീ ദിവസങ്ങളിലായി ഫൊറോന കുടുംബകൂട്ടായ്മ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ച് നടക്കുന്നു. പ്രസ്തുത കൺവെൻഷനിൽ അതാത് ഫൊറോനകളിലെ ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കുമല്ലോ.

**സമുദായ ജ്വാല 2K26 ലോഗോ പ്രകാശനം ചെയ്തു**

സമുദായ ജ്വാല 2K26 'കുടുംബകൂട്ടായ്മകൾ സമുദായ ശക്തീകരണത്തിന്' എന്ന ആപ്തവാക്യവുമായി 16 ഫൊറോനകളിൽ നടത്തുന്ന കുടുംബകൂട്ടായ്മ കൺവെൻഷനുകളുടെ ലോഗോ പ്രകാശനം ചെയ്തു.

**കുടുംബകൂട്ടായ്മ പ്രാർത്ഥനാപുസ്തകം, ഹാജർബുക്ക്**

കുടുംബകൂട്ടായ്മകൾക്കാവശ്യമായ പ്രാർത്ഥനാ പുസ്തകങ്ങൾ (വലുത്, ചെറുത്), ഹാജർ ബുക്ക്, ഫ്ളാഗ് എന്നിവ ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്ററിലുള്ള കൂടുംബകൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്. (തിങ്കൾ മുതൽ ശനി വരെ. ഓഫീസ് സമയം -10.00 മുതൽ 12.30 വരെയും 1.30 മുതൽ 4.30 വരെ).

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ.അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ കൺവീനർ

**എ. ഡി. ഷാജു**
ജനറൽ സെക്രട്ടറി

# മാതൃവേദി

**അതിരൂപത മാതൃവേദി ജനറൽബോഡിയും വാർഷിക പദ്ധതി പ്രകാശനവും**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ ജനറൽബോഡി യോഗം മാർച്ച് 16-ാം തിയ്യതി തിങ്കളാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് 2.30 ന് കൂടുന്നതാണ്. ഈ യോഗത്തിൽ വച്ച് 2026 - 2027 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷികപദ്ധതിയുടെ പ്രകാശന കർമ്മം നിർവഹിക്കുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ
**ഫാ.അനീഷ് കൂത്തൂർ**, അസി. ഡയറക്ടർ
**ശ്രീമതി ഉജ്ജ്വല ബിജു**, പ്രസിഡന്റ്
**ശ്രീമതി റീന വർഗ്ഗീസ്**, സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 2 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞുങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം മാർച്ച് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും മാർച്ച് 8-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ

ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് ദിനാചരണം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ പ്രോലൈഫ് ദിനാചരണം കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വച്ച് മാർച്ച് 21-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 11.00 മുതൽ 1.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന, സഹകരിക്കുന്ന എല്ലാവരേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി,** ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**, പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' മാർച്ച് 14-ാം തിയ്യതി സെന്റ് മേരീസ് മൈനർ സെമിനാരി, കാച്ചേരിയിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി. ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ മാർച്ച് 22-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി**, ഡയറക്ടർ

**ഡോ. ജോണി തോമസ് & ഡോ. ബെറ്റ്സി ജോണി**

പ്രസിഡണ്ട് ദമ്പതികൾ

# കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഇൻ ഇന്ത്യ

**നോമ്പുകാല ധ്യാനപ്രഭാഷണം**

സി.സി.ഡബ്ലിയു.ഐ അംഗങ്ങൾക്കുവേണ്ടി നോമ്പിന്റെ ചൈതന്യം ജീവിക്കാൻ ആത്മീയപ്രഭാഷണം മാർച്ച് 9-ാം തിയ്യതി തിങ്കളാഴ്ച്ച 3.00 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. സി.സി.ഡബ്ലിയു.ഐ അംഗങ്ങളെ എല്ലാവരേയും ആത്മീയപ്രഭാഷണത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**വൈദീക വിദ്യാർത്ഥികൾക്ക് ബേഴ്സ്**

സി.സി.ഡബ്ലിയു.ഐ അംഗങ്ങൾ അതിരൂപത മൈനർ സെമിനാരി സന്ദർശിച്ച് വൈദിക വിദ്യാർത്ഥികളോടൊപ്പം സൗഹൃദ സംഭാഷണത്തിൽ ഏർപ്പെടുകയും Rs.1,01,000/- വൈദീക പരിശീലനത്തിനായി മൈനർ സെമിനാരി റെക്ടറെ ഭരമേൽപിക്കുകയും ചെയ്തു.

**ഫാ. ഫ്രാൻസിസ് ടിജിൽ വാഴപ്പിള്ളി**
ഡയറക്ടർ
**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# സാന്ത്വനം

**സാന്ത്വനം സോഷ്യൽ അപ്പോസ്റ്റൊലേറ്റ് സെന്ററിൽ ചുമതലമാറ്റം**

തൃശ്ശൂർ അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനം സോഷ്യൽ അപ്പോസ്റ്റൊലേറ്റ് സെന്ററിൽ ചുമതലമാറ്റം നടന്നു. അസിസ്റ്റന്റ് ഡയറക്ടറായി മൂന്ന് വർഷത്തെ സേവനത്തിനു ശേഷം ഫാ. ഡിക്സൺ കൊളമ്പ്രത്ത് തന്റെ ചുമതലയിൽ നിന്ന് പടിയിറങ്ങി. ഭവനനിർമാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ സാന്ത്വനത്തിന്റെ വിവിധ സാമൂഹ്യ വികസന പദ്ധതികളിൽ മുൻപന്തിയിൽനിന്നു പ്രവർത്തിച്ച ഫാ. ഡിക്സൺ കൊളമ്പ്രത്തിന്റെ സേവനം സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾക്ക് വലിയ കരുത്തായി. പുതുതായി ഫാ. ബെൻവിൻ തട്ടിൽ ചുമതല ഏറ്റെടുത്തു.

## വായ്പ ബോധവത്കരണ ക്യാമ്പും സംരംഭകത്വ പരിശീലന പരിപാടിയും സംഘടിപ്പിച്ചു

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ. എസ്. ബി. സി. ഡി. സി.) തൃശ്ശൂർ ജില്ലാ ഓഫിസിന്റെ നേതൃത്വത്തിലും സാന്ത്വനം സോഷ്യൽ അപ്പോസ്തലേറ്റ് സെന്ററിന്റെ സഹകരണത്തോടെയും വായ്പ ബോധവത്കരണ ക്യാമ്പും സംരംഭകത്വ പരിശീലന പരിപാടിയും 2026 ഫെബ്രുവരി 5-ന് തൃശ്ശൂർ ഈസ്റ്റ് ഫോർട്ടിലെ കത്തോലിക് പാസ്റ്ററൽ സെന്ററിൽ വെച്ച് സംഘടിപ്പിച്ചു. സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഡോ. ഫാ. ജോസ് വട്ടക്കുഴി സ്വാഗതപ്രസംഗവും, സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ അധ്യക്ഷ പ്രസംഗവും നടത്തി പരിപാടി വികാരി ജനറാളും, സാന്ത്വനം ചെയർമാനുമായ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്തു.

ശ്രീ. വേണുഗോപാൽ പി.എൻ. മുഖ്യപ്രഭാഷണം നടത്തി. എൻ. എം. ഡി. എഫ്. സി., കെ. എസ്. ബി. സി. ഡി. സി. പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ് പ്രോജക്ട് അസിസ്റ്റന്റ് ശ്രീമതി അക്ഷിത അഗസ്റ്റിൻ നയിച്ചു. സംരംഭകത്വവും മാർക്കറ്റിംഗും വിഷയമാക്കി, ലൈഫ് സ്കിൽ ട്രെയിനറും കൺസൾട്ടന്റ് സൈക്കോളജിസ്റ്റുമായ മിസ്. ഡിംപിൾ റീഷൻ ക്ലാസ് നയിച്ചു. അവസാനമായി പ്രൊജക്റ്റ് കോർഡിനേറ്റർ സിസ്റ്റർ ജിസ്മരിയ ഒ. എസ്. എഫ്. നന്ദി അറിയിച്ചു. പരിപാടി നാഷണൽ മൈനോറിറ്റീസ് ഡെവലപ്മെന്റ് ആൻഡ് ഫിനാൻസ് കോർപ്പറേഷൻ (എൻ. എം. ഡി. എഫ്. സി.), ന്യൂഡൽഹിയുടെ പിന്തുണയോടെയായിരുന്നു.

## നവ വൈദികർക്ക് സാന്ത്വനത്തിൽ സ്വീകരണം

2026-ൽ നവാഭിഷിക്തരായ വൈദികർക്കായി സാന്ത്വനം സോഷ്യൽ അപ്പോസ്തലേറ്റ് സെന്ററിൽ സ്വാഗത ചടങ്ങ് സംഘടിപ്പിച്ചു. ചടങ്ങിന്റെ ഭാഗമായി സഭയുടെ കീഴിലുള്ള വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾ നവ വൈദികർക്ക് പരിചയപ്പെടുത്തി. സാമൂഹ്യ സേവന രംഗത്ത് സഭ വഹിക്കുന്ന പങ്കും സാന്ത്വനം നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെയും ലക്ഷ്യങ്ങളും പ്രവർത്തന രീതികളും വിശദീകരിച്ചു. പുതിയ വൈദികർ സാമൂഹ്യ സേവന മേഖലയിൽ സജീവമായി പങ്കാളികളാകേണ്ടതിന്റെ ആവശ്യകതയും ചടങ്ങിൽ ഊന്നിപ്പറഞ്ഞു.

## ബ്ലാങ്ങാട് സാന്ത്വനതീരം പള്ളിയിൽ പരിശുദ്ധ ആരോഗ്യ മാതാവിന്റെ തിരുനാളിന് കൊടിയേറി

ബ്ലാങ്ങാട് സാന്ത്വനതീരം പള്ളിയിൽ പരിശുദ്ധ ആരോഗ്യ

മാതാവിന്റെ തിരുനാളിന് ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ കൊടിയേറി. തിരുനാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് നടന്ന കൊടിയേറ്റ ചടങ്ങിൽ വിശ്വാസികൾ പങ്കെടുത്തു. കൊടിയേറ്റത്തിനോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനകളും ആരാധനകളും നടത്തി.

**വിപണി ഗംഭീരമാക്കാൻ തണൽ സ്വയം സഹായ സംഘം മുക്കാട്ടുക്കര**

സാന്ത്വനത്തിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന തണൽ സ്വയം സഹായ സംഘം മുക്കാട്ടുകര സ്ത്രീകളുടെ സ്വയം തൊഴിൽശക്തിയുടെ മാതൃകയായി മാറിയിരിക്കുകയാണ്. വനി തകളുടെ കൂട്ടായ പരിശ്രമത്തിലൂടെ ഉത്പന്നങ്ങൾ നിർമ്മിച്ച് വിപ ണിയിൽ വിശ്വാസം നേടി വരുന്ന സംഘം, പുതുമ നിറഞ്ഞ നാടൻ സൗന്ദര്യ ഉൽപ്പന്നങ്ങൾ ഒരുക്കുകയാണ്. സാമ്പാർ പൊടി, പുളി യിഞ്ചി, കറി നാരങ്ങ അച്ചാർ തുടങ്ങിയ പാരമ്പര്യ ഉൽപ്പന്നങ്ങളാണ് ഓണത്തോടനുബന്ധിച്ച് വിപണിയിൽ ഇറക്കിയത്. ഇതിനൊപ്പം, സംഘം ഇപ്പോൾ പുതിയൊരു ഉൽപ്പന്നവുമായി മുന്നോട്ട് വരികയാണ്. ആട്ടിൻപാൽ സോപ്പ്. യാതൊരു കെമിക്കലുകളും ചേർക്കാതെയുള്ള ഈ ഹാൻഡ്മെയ്ഡ് സോപ്പ്, ത്വക്കിന്റെ നന വും മൃദുത്വവും നിലനിർത്താൻ സഹായിക്കുന്ന ആട്ടിൻ പാൽ, ശുദ്ധമായ എണ്ണ, പ്രകൃതിദത്ത സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയാൽ സമ്പുഷ്ടമാണ്.

**സാന്ത്വനം സ്റ്റാഫ് എ.ഐ. അധിഷ്ഠിത എൻ.ജി.ഒ. മാനേ ജ്മെന്റ് വർക്ക്ഷോപ്പിൽ പങ്കെടുത്തു**

മരിയൻ കോളേജ് (ഓട്ടോണമസ്) കുട്ടിക്കാനം സോഷ്യൽ വർക്ക് വിഭാഗവും കേരള സോഷ്യൽ സർവീസ് ഫോറം (കെ. എസ്. എസ്. എഫ്.) സംയുക്തമായും സംഘടിപ്പിച്ച എ. ഐ. പവേർഡ് എൻ. ജി. ഒ. മാനേജ്മെന്റ്– എ. ഐ. ട്ടൂൾസ് ഫോർ സോഷ്യൽ ചെയ്ഞ്ച് മെയ്ക്കേഴ്സ് ' എന്ന രണ്ട് ദിവസത്തെ വർക്ക്ഷോപ്പിൽ സാന്ത്വനം സ്റ്റാഫ് പങ്കെടുത്തു. സെപ്റ്റംബർ 17 മുതൽ 18 വരെ നടന്ന ഈ പരിപാടി എൻ.ജി.ഒ.കളുടെ പ്രവർത്തനങ്ങളിൽ കൃത്രിമ ബുദ്ധിയുടെ പ്രയോഗം വഴിയൊരുക്കിയ സാമൂഹിക മാറ്റത്തെക്കുറിച്ചായിരുന്നു.

**6 സാന്ത്വനഭവനങ്ങളുടെ താക്കോൽ കൈമാറി.**

സെപ്റ്റംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിലായി 9 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി താക്കോൽദാനം നിർവഹിച്ചു. കണ്ണാറ, ചേരുംകുഴി, പുന്നക്കര, പഴുവിൽ, വെട്ടുകാട്, എളവള്ളി, എളനാട്, പാലക്കൽ, പുതുക്കാട്, എന്നീ ഇടവകകളിലാണ് ഭവനങ്ങൾ നിർമ്മിച്ചു നൽകിയത്. ഇടവകകളിലെ ബഹുമാനപ്പെട്ട

വികാരിയച്ചന്മാരും സാന്ത്വനം ഡയറക്ടർ ഫാ. ജോജു ആളൂർ, അസോസിയേറ്റ് ഡയറക്ടർ ഡോ. ഫാ. ജോസ് വട്ടക്കുഴി, ഫാ. ഡിക്സൺ കൊളമ്പ്രത്ത്, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ, മറ്റ് ഇടവകാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. ചിറ്റലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് തൃശ്ശൂർ അതിരൂപത സാന്ത്വനമാണ് ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

**സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ബി. എസ്. ഡബ്ലിയു. വിദ്യാർത്ഥികൾ ചേർന്ന് നടപ്പാക്കിയ വൺ റുപ്പി ചലഞ്ച് ശ്രദ്ധേയമായി**

സാന്ത്വന ഭവനത്തിന്റെ ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി ആരംഭിച്ച ഈ പദ്ധതിയിലൂടെ, ദിവസം ഒരു രൂപ മാറ്റിവെച്ചാൽ, അൻപത് പേർക്ക് വീട് ഒരുക്കാം എന്ന സന്ദേശം സമൂഹത്തിലേക്ക് പടരുന്നു. ചെറിയ തുകയായ ഒരു രൂപയുടെ കരുതൽ, ഒരാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന ബോധ്യത്തോടെ വിദ്യാർത്ഥികൾ ഈ പ്രവർത്തനത്തിൽ ആവേശത്തോടെ പങ്കെടുത്തു. തൃശൂർ നഗരത്തിലെ നിരവധി ആളുകൾ ഇതിനോടകം വൺ റുപ്പീ ചലഞ്ചിന്റെ ഭാഗമായി. സാന്ത്വനം മുന്നോട്ട് വയ്ക്കുന്ന ഈ ശ്രമം, കൂട്ടായ്മയുടെ ശക്തിയും മനുഷ്യസ്നേഹത്തിന്റെ ഉദാത്തമൂല്യവും സമൂഹത്തിനു മുന്നിൽ പ്രതിഫലിപ്പിക്കുന്നു.

**സാന്ത്വനം – സാമൂഹ്യ സേവനത്തിന്റെ പാഠശാലയായി**

ഭാവി സാമൂഹ്യ പ്രവർത്തകർക്ക് പ്രചോദനമായി സാന്ത്വനം. സാന്ത്വനത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാനും ഭാവി വാഗ്ദാനങ്ങളാകുവാനും ആയി ബി എസ് ഡബ്ലിയു., എം. എസ്. ഡബ്ലിയു. വിദ്യാർത്ഥികൾ സാന്ത്വനത്തിലേക്ക് കടന്നു വന്നു. വിദ്യാർത്ഥികൾ അവരുടെ ഫീൽഡ്‌വർക്ക് പ്രവർത്തനങ്ങളും പ്രെസന്റേഷനും വിജയകരമായി പൂർത്തിയാക്കി.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) സംഘം സാന്ത്വനത്തെ സന്ദർശിച്ചു.**

സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ മികച്ച മാതൃകയായി മാറിയ സാന്ത്വനത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തൃശൂരിലെ വിദ്യാർത്ഥികളും അധ്യാപകരും സന്ദർശിച്ചു. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നേരിൽ പരിചയപ്പെടാനും സാന്ത്വനത്തിന്റെ സേവനരീതികളെ പഠിക്കാനുമാണ് സംഘം എത്തിയതെന്ന് അധികൃതർ അറിയിച്ചു.

**പുതിയ സാമ്പത്തിക സഹായ പദ്ധതികൾ വിശദീകരിച്ചു.**

സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുള്ള നിരവധി പുതിയ വരുമാന മാർക്ഷങ്ങളെക്കുറിച്ചും, അവയ്ക്ക് ആവശ്യമായ ധന സഹായം നബാർഡിൽ നിന്നും എങ്ങനെ ലഭ്യമാക്കാം എന്നതിനെക്കുറിച്ചും ധനലക്ഷ്മി ബാങ്ക് തൃശ്ശൂർ ഓഫീസർ ജോർജ്ജ് വിശദീകരിച്ചു. കത്തോലിക്കാ സെന്ററിൽ നടന്ന യോഗത്തിലാണ് അദ്ദേഹം ഈ വിഷയങ്ങൾ അവതരിപ്പിച്ചത്. സ്വയം സഹായ സംഘങ്ങൾ, കർഷക ഉത്പാദക സ്ഥാപനങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള നബാർഡിന്റെ വിവിധ പദ്ധതികളാണ് അദ്ദേഹം പ്രധാനമായും പരിചയപ്പെടുത്തിയത്.

**മൊബൈൽ റിപ്പയറിംഗ് കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു**

സാന്ത്വനം സംഘടിപ്പിച്ച മൊബൈൽ റിപ്പയറിംഗ് കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു. ആദ്യ ബാച്ച് വിജയകരമായി പൂർത്തിയാക്കിയതിന്റെ ആത്മവിശ്വാസത്തിൽ, കൂടുതൽ പേർക്ക് ഈ മേഖലയിൽ തൊഴിൽ വൈദഗ്ദ്ധ്യം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ ബാച്ച് തുടങ്ങിയത്.

**സാന്ത്വനം ഗ്രീൻ ഓട്ടോ പദ്ധതിയിലെ വാഹനങ്ങളുടെ ഉടമസ്ഥാവകാശം കൈമാറിത്തുടങ്ങി**

തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പോസ്തലേറ്റ് സെന്ററിന്റെ കീഴിലുള്ള സാന്ത്വനം നടപ്പാക്കുന്ന, കാൻസർ, കിഡ്നി രോഗികൾക്ക് സൗജന്യ / കുറഞ്ഞ നിരക്കിൽ യാത്രാസൗകര്യം ഒരുക്കുന്ന 'സാന്ത്വനം ഗ്രീൻ ഓട്ടോ' പദ്ധതിയിലെ വാഹനങ്ങളുടെ ഉടമസ്ഥാവകാശം കൈമാറിത്തുടങ്ങി. പദ്ധതിയുടെ ഭാഗമായി ഓട്ടോറിക്ഷകൾ ഉപയോഗിച്ചിരുന്ന ഗുണഭോക്താക്കളായ ഡ്രൈവർമാർക്ക് ഓട്ടോകൾ സ്വന്തമാക്കാനുള്ള അവസരമാണ് ഇതിലൂടെ ലഭിക്കുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്, ദീർഘകാലമായി ഓട്ടോ ഓടിച്ച് ഉപജീവനമാർക്ഷം കണ്ടെത്തിയിരുന്നവർക്കാണ് ഈ കൈമാറ്റം വഴി സാന്ത്വനം ആശ്വാസം നൽകുന്നത്. ഗ്രീൻ ഓട്ടോ പദ്ധതിവഴി തൃശ്ശൂർ അതിരൂപ തയുടെ വിവിധ ഇടവകകളിൽ രജിസ്റ്റർ ചെയ്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കാൻസർ, കിഡ്നി രോഗികൾക്ക് സൗജന്യ യാത്ര നൽകുന്നു.

**ഫാ. ജോജു ആളൂർ**, ഡയറക്ടർ
**ഫാ. ബെൻവിൻ തട്ടിൽ**, അസി. ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപതതല സമ്മാനദാനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ (തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം) ആഭിമുഖ്യത്തിൽ 2025 –26 അദ്ധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ സംഘടിപ്പിക്കപ്പെട്ട വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള 'അവാർഡ് ഡേ 2026' സമ്മാനദാന സമ്മേളനം 2026 ജനുവരി 18 ഞായറാഴ്ച ഡി.ബി.സി.എൽ.സി.യിൽ നടന്നു. ചടങ്ങുകൾക്ക് ഔദ്യോഗിക തുടക്കം കുറിച്ചുകൊണ്ട് ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. പോൾ മുട്ടത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. സൈജോ തൈക്കാട്ടിൽ ചടങ്ങിൽ അനുഗ്രഹപ്രഭാഷണം നടത്തി. ചിൽഡ്രൻസ് മിനിസ്ട്രി കഴിഞ്ഞ ഒരു വർഷക്കാലം നടത്തിയ വിപുലമായ പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട് സി. ജീജ പോൾ എസ്.എസ്.പി.സി. അവതരിപ്പിച്ചു. അതിരൂപതയുടെ നാനാഭാഗങ്ങളിൽ നിന്നുമായി എത്തിയ രണ്ടായിരത്തോളം കുട്ടികളും, അവരുടെ മാതാപിതാക്കളും, അധ്യാപകരും ചേർന്ന് അവാർഡ് ഡേ വലിയൊരു ആഘോഷമാക്കി മാറ്റി. വിജയികൾക്കുള്ള ട്രോഫികളും സർട്ടിഫിക്കറ്റുകളും വിശിഷ്ടാതിഥികൾ വിതരണം ചെയ്തു. സമ്മേളനത്തിന്റെ വിജയത്തിനായി സഹകരിക്കുകയും പങ്കുചേരുകയും ചെയ്ത എല്ലാ കുഞ്ഞുങ്ങൾക്കും, അവർക്ക് മാർഗ്ഗനിർദ്ദേശം നൽകിയ വൈദികർക്കും സന്യസ്തർക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ പേരിൽ പ്രത്യേക നന്ദി രേഖപ്പെടുത്തി.

**ആഘോഷമായ കുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായുള്ള അർദ്ധദിന പരിശീലന പരിപാടി**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ, കുട്ടികളെ ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുക്കുന്ന അധ്യാപകർക്കായുള്ള പ്രത്യേക അർദ്ധദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2026 മാർച്ച് 14 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 മുതൽ 4.30 വരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ചാണ് ഈ

പരിശീലനം നടക്കുന്നത്. കഴിഞ്ഞ വർഷത്തെ വിജയകരമായ സെഷനുകൾക്ക് സമാനമായി, ഈ വർഷവും ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ എങ്ങനെ കുട്ടികളെ ഫലപ്രദമായി ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുക്കാം എന്നതിലാണ് പരിശീലനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഡിജിറ്റൽ സംവിധാനങ്ങളും പുത്തൻ പഠന രീതികളും ഉപയോഗപ്പെടുത്തി കുട്ടികളുടെ ആത്മീയ വളർച്ചയെ സഹായിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി നൽകിയിട്ടുള്ള ഗൂഗിൾ ഫോം വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൃത്യസമയത്ത് തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിനാൽ എല്ലാ അധ്യാപകരും നിശ്ചിത സമയത്തിന് മുൻപായി എത്തിച്ചേരണമെന്ന് ഓർമ്മിപ്പിക്കുന്നു. അതിരൂപതയിലെ എല്ലാ ആദ്യകുർബാന അധ്യാപകരെയും ഈ സംഗമത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## ആനിമേറ്റേഴ്സ് പരിശീലന ക്യാമ്പ് 2026

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനായി ഏകദിന പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. 2026 മാർച്ച് 28-ാം തിയതി ശനിയാഴ്ച തൃശ്ശൂർ ഫാമിലി അപ്പോസ്തലേറ്റിൽ വെച്ചായിരിക്കും ക്യാമ്പ് നടക്കുന്നത്. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് സമാപിക്കുന്ന രീതിയിലാണ് സമയം ക്രമീകരിച്ചിരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി ഉച്ചഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്. ഒരാൾക്ക് 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ മാർച്ച് 20ാം തിയതിക്ക് മുൻപായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി (ഫോൺ: 9947582522) ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിരൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള ആനിമേറ്റേഴ്സിന്റെ സജീവമായ പങ്കാളിത്തം ഈ പരിശീലന പരിപാടിയിലേക്ക് പ്രതീക്ഷിക്കുന്നു.

## അതിരൂപതാതല നേതൃത്വ പരിശീലന ക്യാമ്പുകൾ 2026

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ ഭാരവാഹികൾക്കായി അതിരൂപതാതല നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ചാണ് ക്യാമ്പുകൾ

നടക്കുന്നത്. ഈ ക്യാമ്പുകളിൽ വെച്ചാണ് വരാനിരിക്കുന്ന വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്.

**ക്യാമ്പ് കലണ്ടർ:**

1. സ്പർശ് (Sparsh) ക്യാമ്പ്: ഏപ്രിൽ 13, 14 (തിങ്കൾ, ചൊവ്വ) തിരുബാലസഖ്യം

2. ബെർക്കുമെൻസ് (Berchmans) ക്യാമ്പ്: ഏപ്രിൽ 15, 16 (ബുധൻ, വ്യാഴം) അൾത്താരസംഘം

3. ക്രിസ്ത്യൻ ലൈഫ് ക്യാമ്പ് (CLC): ഏപ്രിൽ 17, 18 (വെള്ളി, ശനി) ജൂനിയർ സി.എൽ.സി.

പ്രധാന നിർദ്ദേശങ്ങൾ: എല്ലാ ക്യാമ്പുകളും ഒന്നാം ദിവസം രാവിലെ 9 മണിക്ക് ആരംഭിച്ച് രണ്ടാം ദിവസം വൈകീട്ട് 4 മണിക്ക് സമാപിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം ഓരോ ഇടവകയിൽ നിന്നും നിശ്ചിത എണ്ണം ഭാരവാഹികൾക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. ഓരോ ക്യാമ്പിലും ആദ്യം രജിസ്റ്റർ ചെയ്യുന്ന നിശ്ചിത ആളുകൾക്ക് മാത്രമായിരിക്കും പ്രവേശനം. ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും ബൈബിൾ, പേന, നോട്ട്ബുക്ക് എന്നിവ കൈവശം കരുതേണ്ടതാണ്. ഒരാൾക്ക് 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 31-ാം തിയതിക്ക് മുൻപായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ (9947582522) ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. **പ്രത്യേക ശ്രദ്ധയ്ക്ക്**! ഈ ക്യാമ്പുകളിൽ വെച്ചാണ് വരാനിരിക്കുന്ന വർഷത്തേക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ കൃത്യസമയത്ത് ക്യാമ്പിലേക്ക് അയച്ച് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## SFL, BCL, MCL Leagues 2026

അൾത്താരസംഘം കുട്ടികൾക്കായി 2026 ഏപ്രിൽ 22,23,24 തിയ്യതികളിൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈവ്സ് ഫുട്ബോൾ ലീഗും (SFL), ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി 2026 മെയ് 4 ന് മരിയൻ ക്യാരംസ് ലീഗും (MCL), 8 ന് മരിയൻ ചെസ്സ് ലീഗും (MCL) സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകളും വ്യക്തികളും മാർച്ച് മാസത്തിൽ ന ല്കപ്പെടുന്ന ഗൂഗിൾ ഫോമിൽ വികാരിയച്ചന്റെ അറിവോടെ ആദ്യ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന ടീമുകൾക്കായിരിക്കും മത്സരിക്കുവാൻ മുൻഗണന നല്കുക. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസ് നമ്പറിൽ

(9947582522) ബന്ധപ്പെടേണ്ടതാണ്.

**യൂണിറ്റ് രജിസ്ട്രേഷൻ 2026**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2026-ാം വർഷത്തെ യൂണിറ്റ് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച വിവരം എല്ലാ ഇടവകകളെയും അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അതിരൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ, മത്സരങ്ങൾ, ക്യാമ്പുകൾ എന്നിവയിൽ കുട്ടികൾക്ക് പങ്കെടുക്കണമെങ്കിൽ യൂണിറ്റ് രജിസ്ട്രേഷൻ അത്യന്താപേക്ഷിതമാണ്. യൂണിറ്റ് രജിസ്ട്രേഷൻ ഓരോ വർഷവും നിർബന്ധമായും പുതുക്കേണ്ട ഒന്നാണെന്ന കാര്യം ഭാരവാഹികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾ ഉൾപ്പെടെ എല്ലാ ഇടവകകളും 2026-ാംവർഷത്തേക്ക് തങ്ങളുടെ രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. ഓരോ സംഘടനയുടെയും രജിസ്ട്രേഷനായി 100 രൂപ വീതം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

അതിരൂപതയിലെ എല്ലാ ഇടവക വികാരിയച്ചന്മാരും ആനിമേറ്റേഴ്സും തങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ കൃത്യസമയത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാത്ത യൂണിറ്റുകൾക്ക് അതിരൂപതാതലത്തിലുള്ള ആനുകൂല്യങ്ങളോ ഔദ്യോഗിക സർട്ടിഫിക്കറ്റുകളോ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്കായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി 9947582522 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

തിരുവചനം : ''സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും'' (മത്തായി 5:9)

സുകൃതജപം : കർത്താവേ, ഞങ്ങളെ നിന്റെ സമാധാനത്തിന്റെ ഉപകരണങ്ങളാക്കണമേ

പ്രാർത്ഥനനിയോഗം: കരുണാനിധിയായ ദൈവമേ, സമാധാനത്തിന്റെ ഉപകരണങ്ങളായി ഞങ്ങളെ രൂപപ്പെടുത്തണമേ. ആയുധങ്ങൾ മാറ്റിവെച്ച് സഹനവും തിരഞ്ഞെടുക്കാൻ ലോകനേതാക്കൾക്ക് ജ്ഞാനവും ധൈര്യവും നൽകണമേ.

പരിചയപ്പെടുന്ന വിശുദ്ധ: വിൻസെൻസ മരിയ പോളോണി (Vincenza Maria Poloni) 1802ൽ ഇറ്റലിയിലെ വെറോണയിൽ ലുയിജിയ

പോളോണി എന്ന പേരിൽ ജനിച്ച വിൻസെൻസ മരിയ പോളോണി, പന്ത്രണ്ട് മക്കളിൽ ഏറ്റവും ഇളയവളായിരുന്നു. തന്റെ പിതാവിന്റെ മരുന്നുകടയിൽ രോഗികൾ വരുന്നത് കാണുമ്പോഴും അവരുടെ സങ്കടങ്ങൾ കേൾക്കുമ്പോഴുമാണ് കാരുണ്യപ്രവർത്തനങ്ങളോടുള്ള താല്പര്യം അവളിൽ വളർന്നത്. വലിയ വിദ്യാഭ്യാസമോ പണമോ ഉണ്ടായിരുന്നതിനേക്കാൾ ഉപരിയായി, മറ്റുള്ളവരുടെ വേദന മനസ്സിലാക്കാനുള്ള വലിയൊരു ഹൃദയം ലുയിജിയയ്ക്ക് ഉണ്ടായിരുന്നു. തന്റെ ഇരുപതുകളിൽ ആയിരുന്നപ്പോൾ തന്നെ സന്യാസ ജീവിതത്തോട് താല്പര്യം കാണിച്ചിരുന്നു. എന്നാൽ അക്കാലത്ത് വെറോണയിൽ നിലവിലുണ്ടായിരുന്ന പല സന്യാസിനി സമൂഹങ്ങളും കർക്കശമായ നിയമാവലികൾ ഉള്ളവയായിരുന്നു. തനിക്ക് ചേരുന്ന വഴി ഇതല്ലെന്ന് അവർക്ക് തോന്നി.

വിശുദ്ധ സിമിയോൺ കാർലോ സ്റ്റെബ് എന്ന പുണ്യപുരുഷനുമായുള്ള കൂടിക്കാഴ്ചയാണ് ലുയിജിയയുടെ ജീവിതം മാറ്റിമറിച്ചത്. ദൈവത്തിന്റെ സ്നേഹം വാക്കുകളിലൂടെയല്ല, മറിച്ച് പ്രവൃത്തികളിലൂടെയാണ് കാണിക്കേണ്ടതെന്ന് അവർ തിരിച്ചറിഞ്ഞു. 1840ൽ 'സിസ്റ്റേഴ്സ് ഓഫ് മെഴ്സി' (Sisters of Mercy) എന്ന സന്യാസിനീ സമൂഹത്തിന് അവർ രൂപം നൽകി. 'സേവനം ചെയ്യപ്പെടുന്നവരിൽ ദൈവത്തെ കാണുക' എന്നതായിരുന്നു ആ സമൂഹത്തിന്റെ അടിസ്ഥാനം.

വിൻസെൻസയുടെ ജീവിതം വെറുമൊരു സാമൂഹിക സേവനമായിരുന്നില്ല. അഗതികളെയും രോഗികളെയും സഹായിക്കുന്നതിൽ ആയിരുന്നു അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പ്രത്യേകിച്ചും വെറോണയിലെ ദരിദ്രർക്കും പ്രായമായവർക്കും വേണ്ടി അവർ തന്റെ ജീവിതം സമർപ്പിച്ചു. വിൻസെൻസയെ വെറോണയിലെ ജനങ്ങൾ വിളിച്ചിരുന്നത് 'അമ്മ' എന്നായിരുന്നു. തെരുവുകളിൽ അലയുന്നവർക്കും ഉപേക്ഷിക്കപ്പെട്ട വൃദ്ധർക്കും സ്വന്തം കൈ കൊണ്ട് ഭക്ഷണംനൽകുകയും അവരുടെ മുറിവുകൾ വെച്ചു കെട്ടുകയും ചെയ്തിരുന്നു.'നമ്മുടെ കൈകൾ പാവപ്പെട്ടവരുടേതാണ്, അത് അവർക്കായി എപ്പോഴും നീട്ടി വെക്കണം' എന്ന് അവർ എപ്പോഴും പറയുമായിരുന്നു. സ്തനാർബുദം ബാധിച്ച തന്റെ അവസാന കാലഘട്ടങ്ങളിൽ കഠിനമായ വേദന അനുഭവിച്ചിട്ടും ഒരു പരാതി പോലും പറയാതെ അവർ അത് സഹിച്ചു. 'ദൈവം നൽകുന്നത് സന്തോഷത്തോടെ സ്വീകരിക്കുക' എന്ന് സഹോദരിമാരെ പഠിപ്പിച്ചുകൊണ്ട് 1855 നവംബർ 11ന് അവർ നിത്യതയിലേക്ക് യാത്രയായി. വർഷങ്ങൾ കഴിഞ്ഞ് മൃതദേഹം പുറത്തെടുത്തപ്പോൾ അത് അഴുകാത്ത

നിലയിൽ കാണപ്പെട്ടതായി പറയപ്പെടുന്നു. 2008 സെപ്റ്റംബർ 21ന് വെറോണയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വെച്ച് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ അവരെ 'വാഴ്ത്തപ്പെട്ടവൾ' ആയി പ്രഖ്യാപിച്ചു.

2025 ഒക്ടോബർ 19ന് റോമിൽ വച്ച് ലെയോ പതിനാലാമൻ മാർപാപ്പ വിൻസെൻസ മരിയ പോളോണിയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

പ്രവർത്തനം : നമ്മെ വേദനിപ്പിച്ച ഒരാളോട് ഹൃദയത്തിൽ നിന്ന് ക്ഷമിക്കാൻ ശ്രമിക്കുക. സാധ്യമായാൽ അവരോട് ഒരു നല്ല വാക്ക് പറയുക.

**ഫാ. പോൾ മുട്ടത്ത്,** ഡയറക്ടർ
**സി. ജീജ** SSPC, കോർഡിനേറ്റർ

## മദ്യവിരുദ്ധസമിതി

**1. സംസ്ഥാന സമ്മേളനം 22.01.2023**

കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി സംസ്ഥാന ഘടകം സംസ്ഥാന അർദ്ധ വാർഷിക സമ്മേളനം സംഘടിപ്പിച്ചു. പാലാരിവട്ടം പി.ഒ.സി.യിൽ അരങ്ങേറിയ യോഗത്തിന് നിയുക്ത ചെയർമാൻ കോട്ടപ്പുറം രൂപത മെത്രാൻ മാർ അംബ്രോസ് തിരുമേനി ഉദ്ഘാടകനായി. മുൻ ചെയർമാനും മൂവാറ്റുപുഴ മെത്രാനുമായ മാർ തെയഡോഷ്യസ് പിതാവ് മുഖ്യപ്രഭാഷകനായി. സ്ഥാപക പിതാവായ മാർ ജേക്കബ് തൂങ്കുഴിയ്ക്ക് ആദരാഞ്ജലികളർപ്പിച്ചുകൊണ്ട് അതിരൂപത സമിതി തയ്യാറാക്കിയ 'പ്രണാമം' എന്ന സ്മരണികയുടെ കോപ്പികൾ സമ്മേളനത്തിൽ വിശിഷ്ടാതിഥികൾക്കും പ്രതിനിധികൾക്കും വിതരണം ചെയ്തു. മുൻ വർഷങ്ങളിലെ സേവനത്തിന് തെയഡോഷ്യസ് പിതാവിനെ വേദിയിൽ ആദരിച്ചു.

**2. മദ്യനിരോധനോപവാസം 30.01.26 – 03.02.26**

തൃശൂർ കോർപ്പറേഷനു മുന്നിൽ കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി അംഗവും മദ്യവിമോചന മഹാസഖ്യത്തിന്റെ സംസ്ഥാന അധ്യക്ഷനുമായ ശ്രീ. ഇ.എ. ജോസഫ് അനുഷ്ഠിച്ച ഉപവാസ യജ്ഞം പരിപാടിയിൽ കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതി തൃശൂർ അതിരൂപതയും പങ്കുചേർന്നു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ

അച്ചനാണ് ഉദ്ഘാടനം ചെയ്തത്. തൃശൂർ അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ മുഖ്യപ്രഭാഷണം നടത്തി.

**3. ഇന്ത്യയും തോമസ് അപ്പസ്തോലനും വിതരണം**

തൃശൂരിന്റെ പ്രഥമ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് 1905 ൽ വിരചിച്ചതും ഡയറക്ടറച്ചൻ പരിഭാഷപ്പെടുത്തിയതുമായ ഈ പുസ്തകത്തിന്റെ വിതരണം തുടരുകയാണ്. ഇതിനോടകം മുപ്പതിലേറെ പള്ളികളിൽ വിശദീകരണവും പരിചയപ്പെടുത്തലും വിതരണവും അരങ്ങേറി.

**4. അതിരൂപത തെരഞ്ഞെടുപ്പ് 22.02.26**

തൃശൂർ അതിരൂപത കെ.സി.ബി.സി. മദ്യ-ലഹരി വിരുദ്ധ സമിതിയുടെ യൂണിറ്റു തല തെരഞ്ഞെടുപ്പ് പൂർത്തിയായി. ഫൊറോന തല തെരഞ്ഞെടുപ്പ് മിക്കവാറും പൂർത്തിയായി കഴിഞ്ഞുവെന്ന് സംതൃപ്തിയോടെ അറിയിക്കട്ടെ. സഹകരിച്ച പ്രൊമോട്ടർ അച്ചന്മാർക്കും സംഘടിപ്പിച്ച ഭാരവാഹികൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. അതിരൂപത തലത്തിലുള്ള തെരഞ്ഞെടുപ്പ് 22.02.26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സംഘടന ഓഫീസിൽ ക്രമീകരിക്കുകയാണ്. കാലാവധി പൂർത്തിയാക്കുന്ന എക്സിക്യൂട്ടീവ് അംഗങ്ങളുടെ പ്രത്യേക യോഗം അന്നേ ദിവസം രാവിലെ 10 മണിക്ക് സമിതി ഓഫീസിൽ ചേരുകയാണ്. കൃത്യമായ സമയവും വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും. യോഗ്യരായ നേതൃത്വനിര കെട്ടിപ്പടുക്കുന്നതിന് നമുക്ക് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

**5. സ്നേഹപൂർവ്വം നന്ദി ചൊല്ലട്ടെ**

മൂന്നു വർഷത്തെ സേവനത്തിന്റെ കാലാവധി പൂർത്തിയാക്കുന്ന തൃശൂർ അതിരൂപത ഭാരവാഹികൾക്കും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും പ്രത്യേകം നന്ദി. ഡയരക്ടർ എന്ന നിലയിലും പി.ആർ.ഒ. എന്ന നിലയിലും ഞങ്ങളോട് പ്രകടിപ്പിച്ച സഹകരണത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഒട്ടേറെ സദുദ്യമങ്ങൾ ഏറ്റെടുക്കാൻ സധൈര്യം മുന്നിട്ടിറങ്ങിയ വി.എം. അഗസ്റ്റിന്റെയും സഹസാരഥികളുടെയും സേവനങ്ങൾ സംഘടന ഒരിക്കലും മറക്കുകയില്ല. ആനിമേറ്റർ സിസ്റ്ററിനെയും പ്രൊമോട്ടർ അച്ചന്മാരെയും പ്രത്യേകം സ്മരിക്കുന്നു. വാ. മാറ്റ് ടാൽബോത്തിന്റെ മദ്ധ്യസ്ഥതയിൽ, മേരീമാതാവിന്റെ സാന്നിധ്യത്തിൽ, ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**, ഡയറക്ടർ
**ശ്രീ. ലിന്റോ ഫ്രാൻസിസ്**, പി.ആർ.ഒ.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, തൃശൂർ സെൻട്രൽ കൗൺസിലിന്റെ പ്രസിഡൻറ് ബ്രദർ ജോസ് ജെ മഞ്ഞളിയുടെ യാത്രയയപ്പും, പുതിയ പ്രസിഡൻറ് ബ്രദർ കെ. കെ. പോൾസന്റെ സത്യപ്രതിജ്ഞ ചടങ്ങും 08/02/2026 ന് വിൻസെൻഷ്യൻ ക്ലോപ്ലക്സിൽ വെച്ച് നടന്നു. പൊതു സമ്മേളനത്തിൽ സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മീകോപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്ത് അദ്ധ്യക്ഷ പ്രസംഗം നടത്തി. അതിരൂപതാ വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.സീനിയർ വൈസ് പ്രസിഡൻറ് ബ്രദർ കെ. എ. ഷിബു തെരഞ്ഞെടുപ്പ് റിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ ജോസ് ജെ. മഞ്ഞളി, പുതിയ പ്രസിഡണ്ടിന് സത്യപ്രതിജ്ഞ വാചകം ചൊല്ലികൊടുത്തു. സത്യപ്രതിജ്ഞ വാചകം ഏറ്റ് പറഞ്ഞ് തൃശൂർ സെൻട്രൽ കൗൺസിലിന്റെ പ്രസിഡന്റായി ബ്രദർ കെ. കെ. പോൾസൺ സ്ഥാനം ഏറ്റെടുത്തു. കലൂർ ഈസ്റ്റ് ഇടവക വികാരി ഫാ. ജോയ് കൊള്ളന്നൂർ, ഇരിഞ്ഞാലക്കുട സി. സി. പ്രസിഡന്റ് ബ്രദർ ടി. എൽ. ജോർജ്, ബ്രദർ ഡോ. സേവിയർ ജെയിംസ് രാജ് (മുൻ നാഷണൽ കൗൺസിൽ വൈസ് പ്രസിഡന്റ്), ബ്രദർ ബേബി തെക്കൻ (മുൻ കെ. ആർ .സി.സി. കോഡിനേറ്റർ), ബ്രദർ ജസ്റ്റിൻ ഡേവിഡ് (വിജയ പുരം മുൻ സിസി പ്രസിഡന്റ്) ബ്രദർ ഡോൺ ബോസ്ക്കോ (തിരുവനന്തപുരം മുൻ സി സി പ്രസിഡന്റ്) എന്നിവർ ആശംസകൾ നേർന്നു. ബ്രദർ ജോസ് ജെ. മഞ്ഞളി മറുപടി പ്രസംഗത്തിൽ ആറ് വർഷം ഒപ്പം നിന്ന് പ്രവർത്തിച്ച എല്ലാ വിൻസെൻഷ്യൻ അംഗങ്ങൾക്കും ഉപരി കൗൺസിലിലിനും, അതിരൂപത അധികാരികൾക്കും നന്ദി അറിയിച്ചു.പങ്കെടുത്ത എല്ലാവർക്കും വൈസ് പ്രസിഡൻറ് ബ്രദർ എ. ഡി. ഫ്രാൻസിസ് സ്വാഗതവും, സി.സി സെക്രട്ടറി ബ്രദർ പ്രശാന്ത് ചിറ്റിലപ്പിള്ളി നന്ദിയും അറിയിച്ചു.

**റവ.ഫാ ജിക്സൺ താഴത്ത്**
*തൃശൂർ സിസി ആദ്ധ്യാത്മീകോപദേഷ്ടാവ്*
**ബ്രദർ കെ. കെ. പോൾസൺ**, *പ്രസിഡന്റ്*
**സി. റീന ജെയിംസ്**, *സെക്രട്ടറി*

# ജീസസ്സ് യൂത്ത്

**Prayer Group Year 2026**

തൃശ്ശൂർ ജീസസ് യൂത്ത് ഈ വർഷം പ്രാർത്ഥന കൂട്ടായ്മ വർഷമായി (പ്രയർ ഗ്രൂപ്പ് ഇയർ) ആചരിക്കുന്നു. ജീസസ് യൂത്ത് പ്രാർത്ഥന കൂട്ടായ്മകൾ ശക്തിപ്പെടുത്തേണ്ടതിന്റെയും പുതിയ പ്രാർത്ഥന കൂട്ടായ്മകൾ ഇടവകകളിലും, കലാലയങ്ങളിലും മറ്റും രൂപീകരിക്കേണ്ടതിന്റെയും ആവശ്യകതയെ മുന്നിൽ കണ്ടുകൊണ്ടാണ് ഈ വർഷം പ്രാർത്ഥന കൂട്ടായ്മ വർഷമായി ആചരിക്കുന്നത്. 2026 ജനുവരി 26–ന് പ്രയർ ഗ്രൂപ്പ് ഇയർ–ന്റെ ഔദ്യോഗിക ഉദ്ഘാടനം തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. വിവിധ സബ്സോൺ മിനിസ്ട്രിസ് ടീമിൽ നിന്നുള്ളവരും കുടുംബങ്ങളും യുവാക്കളും ഉൾപ്പെടെ നൂറിലധികം പേർ ഈ സംഗമത്തിൽ പങ്കെടുത്തു. തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, സിസ്റ്റർ ജ്യോതിസ് മരിയ എന്നിവർ സന്നിഹിതരായിരുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തിൽ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പ്രാധാന്യത്തെക്കുറിച്ചും, സഭയുടെ വളർച്ചയിൽ യുവജനങ്ങളുടെ പങ്കിനെക്കുറിച്ച് സോണൽ എൽഡർ മെജോ സെഷനു നേതൃത്വം നൽകി. തൃശ്ശൂർ സോണൽ അസിസ്റ്റന്റ് കോർഡിനേറ്റർ ജോൺ ജോഷി, മറ്റു കൗൺസിൽ മെംബേർസ്, എൽഡേഴ്സ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ബാസ്റ്റ്യൻ പുന്നോലി പറമ്പിൽ** ഡറക്ടർ
**ഫാ. ബിജോയ് പൊൻപറമ്പിൽ** അസി. ഡയറക്ടർ
**ആൽവിൻ ഡേവിഡ്** കോർഡിനേറ്റർ

## പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ ഏഴാം യോഗറിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ ഏഴാം യോഗം അവാർഡ് ദിനമായി 2025 ഡിസംബർ 6ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെട്ടു. ഉച്ചതിരിഞ്ഞ് 1:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി.

അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

തുടർന്ന് റവ. ഫാ. ജിറ്റോ കുന്നത്ത് SDB ''നമ്മുടെ കഴിവുകൾ സുവിശേഷമാകുമ്പോൾ'' എന്ന വിഷയം അവതരിപ്പിച്ചു. നമ്മുടെ കഴിവുകൾ സുവിശേഷപ്രഘോഷണത്തിനായി ഉപയോഗിക്കണമെന്ന് അച്ചൻ ആഹ്വാനം ചെയ്തു. നമ്മുടെ കഴിവുകളോടൊപ്പം ബലഹീനതകളും ഈശോയിലേക്ക് ചേർത്ത് വയ്ക്കണമെന്നും കർത്താവിന്റെ മഹത്വം പ്രകടമാക്കാൻ നാം സുവിശേഷമായി മാറണമെന്നും ബഹു. ജിറ്റോ അച്ചൻ ഓർമ്മിപ്പിച്ചു.

സഭ ഇന്നുനേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധികളെ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് അധ്യക്ഷപ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഭരണഘടന അംഗീകരിക്കപ്പെടുന്നില്ലെന്നും ഭരണഘടന നൽകുന്ന അവകാശങ്ങൾ പല വിധത്തിൽ ലംഘിക്കപ്പെടുന്നുവെന്നും അഭിവന്ദ്യപിതാവ് ചൂണ്ടികാട്ടി. ഭരണഘടന അവകാശങ്ങളും ന്യൂനപക്ഷാവകാശങ്ങളും മതേതരത്വവും സംരക്ഷിക്കപ്പെടണമെന്ന് അഭിവന്ദ്യപിതാവ് ഊന്നിപറഞ്ഞു. സമുദായാവബോധത്തെക്കുറിച്ചുള്ള കൈപുസ്തകം അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതായി അറിയിച്ചു. സമുദായശാക്തീകരണവർഷമായ 2026ൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഏറെ പ്രവർത്തിക്കാനുണ്ടെന്ന് അഭിവന്ദ്യപിതാവ് ഓർമ്മിപ്പിക്കുകയും ഏവർക്കും ക്രിസ്തുമസ്സ് ആശംസകൾ നേരുകയും ചെയ്തു.

പാസ്റ്ററൽ കൗൺസിൽ അവാർഡിന് അർഹരായവരെ തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അഭിനന്ദിച്ചു. അനന്തസാധ്യതയാണ് ഓരോ മനുഷ്യനുമെന്നും നമ്മുടെ കഴിവുകൾ ദൈവികതയിലേക്ക് എത്തിചേരാനുള്ള വഴികളാണെന്നും

അഭിവന്ദ്യപിതാവ് തന്റെ ആശംസാപ്രസംഗത്തിൽ പറഞ്ഞു. ജില്ല-സംസ്ഥാന -ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ മികച്ച പ്രകടനങ്ങൾ നടത്തിയ അതിരൂപതാംഗങ്ങൾക്ക് അഭിവന്ദ്യ പിതാക്കന്മാർ അവാർഡുകൾ വിതരണം ചെയ്തു. അജണ്ടകമ്മറ്റിയംഗം റവ. ഡോ. സി. നമിത റോസ് സി. എം. സി. യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിന്റെ സമാപനാശീർവാദത്തോടെ വൈകിട്ട് 4ന് യോഗം പര്യവസാനിച്ചു.

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

**അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക**
**(യോഹ 20, 27)**

**THE SYRO-MALABAR MAJOR ARCHIEPISCOPAL CURIA**
Mount St. Thomas, P.B. No. 3110, P.O. Kakkanad,
Kochi – 682 030, Kerala, India
Tel: (0484) 2424780, 2425727, 2426235, 2426236.
Fax: (0484) 2422727

1-Prot. No. 0102/2026

മനസ്സമ്മതത്തിന് മുമ്പായി വിവാഹം വിളിച്ചുചൊല്ലാനുള്ള അനുമതി സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നവിധം സീറോമലബാർസഭയിലെ അതിരൂപതകളിലെയും രൂപതകളിലെയും ചാൻസലർമാർക്ക്, സീറോമലബാർസഭാംഗങ്ങളുടെ വിവാഹം ആശീർവദിക്കുന്നതുമായി ബന്ധപ്പെട്ട് സീറോ മലബാർ മെത്രാൻസിനഡിന്റെ രണ്ടു തീരുമാനങ്ങൾ മുൻപു നല്കിയിരുന്നല്ലോ. അവ നടപ്പാക്കുന്നതിൽ നമ്മുടെ രൂപതകളിൽ ഏകോപനമില്ലാതിരുന്നതിനാൽ പലയിടത്തും ആശയക്കുഴപ്പം ഉണ്ടായതായി മനസ്സിലാക്കുന്നു. അതിന്റെ പശ്ചാത്തലത്തിൽ, ഇക്കാര്യത്തിൽ നടപ്പിലാക്കേണ്ട സിനഡു നിർദ്ദേശിച്ച ഏകീകൃത നടപടി ക്രമമാണ് താഴെ ക്കൊടുത്തിരിക്കുന്നത്.

**1. മനസ്സമ്മതത്തിന് മുമ്പായി വിവാഹം വിളിച്ചു ചൊല്ലാൻ അനുമതി നല്കാനുള്ള നടപടിക്രമം**

2025 ഓഗസ്റ്റിൽ നടന്ന സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാം മെത്രാൻസിനഡിന്റെ രണ്ടാം സമ്മേളനം, മനസ്സമ്മതത്തിന് മുമ്പായി വിവാഹം വിളിച്ചുചൊല്ലാനുള്ള അനുവാദം നല്കാനുള്ള അധികാരം, ഫൊറോന വികാരിയിൽനിന്നു മാറ്റി, ഭാവി വധുവിന്റെയോ വരന്റെയോ ഇടവക വികാരിക്കു നല്കാൻ തീരുമാനിച്ചിരുന്നു. തുടർന്ന്, ഈ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടായ ചില ആശയക്കുഴപ്പങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനായി, 2026 ജനുവരിയിൽ നടന്ന മുപ്പത്തിനാലാം മെത്രാൻ സിനഡിന്റെ ഒന്നാം സമ്മേളനം മുൻതീരുമാനത്തിൽ താഴെപറയുന്ന പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി. അതനുസരിച്ചു, മനസ്സമ്മതത്തിനു മുൻപായി വിവാഹപരസ്യം ആരംഭിക്കുന്നതിനുള്ള അനുമതി, വധുവിന്റെയും വരന്റെയും ഇടവക വികാരിമാർ സംയുക്തമായാണ് നല്കേണ്ടത്. അതിനായി ഭാവി വധുവരന്മാർ സംയുക്തമായി അപേക്ഷ നല്കണം. സീറോമലബാർ സഭയുടെ പ്രത്യേക നിയമം ആർട്ടി. 163 §2 ഭേദഗതി ചെയ്തു കൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ

ഡിക്രിവഴിയാണ് (Prot. No. 0084/2026) ഇതു സംബന്ധിച്ച പുതിയ നിയമം പ്രാബല്യത്തിൽ വന്നിരിക്കുന്നത്.

മനസമ്മതത്തിന് മുമ്പ് വിവാഹപരസ്യം ആരംഭിക്കുകയും വിവാഹത്തിന് മുമ്പ് മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്നതിനാണ് അനുമതി നല്കുന്നത്. ഇപ്രകാരം അനുമതി ലഭിക്കുന്നതിനു സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ താഴെക്കൊടുക്കുന്നു:

1. ഇതോടൊപ്പമുള്ള അപേക്ഷാഫോറത്തിലാണ് വിവാഹാർഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. ഈ അപേക്ഷാഫോറം എല്ലാ ഇടവകകളിലും ലഭ്യമാണെന്ന് രൂപതാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
2. ഈ അനുവാദം ആർക്കാണോ ആവശ്യമായിരിക്കുന്നത്, ആ വ്യക്തിയാണ് (ഒന്നാം കക്ഷി) അനുവാദത്തിനുള്ള നടപടിക്രമം ആരംഭിക്കേണ്ടത്. ഇതിനായുള്ള ഫോറം പൂരിപ്പിച്ചു കക്ഷികളുടെയും അവരുടെ മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷിതാക്കൾ എന്നിവരുടെയും ഒപ്പോടുകൂടെ ഒന്നാം കക്ഷി തന്റെ ഇടവകവികാരിക്ക് (ഒന്നാം വികാരി) സമർപ്പിക്കുന്നു.
3. അപേക്ഷാഫോറത്തിൽ ഒപ്പിടാനുള്ള ആരെങ്കിലും സ്ഥലത്തില്ലാത്ത സാഹചര്യം വന്നാൽ സമയത്തിന്റെ കുറവുണ്ടെങ്കിൽ അവർക്കു ഒപ്പിടുന്നതിനായി അപേക്ഷ സ്കാൻചെയ്തു അയച്ചുകൊടുക്കുകയും അവർ ഒപ്പിട്ടു സ്കാൻചെയ്തു തിരിച്ചയക്കുന്ന അപേക്ഷ ഒന്നാം കക്ഷി ഒന്നാം വികാരിക്കു നൽകുകയും ചെയ്യുന്നു.
4. അപേക്ഷ ലഭിച്ചാലുടൻ, ഒന്നാം വികാരി ഫോറം പരിശോധിച്ച് അതിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വിവാഹം വിളിച്ചുചൊല്ലേണ്ട തീയതികൾ അപേക്ഷകരോട് ആലോചിച്ചു നിശ്ചയിക്കുകയും ചെയ്യുന്നു. അതിനുശേഷം, അദ്ദേഹം ഫോറത്തിൽ ഒപ്പിട്ട് പള്ളിയുടെ സീലും വച്ച് ഒന്നാം കക്ഷി വഴി രണ്ടാം കക്ഷിയുടെ വികാരിക്കു (രണ്ടാം വികാരി) കൈമാറേണ്ടതാണ്.
5. ഒന്നാം വികാരി ഒപ്പിട്ട അപേക്ഷാഫോറം ലഭിക്കുന്ന മുറയ്ക്കു രണ്ടാം വികാരി അപേക്ഷാഫോറത്തിൽ തന്റെ സമ്മതം രേഖപ്പെടുത്തി ഒപ്പിട്ടു സീൽ വയ്ക്കുന്നതോടെ അനുവാദം ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്നു. രണ്ടാം വികാരി ഈ അനുമതിയുടെ ഒരു പകർപ്പ് ഇടവകരേഖകളിൽ സൂക്ഷിക്കേണ്ടതും അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതുമാണ്.

6. ഈ നടപടികൾ പൂർത്തിയാകുമ്പോൾ അനുമതിപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ വിവാഹത്തിന്റെ വിളിച്ചുചൊല്ലൽ രണ്ട് ഇടവകകളിലും ആരംഭിക്കേണ്ടതാണ്.

സീറോമലബാർസഭയിലെ എല്ലാ അതിരൂപതകളിലും രൂപതകളിലും ഈ നടപടിക്രമം വിശ്വസ്തമായും ഏകീകൃതമായും പാലിക്കേണ്ടതാണ്. പലപ്പോഴും ഇതു രൂപതകൾ തമ്മിലുള്ള വിഷയമായി വരുമെന്നതിനാൽ, ഈ നടപടിക്രമങ്ങൾ രൂപതാധികാരികൾ എല്ലാ ഇടവക വികാരിമാരുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ശരിയായ രീതിയിൽ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

**2. സിവിൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷം പള്ളിയിൽ വിവാഹം നടത്തുമ്പോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന വിധം**

കുടുംബവിസ ലഭിക്കുന്നതിനായിമാത്രം, ബന്ധപ്പെട്ട രൂപതാധ്യക്ഷന്റെ മുൻകൂർ അനുമതിയോടെ ദൈവാലയത്തിൽവച്ചു വിവാഹം പരികർമംചെയ്യുന്നതിനുമുൻപ് സിവിൽ രജിസ്ട്രേഷൻ നടത്താൻ 2023 സെപ്റ്റംബർ 21ലെ മേജർ ആർച്ചുബിഷപ്പിന്റെ ഡിക്രി വഴി (Prot. No. 1007/2023) - അനുമതി നല്കിയിരുന്നു. ഇത്തരത്തിൽ ആദ്യം സിവിൽ രജിസ്ട്രേഷൻ നടത്തിയ വിവാഹങ്ങൾ പിന്നിടു പള്ളിയിൽ കൂദാശാപരമായി നടത്തുമ്പോൾ, ഇടവകയിലെ വിവാഹ രജിസ്റ്ററിൽ ഏതു തീയതിയാണ് രേഖപ്പെടുത്തേണ്ടത് (സിവിൽ രജിസ്ട്രഷൻ തീയതിയോ അതോ പള്ളിയിലെ വിവാഹത്തിന്റെ തീയതിയോ) എന്നതിനെക്കുറിച്ചു പലരും വ്യക്തത തേടുകയുണ്ടായി. ഇക്കാര്യത്തിൽ മെത്രാൻസിനഡു വ്യക്തത നല്കിയിരിക്കുന്നത് ഇനി പറയുംപ്രകാരമാണ്. ഇത്തരം എല്ലാ വിവാഹങ്ങളിലും, പള്ളിയിൽ വിവാഹം കൂദാശാപരമായി നടത്തിയ തീയതി മാത്രമാണ് വിവാഹ രജിസ്റ്ററിൽ വിവാഹതീയതിയായി രേഖപ്പെടുത്തേണ്ടത്. മുൻകൂട്ടി നടത്തിയ സിവിൽ രജിസ്ട്രേഷൻ തീയതി രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ മാത്രം രേഖപ്പെടുത്തിയാൽ മതിയാകും.

3 അതുപോലെതന്നെ, ഇടവക വികാരിമാർ വിവാഹ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ പള്ളിയിൽ കൂദാശാപരമായി നടത്തിയ വിവാഹത്തിന്റെ തീയതി മാത്രമേ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താവൂ എന്നും സിവിൽ രജിസ്ട്രേഷൻ തീയതി ഉൾപ്പെടുത്തിയുള്ള സർട്ടിഫിക്കറ്റ് നല്കാൻ പാടില്ല എന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ നടത്തുന്ന കൂദാശാപരമായ വിവാഹങ്ങളുടെ

വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് കൊടുക്കേണ്ടതുമില്ല.

സീറോമലബാർസഭയുടെ കാര്യാലയമായ
കാക്കനാട് മൗണ്ട് സെന്റ് തോമസിൽനിന്നു
മേജർ ആർച്ചുബിഷപ്പിന്റെ നിർദേശപ്രകാരം
2026 ഫെബ്രുവരി മാസം 20 നു നല്കുന്നത്.

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

# മാതൃകാഫോറം

## സീറോമലബാർ സഭ

### മനസ്സമ്മതത്തിന് മുമ്പ് വിവാഹപരസ്യം നടത്തുന്നതിനുള്ള അപേക്ഷാഫോറം

(തൃശൂർ അതിരൂപത)

തിയ്യതി...............................

..................................................................പള്ളി വികാരി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷ

| | പ്രതിശ്രുത വരൻ | പ്രതിശ്രുത വധു |
|---|---|---|
| പേര് | | |
| മാമ്മോദീസ പേര് | | |
| വീട്ടുപേര് | | |
| പിതാവ് | | |
| മാതാവ് | | |
| ഇടവക | | |
| രൂപത | | |

| | | | |
|---|---|---|---|
| നസ്സമ്മത തിയ്യതി | | വിവാഹ തിയ്യതി | |

ഞങ്ങൾ തമ്മിലുള്ള വിവാഹം നിശ്ചയിച്ചു. മനസമ്മതത്തിനും വിവാഹത്തിനുമിടയിൽ വിവാഹപരസ്യം നടത്താൻ ..............

..........................................................................................................

കാരണത്താൽ സാധിക്കാതെ വരുന്നതിനാൽ മനസമ്മതത്തിനു മുൻപു വിവാഹപരസ്യം ആരംഭിക്കാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

| | |
|---|---|
| പ്രതിശ്രുത വരൻ | പ്രതിശ്രുത വധു |
| (പേര്, ഒപ്പ്) | (പേര്, ഒപ്പ്) |
| ............................... | ............................... |
| മാതാപിതാക്കൾ / | മാതാപിതാക്കൾ / |
| രക്ഷിതാക്കൾ | രക്ഷിതാക്കൾ |
| (പേര്, ഒപ്പ്) | (പേര്, ഒപ്പ്) |
| ............................... | ............................... |
| .............................. | ............................... |

വിവാഹ പരസ്യ തിയ്യതികൾ

| | | |
|---|---|---|
| | | |

| | |
|---|---|
| ഒന്നാം വികാരി | രണ്ടാം വികാരി |
| (പേര്, ഒപ്പ്, തിയ്യതി) | (പേര് , ഒപ്പ്, തിയ്യതി) |
| .............................................................. | ............................................................ |
| .............................................................. | ............................................................ |
| പള്ളിയുടെ സീൽ | പള്ളിയുടെ സീൽ |

1.അപേക്ഷ സ്വീകരിക്കുന്ന ഒന്നാം വികാരി ഒപ്പിട്ടതിനു ശേഷം അപേക്ഷാഫോറം  രണ്ടാം വികാരി ഒപ്പിടുന്നതിനായി ഒന്നാം കക്ഷി വഴി നല്കുന്നു.

2.രണ്ടാം വികാരി അപേക്ഷാഫോറത്തിൽ ഒപ്പിട്ടു ഇടവകരേഖകകളിൽ സൂക്ഷിക്കേണ്ടതിനായി ഒരു പകർപ്പ് എടുത്തതിനുശേഷം അനുമതിയുടെ അസൽ രണ്ടാം കക്ഷി മുഖേന ഒന്നാം വികാരിക്കു നല്കേണ്ടതാണ്.

3.മനസമ്മതത്തിനുമുൻപ് ആരംഭിക്കുകയും വിവാഹത്തിനു മുൻപ് മൂന്നു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്യുന്ന വിധത്തിലാണ് വിവാഹപരസ്യത്തിനുള്ള തീയതികൾ നിശ്ചയിക്കേണ്ടത്.

Statement about ownership and particulars about
the magazine “Trichur Archdiocesan Bulletin”
(English / Malayalam ) (Form IV SEE RULE 8)

| | | |
|---|---|---|
| 1. Place of publication | : | Trichur |
| 2. Periodic of its, publication | : | Monthly |
| 3. Selling price | : | Rs.25/- |
| 4. Printer’s name | : | Dr. Francis Aloor |
| Nationality | : | Indian |
| Address | : | Editor,<br>Trichur Archdiocesan Bulletin<br>Catholic Archbishop’s House<br>East Fort, Thrissur - 680 005 |
| 5. Publisher’s name | : | As in 4 |
| 6. Editor’s name | : | As in 4 |

7. Name and addressof the individuals who own the periodical and the partners or shareholders holding more than one percent of the total capital.

Editor,
Trichur Archdiocesan Bulletin
Catholic Archbishop’s House
East Fort,Thrissur - 680 005

I, Dr. Francis Aloor, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Dr. Francis Aloor
(Publisher)

15.03.2026
Thrissur



വി. യൗസേപ്പിതാവിന്റെ
മരണതിരുനാൾ (മാർച്ച് 19)

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.02.2026
**March - 2026**





**പുതുതായി പണികഴിപ്പിച്ച് ആശീർവദിക്കപ്പെട്ട**
**തലോർ ഇടവക പള്ളിയുടെ മുഖവാരവും മദ്ബഹയും**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor